# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാവേലിക്കര മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/ജി.എ.8 - 74/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 18/03/2024
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
മാവേലിക്കര മുനിസിപ്പാലിറ്റി

സർ,

**വിഷയം : മാവേലിക്കര മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാവേലിക്കര മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസ് മുഖേന)
2.ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, ആലപ്പുഴ
3.ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ-എ.എൽ.പി/ജി.എ.8 - 74/2024 തീയ്യതി: 18/03/2024

## ആലപ്പുഴ ജില്ലയിലെ മാവേലിക്കര മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മാവേലിക്കര മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 46 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിജയകുമാർ.എസ്. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 08-01-2024 | 20-01-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-01-2024 | 20-01-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി സജിതാദാസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)

ശ്രീമതി ദീപ കെ.ഗോപാൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി രാജി എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.സുനിൽകുമാർ ജി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി പ്രീത, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.വി ശ്രീകുമാർ | ചെയർമാൻ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി.മേഘ മേരി കോശി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.നിഷ സുകുമാരൻ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 04-05-2022 |
| ശ്രീ.ജയരാജ്.ആർ | അസിസ്റ്റന്റ് എൻജിനീയർ | 05-05-2022 | 31-05-2022 |
| ശ്രീമതി.നിഷ സുകുമാരൻ | അസിസ്റ്റന്റ് എൻജിനീയർ | 01-06-2022 | 12-09-2022 |
| വേക്കന്റ് | അസിസ്റ്റന്റ് എൻജിനീയർ | 13-09-2022 | 02-10-2022 |
| ശ്രീ.ജയരാജ്.ആർ | അസിസ്റ്റന്റ് എൻജിനീയർ | 11-10-2022 | 18-11-2022 |
| വേക്കന്റ് | അസിസ്റ്റന്റ് എൻജിനീയർ | 19-11-2022 | 21-11-2022 |
| ശ്രീമതി.സിന്ധു.ഒ | അസിസ്റ്റന്റ് എൻജിനീയർ | 22-11-2022 | 31-03-2023 |
| ശ്രീമതി.ചിത്ര.ജെ | വ്യവസായ വികസന ഓഫിസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.മേഴ്സി കെ.വൈ | ഹെൽത്ത് ഓഫിസർ | 01-04-2022 | 31-03-2023 |
| ഡോ.ജിതേഷ് | മെഡിക്കൽ ഓഫിസർ(അലോപ്പതി) | 01-04-2022 | 31-03-2023 |
| ഡോ.റംല കെ | മെഡിക്കൽ ഓഫിസർ(ആയുർവേദം) | 01-04-2022 | 04-04-2022 |
| ഡോ.നസീർ പി എസ് | മെഡിക്കൽ ഓഫിസർ(ആയുർവേദം) | 05-04-2022 | 29-04-2022 |
| ഡോ.റംല കെ | മെഡിക്കൽ ഓഫിസർ(ആയുർവേദം) | 30-04-2022 | 27-07-2022 |
| ഡോ.നസീർ പി എസ് | മെഡിക്കൽ ഓഫിസർ(ആയുർവേദം) | 28-07-2022 | 19-12-2022 |
| ഡോ.മനോജ് എസ് | മെഡിക്കൽ ഓഫിസർ(ആയുർവേദം) | 20-12-2022 | 04-01-2023 |
| ഡോ.ബിന്ദു.വി | മെഡിക്കൽ ഓഫിസർ(ആയുർവേദം) | 05-01-2023 | 31-03-2023 |
| ശ്രീ.മനോജ്.ആർ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.പ്രിയ ശിവറാം | സീനിയർ വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ.പ്രമോദ്.എ.എസ്സ് | ഹെൽത്ത് സൂപ്പർവൈസർ | 01-04-2022 | 31-08-2022 |
| വേക്കന്റ് | ഹെൽത്ത് സൂപ്പർവൈസർ | 01-09-2022 | 18-09-2022 |
| ശ്രീ.സതീഷ് കുമാർ ജി | ഹെൽത്ത് സൂപ്പർവൈസർ | 19-09-2022 | 15-11-2022 |
| ശ്രീ.സുരേഷ് ജി എസ്സ് | ഹെൽത്ത് സൂപ്പർവൈസർ | 16-11-2022 | 31-03-2023 |
| ശ്രീമതി.മോനി ഫിലിപ്പ് | ഐ സി ഡി എസ്സ് സൂപ്പർവൈസർ | 01-04-2022 | 05-01-2023 |
| വേക്കന്റ് | ഐ സി ഡി എസ്സ് സൂപ്പർവൈസർ | 06-01-2023 | 18-01-2023 |
| ശ്രീമതി.ഷൈന സദാശിവൻ | ഐ സി ഡി എസ്സ് സൂപ്പർവൈസർ | 19-01-2023 | 31-03-2023 |
| ശ്രീമതി.സന്ധ്യ.എസ്. | അസിസ്റ്റന്റ് എൻജിനീയർ | 03-10-2022 | 10-10-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വരവിനങ്ങളുടെ ഡി.സി.ബി തയ്യാറാക്കി സൂക്ഷിക്കുന്നില്ല | 1-1-1 |
| 3 | വിവിധ ഉദ്ദേശ്യങ്ങൾക്കുള്ള ഫണ്ടുകളുടെ എ.സി.ആർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല | 1-1-2 |
| 4 | നഗരസഭ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല | 1-1-3 |
| 5 | Other Receivables – രേഖകൾ ലഭ്യമല്ല | 1-1-4 |
| 6 | ലോൺ രജിസ്റ്റർ പരിപാലിക്കുന്നില്ല | 1-1-5 |
| 7 | ഫെസ്റ്റിവൽ അഡ്വാൻസ് ക്രമീകരിച്ചില്ല | 1-1-6 |
| 8 | ലൈബ്രറി സെസ് അക്കൗണ്ട് - പൊരുത്തപ്പെടുത്തൽ നടത്തി സൂക്ഷിച്ചിട്ടില്ല | 1-1-7 |
| 9 | തനത് ഫണ്ട് അക്കൗണ്ട് - കാലാവധി കഴിഞ്ഞ ചെക്കുകൾ ക്രമീകരിച്ചിട്ടില്ല | 1-1-8 |
| 10 | റെന്റ് ഡെപ്പോസിറ്റ് രജിസ്റ്റർ -വരവ്-ചെലവ് കണക്കുകൾ ലഭ്യമല്ല | 1-1-9 |
| 11 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - സാംഖ്യ- ക്യാഷ് ബുക്ക് ചെലവ് കണക്കുകൾ പൊരുത്തമില്ല | 1-1-10 |
| 12 | CFC കണക്കിൽ കൃത്യതയില്ല | 1-1-11 |
| 13 | പാർട്ട് ബില്ലായി നൽകുന്ന തുകകൾ Capital Work In Progress എന്ന ഹെഡിലേക്ക് മാറ്റിയില്ല | 1-1-12 |
| 14 | SBT SAND അക്കൗണ്ട് - വർഷാന്ത്യ ബാലൻസ് പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-14 |
| 16 | ഡെപ്പോസിറ്റ്, അഡ്വാൻസ് തുകകളുടെ വിശദാംശങ്ങൾ ഹാജരാക്കിയില്ല | 1-1-15 |
| 17 | വാർദ്ധക്യകാല പെൻഷൻ കണക്കിൽ I-6, I-14 ഷെഡ്യൂളുകളിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-16 |
| 18 | സാമൂഹ്യ സുരക്ഷ പെൻഷൻ– സേവനയിൽ നിന്നുള്ള വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-17 |
| 19 | ബജറ്റ് | 1-2 |
| 20 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 21 | ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരമുള്ള എല്ലാ വരവും ചെലവും) | 1-4 |
| 22 | പദ്ധതി അവലോകനം | 1-5 |
| 23 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-6 |
| 24 | ക്ഷേമ പദ്ധതികൾ | 1-7 |
| 25 | ക്യാഷ് വെരിഫിക്കേഷൻ പരിശോധനാ സാക്ഷ്യപത്രം | 1-8 |
| 26 | അഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 27 | വിഭവസമാഹരണത്തിന്റെ കാര്യക്ഷമത – ലഘു അവലോകനം | 1-10 |
| 28 | നഗരസഭയുടെ സാമ്പത്തികനില തൃപ്തികരമല്ല - റവന്യൂ കമ്മി 2.25 കോടി രൂപ | 1-11 |
| 29 | നികുതി-നികുതിയേതര വരവ് സംബന്ധമായ അപാകതകൾ | 1-12 |
| 30 | വസ്തുനികുതി - 250 ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങളെ മേൽത്തരം തറനിർമ്മിതിയ്ക്കനുസൃതമായി നികുതി ചുമത്തിയില്ല | 1-13 |
| 31 | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി യഥാസമയം ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല, ഡി.സി.ബി തയ്യാറാക്കിയില്ല | 1-14 |
| 32 | ലേലം സംബന്ധമായ അപാകതകൾ | 1-15 |
| 33 | വാടക സംബന്ധമായ അപാകതകൾ | 1-16 |
| 34 | മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ അക്കൗണ്ട് - വിശദാംശം ഹാജരാക്കിയില്ല | 1-17 |
| 35 | പെൻഷൻ സസ്പെൻഡ് ചെയ്തിട്ടും വിതരണം ചെയ്യാത്ത തുകകൾ സൊസൈറ്റിയിൽ | 1-18 |

| | | |
|---|---|---|
| | അവശേഷിക്കുന്നു | |
| 36 | സാമൂഹ്യ ക്ഷേമ പെൻഷൻ - മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകി | 1-19 |
| 37 | 14 മാനുവൽ രസീത് ബുക്കുകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല | 1-20 |
| 38 | പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം - ഉത്തരവിന് വിരുദ്ധമായി അധികം തുക അനുവദിച്ചു | 1-21 |
| 39 | ഹരിതകർമ്മസേനക്ക് ഇലക്ട്രിക്ക് വാഹനം വാങ്ങൽ - ഗുണനിലവാരമില്ലാത്ത വാഹനം വാങ്ങി പദ്ധതിപ്പണം പാഴാക്കി | 1-22 |
| 40 | ശുചീകരണ ആവശ്യത്തിന് വാഹനം വാങ്ങൽ - ടെന്ററിൽ ക്വാട്ട് ചെയ്തതിലും അധികം തുക ചെലവഴിച്ചു | 1-23 |
| 41 | വാഹനങ്ങളുടെ പരിപാലനം കാര്യക്ഷമമല്ല | 1-24 |
| 42 | ഷ്രഡഡ് പ്ലാസ്റ്റിക് - അക്കൗണ്ടിന്റെ വിശദാംശം ലഭ്യമാക്കിയില്ല | 1-25 |
| 43 | നടപടിക്രമങ്ങൾ പാലിക്കാതെ അവധി അനുവദിച്ചു | 1-26 |
| 44 | റവന്യൂ റിക്കവറി -കൺസ്യൂമർ നമ്പറിൽ വ്യക്തത വരുത്താതെ തുക ചെലവഴിച്ചു | 1-27 |
| 45 | അതിദരിദ്രർക്ക് വേണ്ടിയുള്ള മൈക്രോ പ്ലാൻ - ഭക്ഷ്യകിറ്റ് വിതരണത്തിൽ അപാകത | 1-28 |
| 46 | സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് വികസനഫണ്ട് (സാധാരണവിഹിതം) വിനിയോഗിച്ച് നഗരസഭാ ലൈബ്രറിയ്ക്ക് ആനുകാലികങ്ങൾ വാങ്ങി | 1-29 |
| 47 | അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ ഗുരുതര ക്രമക്കേടുകൾ - വിശദമായ അന്വേഷണം ആവശ്യം | 1-30 |
| 48 | ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങൽ - പ്രോജക്ട് നിർവ്വഹണത്തിൽ അപാകത | 1-31 |
| 49 | എൽ.ഇ.ഡി. ലൈറ്റ് സ്ഥാപിയ്ക്കൽ - ചെലവിനെ സാധൂകരിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-32 |
| 50 | തെരുവ് വിളക്കുകൾ സ്ഥാപിക്കലും അറ്റകുറ്റപ്പണിയും - അധിക നിരക്കിൽ ഫിറ്റിംഗ് ചാർജ്ജ് നല്കി, മെയിന്റനൻസ് നടത്തിയതിന്റെ രേഖകൾ ഇല്ല | 1-33 |
| 51 | ശാരീരിക-മാനസിക വൈകല്യബാധിതർക്ക് സ്കോളർഷിപ്പ്-അനുവദനീയമായ തുക പൂർണ്ണമായും വിതരണം ചെയ്യപ്പെടുന്നില്ല | 1-34 |
| 52 | കോക്ലിയാർ ഇംപ്ലാന്റേഷൻ–മെയിന്റനൻസ്-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-35 |
| 53 | മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളിലെ അപാകതകൾ | 1-36 |
| 54 | തുക ഒടുക്കിയിട്ടും മരുന്നും അനുബന്ധ സാമഗ്രികളും യഥാസമയം ലഭ്യമായില്ല | 1-37 |
| 55 | പാലിയേറ്റീവ് കെയർ പ്രോജക്ട് - മരുന്നുകൾ യഥാസമയം ലഭ്യമായിട്ടില്ല, ഹോംകെയർ വിസിറ്റിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 1-38 |
| 56 | വെള്ളക്കരമിനത്തിൽ കോടികളുടെ കുടിശ്ശിക –അടിയന്തിര നടപടികൾ അനിവാര്യം | 1-39 |
| 57 | കുട്ടികളുടെ പാർക്ക് നവീകരണം - വാല്യൂവേഷൻ സർട്ടിഫിക്കറ്റിൽ അധികരിച്ച് തുക ചെലവഴിച്ചു, കാലതാമസത്തിന് കോമ്പൻസേഷൻ ഈടാക്കിയില്ല | 1-40 |
| 58 | വനിതാ വിപണന കേന്ദ്രം നിർമ്മാണവും ടോയ്‌ലറ്റ് നിർമ്മാണവും - കെട്ടിടം പ്രവർത്തനക്ഷമമാക്കിയില്ല, കോമ്പൻസേഷൻ ഈടാക്കിയതിൽ കുറവ് | 1-41 |
| 59 | ടാർവീപ്പയുടെ വില ഈടാക്കിയില്ല | 1-42 |
| 60 | നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-43 |
| 61 | ഇലക്ട്രിക്ക് ലൈൻ ദീർഘിപ്പിയ്ക്കൽ - പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല | 1-43-1 |
| 62 | പൈപ്പ്‌ലൈൻ എക്സ്റ്റൻഷൻ - വിനിയോഗവിവരങ്ങൾ ലഭ്യമല്ല | 1- 43-2 |
| 63 | എസ്.എസ്.കെ. - വിനിയോഗവിവരങ്ങൾ ലഭ്യമല്ല | 1-44 |
| 64 | തുല്യതാ പരിക്ഷകൾ - പഠിതാക്കളുടെ രജിസ്ട്രേഷൻ രേഖകൾ, പരീക്ഷയിൽ പങ്കെടുത്തിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയില്ല | 1-45 |
| 65 | അഗതി ആശ്രയ – തുക ചെലവഴിക്കാതെ നിഷ്ക്രിയമായി ആശ്രയ അക്കൌണ്ടിൽ സൂക്ഷിക്കുന്നു | 1-46 |
| 66 | ദാരിദ്ര്യ നിർമ്മാർജ്ജനസെൽ പ്രോജക്ട് ഓഫീസർ 3 പദ്ധതികളുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-47 |

| | | |
|---|---|---|
| 67 | ഹെൽത്ത് ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-47-1 |
| 68 | അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ 10 പ്രോജക്ടുകളുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-47-2 |
| 69 | പി.എം.എ.വൈ. - ഭവനനിർമ്മാണ പദ്ധതി - തുക കൈപ്പറ്റിയ ശേഷം നിർമ്മാണം പൂർത്തിയാക്കിയില്ല | 1-48 |
| 70 | ലക്ഷങ്ങൾ ചെലവഴിച്ച് കെട്ടിടം നിർമ്മിച്ചെങ്കിലും ആധുനിക അറവ് ശാല യാഥാർത്ഥ്യമായില്ല | 1-49 |
| 71 | ആസ്തി സംരക്ഷണ പദ്ധതികളുടെ അഭാവം മൂലം ആസ്തികൾ നശിക്കുന്നു | 1-50 |
| 72 | മറ്റ് സ്ഥാപനങ്ങളിലേയ്ക്കുള്ള തുക യഥാസമയം അടവാക്കിയില്ല, നഗരസഭയ്ക്ക് കോടികളുടെ ബാദ്ധ്യത നിലനിൽക്കുന്നു | 1-51 |
| ഭാഗം **2** | | |
| 1 | വസ്തുനികുതി - 250 ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങളെ മേൽത്തരംതറ നിർമ്മിതിയ്ക്കനുസൃതമായി നികുതി ചുമത്തിയില്ല | 2-1 |
| ഭാഗം **3** | | |
| 1 | പട്ടികജാതി പെൺകുട്ടികളുടെ വിവാഹ ധനസഹായം - ഉത്തരവിന് വിരുദ്ധമായി അധികം തുക അനുവദിച്ചു | 3-1 |
| 2 | ഹരിതകർമ്മസേനക്ക് ഇലക്ട്രിക്ക് വാഹനം വാങ്ങൽ - ഗുണനിലവാരമില്ലാത്ത വാഹനം വാങ്ങി പദ്ധതിപ്പണം പാഴാക്കി | 3-2 |
| 3 | ശുചീകരണ ആവശ്യത്തിന് വാഹനം വാങ്ങൽ - ടെന്ററിൽ ക്വാട്ട് ചെയ്തതിലും അധികം തുക ചെലവഴിച്ചു | 3-3 |
| 4 | അതിദരിദ്രർക്ക് വേണ്ടിയുള്ള മൈക്രോ പ്ലാൻ - ഭക്ഷ്യകിറ്റ് വിതരണത്തിൽ  അപാകത | 3-4 |
| 5 | ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങൽ - പ്രോജക്ട് നിർവ്വഹണത്തിൽ അപാകത | 3-5 |
| 6 | തെരുവ് വിളക്കുകളുടെ മെയിന്റനൻസ് - കരാറുകാരൻ പ്രവർത്തി നടത്തിയതിനെ സാധൂകരിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല | 3-6 |
| 7 | കുട്ടികളുടെ പാർക്ക് നവീകരണം - വാല്യൂവേഷൻ സർട്ടിഫിക്കറ്റിൽ അധികരിച്ച് തുക ചെലവഴിച്ചു | 3-7 |
| 8 | വനിതാ വിപണന കേന്ദ്രം നിർമ്മാണവും ടോയിലറ്റ് നിർമ്മാണവും - കെട്ടിടം പ്രവർത്തനക്ഷമമാക്കിയില്ല | 3-8 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ /വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. മാവേലിക്കര നഗരസഭയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 07.07.2023 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 13.07.2023 ൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൌണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷികധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൌണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടേയും, സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മാവേലിക്കര നഗരസഭയുടെ 2022-23 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2023-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023-ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ആലപ്പുഴ
18.03.2024

**1-1-1 വരവിനങ്ങളുടെ ഡി.സി.ബി തയ്യാറാക്കി സൂക്ഷിക്കുന്നില്ല**

വസ്തുനികുതി, തൊഴിൽനികുതി (Traders/Institutions/Employees), ലൈസൻസ്, വാടക, ലേലം എന്നിവയുടെ ഡി.സി.ബി തയ്യാറാക്കിയിട്ടില്ല. വാർഷിക കണക്ക് പ്രകാരം തൊഴിൽനികുതി (Traders) കുടിശ്ശിക ഇനത്തിൽ 3.66 ലക്ഷം രൂപ വരവുണ്ടെങ്കിലും അരിയർ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈയിനത്തിൽ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

**1-1-2 വിവിധ ഉദ്ദേശ്യങ്ങൾക്കുള്ള ഫണ്ടുകളുടെ എ.സി.ആർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല**

B-4 ഷെഡ്യൂളിൽ ഉൾപ്പെട്ട വിവിധ ഉദ്ദേശ്യങ്ങൾക്കുള്ള ഫണ്ടുകളുടെ എ.സി.ആർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. എ.സി.ആറിന്റെ അഭാവത്തിൽ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടുള്ള തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. ബെനിഫിഷറി കോൺട്രിബ്യൂഷൻ ലഡ്ജർ പരിശോധിച്ചതിൽ മുൻ വർഷത്തെ തുക ഉൾപ്പെടെ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

**1-1-3 നഗരസഭ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല**

നഗരസഭയുടെ ആസ്തികൾ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്ററിൽ ചേർത്ത് കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയ വർക്ക് ഷീറ്റും തുകയുടെ കൃത്യതയും വിശദീകരിക്കപ്പെട്ടിട്ടില്ല.

**1-1-4 Other Receivables – രേഖകൾ ലഭ്യമല്ല**

B-15 ഷെഡ്യൂൾ പ്രകാരം Other Receivables (Current), Other Receivables (Arrear) ഇനങ്ങളിലായി 7.39 കോടി രൂപ പെൻഷൻ ഫണ്ട് ഇനത്തിൽ സർക്കാരിൽ നിന്ന് ലഭിക്കാൻ അവശേഷിക്കുന്നതായി അറിയിച്ചു. എന്നാൽ ടി തുകയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമല്ല.

**1-1-5 ലോൺ രജിസ്റ്റർ പരിപാലിക്കുന്നില്ല**

Secured Loan ഇനത്തിൽ B-5 ഷെഡ്യൂൾ പ്രകാരം 64,93,332/- രൂപ ബാദ്ധ്യത നിലനിൽക്കുന്നുണ്ടെങ്കിലും B-16 ൽ Prepaid Expense ആയി തുകയൊന്നും കാണിച്ചിട്ടില്ല. ലോൺ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

**1-1-6 ഫെസ്റ്റിവൽ അഡ്വാൻസ് ക്രമീകരിച്ചില്ല**

കാലാവധി കഴിഞ്ഞിട്ടും ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 31,000/-രൂപ B-18 ഷെഡ്യൂളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നു. അഡ്വാൻസ് രജിസ്റ്ററിൽ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഇതേ ഷെഡ്യൂളിൽ അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസീസ് എന്ന ഹെഡിൽ 2015 ൽ ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ് ആയി കെ.എസ്.ഇ.ബി യ്ക്ക് നൽകിയ 4,43,185/- രൂപയും ക്രമീകരിച്ചിട്ടില്ല. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമല്ല.

**1-1-7 ലൈബ്രറി സെസ് അക്കൗണ്ട് – പൊരുത്തപ്പെടുത്തൽ നടത്തി സൂക്ഷിച്ചിട്ടില്ല**

ലൈബ്രറി സെസ്സുമായി ബന്ധപ്പെട്ടുള്ള IDBI (A/C No.76030) അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് പ്രകാരം 4,28,466/- രൂപയും പാസ് ബുക്ക് പ്രകാരം 4,54,890/- രൂപയുമാണ് നീക്കിയിരുപ്പ്. ബാങ്ക് ബുക്കും പാസ് ബുക്കും തമ്മിൽ 26,424/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നുണ്ടെങ്കിലും പൊരുത്തപ്പെടുത്തൽ (Reconciliation) നടത്തി സൂക്ഷിച്ചിട്ടില്ല. പലിശ ഇനത്തിൽ ലഭിച്ച തുക രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും തുടർ വർഷം അപാകത പരിഹരിക്കുമെന്നും അറിയിച്ചു.

**1-1-8 തനത് ഫണ്ട് അക്കൗണ്ട് – കാലാവധി കഴിഞ്ഞ ചെക്കുകൾ ക്രമീകരിച്ചിട്ടില്ല**

തനത് ഫണ്ട് അക്കൗണ്ടായ ഐ.ഡി.ബി.ഐ (A/C No. 61056) അക്കൗണ്ട് പൊരുത്തപ്പെടുത്തൽ നടത്തിയിട്ടുണ്ടെങ്കിലും കാലാവധി കഴിഞ്ഞ നിരവധി ചെക്കുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(I)Cheque Deposited But Not Cleared By Bank

| ചെക്ക് നമ്പർ, തീയതി | തുക |
|---|---|
| 8463732/9.10.2018 | 6,250 |
| 5618068/27.02.2020 | 3,750 |
| 173106/14.10.2022 | 28,000 |
| 173109/14.10.2022 | 16,627 |
| ആകെ | 54,627/- |

(Ii)Cheque Issued But Not Presented Into Bank

| ചെക്ക് നമ്പർ, തീയതി | തുക |
|---|---|
| 150469/20.10.2021 | 1,860 |
| 173106/14.10.2022 | 28,000 |
| 173109/14.10.2022 | 16,627 |
| 174193/2.12.2022 | 19,375 |
| ആകെ | 65,862/-* |

*കാലാവധി കഴിഞ്ഞ ടി തുക 'Liability In Respect Of Stale Cheque' എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

### 1-1-9 റെന്റ് ഡെപ്പോസിറ്റ് രജിസ്റ്റർ -വരവ്-ചെലവ് കണക്കുകൾ ലഭ്യമല്ല

റെന്റ് ഡെപ്പോസിറ്റ് ഇനത്തിൽ വരവായി (-)43,007/- രൂപയും ചെലവായി 97,540/- രൂപയും റസീപ്റ്റ് & പേയ്മെന്റിൽ (RP 27) കാണിച്ചിട്ടുണ്ടെങ്കിലും റെന്റ് ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഓഡിറ്റ് വർഷം വരവും ചെലവും രേഖപ്പെടുത്തിയതായി കാണുന്നില്ല. തന്മൂലം ആയതിന്റെ കൃത്യത പരിശോധിച്ചുറപ്പാക്കാനായിട്ടില്ല.

### 1-1-10 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - സാംഖ്യ- ക്യാഷ് ബുക്ക് ചെലവ് കണക്കുകൾ പൊരുത്തമില്ല

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ചെലവ്, വാർഷിക ധനകാര്യ പത്രികയും ക്യാഷ് ബുക്കും തമ്മിൽ പൊരുത്തമില്ല. ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂൾ I-14 പ്രകാരം പോവർട്ടി അലിവിയേഷൻ ചെലവ് 40,35,071/- രൂപയും ക്യാഷ് ബുക്ക് പ്രകാരം ചെലവ് 40,53,071/- രൂപയുമാണ്. ശമ്പളത്തിൽ നിന്നും കുറവ് ചെയ്ത ഇ.പി.എഫ് വിഹിതം സാംഖ്യയിൽ രേഖപ്പെടുത്താൻ വിട്ടുപോയതാണ് 18,000/- രൂപയുടെ വ്യത്യാസത്തിനിടയാക്കിയത്.

### 1-1-11 CFC കണക്കിൽ കൃത്യതയില്ല

CFC(Untied) ഇനത്തിൽ എ.സി.ആർ ൽ നെഗറ്റീവ് ബാലൻസ് {(-)1484271/-} നിലനിൽക്കുന്നു. പെർഫോമൻസ് ഗ്രാന്റ് ഇനത്തിലും (CFC Tied Treasury) സി.എഫ്.സി (Untied) ഇനത്തിലും ട്രഷറിയിൽ വന്ന തുകയുടേയും ചെലവഴിച്ച തുകയുടേയും കണക്ക് സ്ഥാപനം സൂക്ഷിച്ചിട്ടില്ല.

### 1-1-12 പാർട്ട് ബില്ലായി നൽകുന്ന തുകകൾ Capital Work In Progress എന്ന ഹെഡിലേക്ക് മാറ്റിയില്ല

പാർട്ട് ബില്ലായി നൽകുന്ന തുകകൾ Capital Work In Progress എന്ന ഹെഡിലേക്ക് മാറ്റുന്നതിന് പകരം

ആസ്തി ഹെഡിലേക്കാണ് മാറ്റിയിട്ടുള്ളത്.

**1-1-13 SBT SAND അക്കൗണ്ട് - വർഷാന്ത്യ ബാലൻസ് പൊരുത്തപ്പെടുന്നില്ല**

SBT SAND അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം 31.3.2023-ലെ ബാലൻസ് 2,60,126/- രൂപയാണ്. എന്നാൽ RP 40(b) പ്രകാരം ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നത് 74,135/- രൂപയാണ്. ഓഡിറ്റ് വർഷം നടത്തിയ ബാങ്ക് ഇടപാടുകൾ സാംഖ്യയിൽ രേഖപ്പെടുത്താൻ വിട്ടുപോയതാണ് ഈ വ്യത്യാസത്തിന് കാരണമെന്ന് അറിയിച്ചു.

**1-1-14 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല**

വസ്തു നികുതി, വാടക, ലൈസൻസ്, കച്ചവടക്കാരുടെ തൊഴിൽ നികുതി തുടങ്ങി അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രി വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും രേഖപ്പെടുത്തിയിട്ടില്ല.

**1-1-15 ഡെപ്പോസിറ്റ്, അഡ്വാൻസ് തുകകളുടെ വിശദാംശങ്ങൾ ഹാജരാക്കിയില്ല**

വിവിധ ഇനങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ (ഉദാ.S.D, EMD, Retention) നിർവഹണത്തിനായി വിവിധ ഏജൻസികൾക്ക് നൽകിയ അഡ്വാൻസ് (ഉദാ.KSEB, Water Authority..) എന്നിവയുടെ വിശദാശങ്ങൾ രജിസ്റ്ററിൽ തയ്യാറാക്കി സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈയിനങ്ങളിൽ B-18 ഷെഡ്യൂളിൽ ഉൾപ്പെട്ട തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

**1-1-16 വാർദ്ധക്യകാല പെൻഷൻ കണക്കിൽ I-6, I-14 ഷെഡ്യൂളുകളിലെ തുകകൾ പൊരുത്തപ്പെടുന്നില്ല**

വാർദ്ധക്യകാല പെൻഷൻ ഇനത്തിൽ I-6 ൽ 2,43,12,300/- രൂപയും എന്നാൽ I-14 ൽ 2,43,14,100/- രൂപയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 74,600/- രൂപയുടെ പേയ്മെന്റ് I-14 ൽ 76,400/- എന്ന് തെറ്റായി രേഖപ്പെടുത്തിയതാണ് 1,800/- രൂപയുടെ വ്യത്യാസത്തിന് കാരണമായത്.

**1-1-17 സാമൂഹ്യ സുരക്ഷ പെൻഷൻ- സേവനയിൽ നിന്നുള്ള വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല**

വിവിധ സാമൂഹ്യ സുരക്ഷ പെൻഷൻ ഇനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള തുകകളും സേവന പെൻഷൻ പോർട്ടലിൽ നിന്നും ലഭ്യമാക്കിയ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | വാർഷിക കണക്ക് പ്രകാരമുള്ള തുക (I-14) | സേവന പെൻഷൻ പോർട്ടലിൽ നിന്നുള്ള തുക |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 19,22,600 | 2,82,200 |
| 2 | വിധവ പെൻഷൻ | 91,67,600 | 12,46,600 |
| 3 | അവിവാഹിത പെൻഷൻ | 6,03,000 | 83,400 |
| 4 | വികലാംഗ പെൻഷൻ | 25,01,600 | 3,46,400 |
| 5 | വാർദ്ധക്യകാല | 2,43,14,100 | 33,58,000 |

| | | | |
|---|---|---|---|
| | പെൻഷൻ | | |

വ്യത്യാസം വിശദീകരിച്ചിട്ടില്ല.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 30.03.2022 ലെ I(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 44,52,19,955/- | 42,50,99,881/- |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | 19,01,38,407/- | 19,23,30,358/- |

ബജറ്റ് പ്രകാരമുള്ള വരവും യഥാർത്ഥ വരവും തമ്മിൽ 25.50 കോടി രൂപയുടേയും ബജറ്റ് പ്രകാരമുള്ള ചെലവും യഥാർത്ഥ ചെലവും തമ്മിൽ 23 കോടി രൂപയുടേയും അന്തരമാണുള്ളത്. ബജറ്റ് പ്രകാരമുള്ള വരവ്-ചെലവുകൾ പെരുപ്പിച്ച് കാണിച്ചിരിക്കുന്നു. ബഡ്ജറ്റ് രൂപീകരിക്കുന്നതിനായി വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഘടകസ്ഥാപന മേധാവികളുടെ ഒരു യോഗം സെക്രട്ടറി വിളിച്ചുചേർക്കുകയോ, സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യകമ്മറ്റിക്ക് സമർപ്പിച്ചതായോ കാണുന്നില്ല. ശരിയായ നടപടിക്രമങ്ങളിലൂടെയല്ലാതെ ബജറ്റ് രൂപീകരിക്കുന്നതിനാലാണ് യഥാർത്ഥ വരവുചെലവു കണക്കുകളുമായി കോടിക്കണക്കിന് രൂപയുടെ അന്തരം വന്നിട്ടുള്ളത്.

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ബന്ധപ്പെട്ട് ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന പ്രതിമാസ അവലോകനവും നടത്തിയതായി രേഖപ്പെടുത്തലില്ല. ബജറ്റ് മാനുവൽ ചട്ടം 3.1.4, ചട്ടം 3.1.5 പ്രകാരം യഥാക്രമം പെർഫോമൻസ് ബജറ്റ്, ജന്റർ ബജറ്റ് എന്നിവ തയ്യാറാക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. നടപടിക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്ഥിരംസമിതി ശ്രദ്ധിക്കേണ്ടതാണ്.

31.03.2023-ലെ I(1)-ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5,74,22,744.94 |
| വരവ് | 15,97,69,259 |
| ആകെ | 21,71,92,003.94 |
| ചെലവ് | 15,26,13,067 |
| നീക്കിയിരിപ്പ് | 6,45,78,936.94 |

## 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരമുള്ള എല്ലാ വരവും ചെലവും)

| ഫണ്ടിനം | മുന്നിരുപ്പ് | അലോട്ട്മെന്റ് വരവ് | ആകെ | സോഴ്സ് ഡിഡക്ഷൻ | സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെയുള്ള ആകെ ചെലവ് (I-6+C.C) | ലാപ്സായ തുക/ ബാങ്ക് |
|---|---|---|---|---|---|---|
| വികസന ഫണ്ട്- പൊതുവിഭാഗം | 0 | 2,52,65,000 | 2,52,65,000 | 18,93,068 | 2,10,40,024 | 42,24,976 |
| വികസന ഫണ്ട്- എസ്.സി.പി | 0 | 1,49,29,000 | 1,49,29,000 | - | 1,15,76,664 | 33,52,336 |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 0 | 1,29,66,000 | 1,29,66,000 | - | 93,66,060 | 35,99,940 |
| സംരക്ഷണ ഗ്രാന്റ്-നോൺ റോഡ് | 0 | 1,11,09,000 | 1,11,09,000 | - | 85,81,650 | 25,27,350 |
| സി.എഫ്.സി -ടൈഡ് (ബാങ്ക്) | 93,37,500 | 56,73,000 | 1,50,10,500 | - | 53,29,679 | 96,80,821 (ബാങ്ക്) |
| സി.എഫ്.സി -ടൈഡ് (ട്രഷറി) | 0 | 49,71,549 | 49,71,549 | - | 26,52,729 | 23,18,820 (ലാപ്സ്) |
| സി.എഫ്.സി -അൺ ടൈഡ് (ബാങ്ക്) | 44,89,081 | 37,82,000 | 82,71,081 | - | 58,11,424 | 24,59,657 (ബാങ്ക്) |
| സി.എഫ്.സി -അൺ ടൈഡ് (ട്രഷറി) | 0 | 16,76,343 | 16,76,343 | - | 9,44,245 | 7,32,098 (ലാപ്സ്) |

വികസനഫണ്ടിന്റെ പൊതുവിഭാഗം വിഹിതത്തിൽ നിന്ന് 18,93,068/-രൂപ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിനുശേഷമാണ് നഗരസഭയ്ക്ക് ലഭിച്ചത്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. കൂടാതെ ജി.ഒ(ആർ.ടി)1049/2023/ധന./13.02.2023 പ്രകാരം വികസന ഫണ്ട് (ജനറൽ) ഇനത്തിലും എസ്.സി.പി ഗ്രാന്റിനത്തിലും ലഭിച്ച അവസാന അലോട്ട്മെന്റുകളിലെ അവസാന ഇൻസ്റ്റാൾമെന്റ് 31.03.2023-ൽ മാത്രമാണ് അനുവദിക്കപ്പെട്ടത്. 31.03.2023-ൽ സൈറ്റ് ലോക്ക് ആയിരുന്നതിനാൽ അവസാന ഇൻസ്റ്റാൾമെന്റ് എ.സി.ആർ ൽ വരവായി ഉൾപ്പെടുത്താനായിട്ടില്ല. ഇപ്രകാരം വികസന ഫണ്ട് (ജനറൽ) ഇനത്തിൽ 16,58,833/- രൂപയും വികസന ഫണ്ട് (എസ്.സി.പി) ഇനത്തിൽ 26,49,955/- രൂപയും

എ.സി.ആറിലെ വരവിൽ ഉൾപ്പെട്ടിട്ടില്ല. സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടുള്ള ജി.ഒ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക | ഫണ്ടിനം |
|---|---|---|---|
| 1 | പി.എം.എ.വൈ വായ്പ തിരിച്ചടവ് | 6,66,668 | വികസന ഫണ്ട് (പൊതുവിഭാഗം) |
| 2 | അങ്കണവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക | 12,26,400 | വികസന ഫണ്ട് (പൊതുവിഭാഗം) |
| | ആകെ | 18,93,068 | |

ഇവ കൂടാതെ 1-1-1 മുതൽ 1-1-19 വരെയുള്ള ഖണ്ഡികകളിൽ പരാമർശിച്ച അപാകതകൾ നിലനിൽക്കെയാണ് ഖണ്ഡിക 1 ആയിട്ടുള്ള സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 168 | 12,02,78,219 | 112 | 6,75,95,838 | 9 | 47 | 72% |

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 11,77,322 | 30,00,000 പലിശ -4215 | 41,81,537 | 41,76,768(*) | 4769 |

(*)ട്രഷറിയിൽ ബിംസ് മുഖേന ബിൽ സമർപ്പിച്ചിരുന്നെങ്കിലും 1,23,697/- രൂപയുടെ ബിൽ യഥാസമയം പാസായില്ല. ആയതിനാൽ യഥാർത്ഥ ചെലവായ 40,53,071/- രൂപയോടൊപ്പം 1,23,697/- രൂപ കൂടി ചേർത്ത തുകയാണ് (41,76,768/-) ചെലവായി കാണിച്ചിട്ടുള്ളത്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 35,640 | 27 |
| കർഷകതൊഴിലാളി പെൻഷൻ | 19,22,600 | 172 |

| | | |
|---|---|---|
| വിധവാ പെൻഷൻ | 91,67,600 | 839 |
| വാർദ്ധക്യകാല പെൻഷൻ | 2,43,14,100 | 2268 |
| വികലാംഗ പെൻഷൻ | 25,01,600 | 229 |
| അവിവാഹിത പെൻഷൻ | 6,03,000 | 56 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 3,00,000 | 10 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ പരിശോധനാ സാക്ഷ്യപത്രം

മാവേലിക്കര നഗരസഭയുടെ 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.01.2024-ൽ 03.00 പി.എം.ന് സ്ഥാപന തലവനായ സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 22,417/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 അഭ്യന്തര നിയന്ത്രണ സംവിധാനം

നഗരസഭയുടെ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലവിൽ കാര്യക്ഷമമല്ല. പല മേഖലകളിലും ഇത് പ്രകടമാണ്. ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. സാംഖ്യാ സോഫ്റ്റ്‌വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. ആസ്തി രജിസ്റ്ററിൽ ഭൂമി ഉൾപ്പെടെയുള്ള പല ആസ്തികളുടേയും വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ല.

2)കൗൺസിൽ മീറ്റിംഗുകളുടെ മിനിട്സ് സകർമ്മ സോഫ്റ്റ്‌വെയർ മുഖാന്തിരമായിരിക്കണമെന്ന സർക്കാർ നിർദ്ദേശം നഗരസഭയിൽ പൂർണ്ണമായും പാലിക്കുന്നില്ല. ഡിസംബർ 2023 മുതലുള്ള കൗൺസിൽ വിശദാംശങ്ങൾ സകർമ്മയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സുകൾ ഇതേ വരെയും സകർമ മുഖേന ആക്കിയിട്ടില്ല.

3)ഓഫീസ് ഓർഡർ രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കുന്നില്ല. ഓഫീസ് ഓർഡർ തയ്യാറാക്കി ജീവനക്കാർക്ക് ജോലി വിഭജനം നടത്തി നൽകുന്നുണ്ടെങ്കിലും അത് ഫയലിൽ സൂക്ഷിച്ചിരിക്കുകയാണ്. ഇത്തരത്തിൽ സൂക്ഷിക്കുന്ന രേഖകൾ കാലക്രമേണ നഷ്ടപ്പെടാനുള്ള സാധ്യത കൂടുതലാണ്. ധനകാര്യ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സുകളും ഇപ്രകാരം ഫയലായാണ് സൂക്ഷിക്കുന്നത്.

4)പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. വാർഷിക പദ്ധതി പ്രകാരമുള്ള പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി കൃത്യമായ ഇടവേളകളിൽ അവലോകനത്തിന് വിധേയമാക്കുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റികളും, വർക്കിംഗ് ഗ്രൂപ്പുകളും തങ്ങൾക്ക് ചുമതലയുള്ള മേഖലകളിലെ പ്രോജക്ടുകളുടെ നിർവ്വഹണം ഫലപ്രദമായി മോണിട്ടറിംഗ് നടത്തുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

5)നികുതി/നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും, വരവ് തുകകൾ കൃത്യമായി പിരിച്ചെടുക്കുന്ന കാര്യത്തിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഫലപ്രദമായ ഇടപെടൽ നടത്തുന്നില്ല.

6)സുപ്രധാന രേഖകളായ അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ നഗരസഭയിൽ ശരിയായ രീതിയിൽ എഴുതി പരിപാലിക്കുന്നില്ല. തെരുവു വിളക്കുകളുടെ എണ്ണം, ഇനം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ, പരാതി രജിസ്റ്റർ, ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നിക്ഷേപിക്കുന്ന തുകകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ എന്നിവ തയ്യാറാക്കുന്നില്ല. കൂടാതെ തനത് വരുമാന ഇനങ്ങളുമായി ബന്ധപ്പെട്ട ലേല രജിസ്റ്റർ, ലൈസൻസ്, തൊഴിൽ നികുതി തുടങ്ങിയ രജിസ്റ്ററുകളിൽ സാമ്പത്തിക വർഷാവസാനം ഡി.സി.ബി തയ്യാറാക്കുകയും സാംഖ്യ വാർഷിക കണക്കുമായി

പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്ന നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല.

7)കടമുറികളുടെ വാടക കൃത്യമായി പിരിച്ചെടുക്കുന്നതിലും, വാടകക്കാരുമായി നിയമാനുസൃതം കരാർ ചമയ്ക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ട്. വാടക പിരിവ് നടത്തുന്നതിന് ബൈലൊ നിലവിലില്ല.

8)അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച UA രജിസ്റ്റർ സർക്കാർ നിഷ്കർഷിച്ച മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കുകയോ, 2018-ലെ കേരള മുനിസിപ്പാലിറ്റി (അനധികൃത കെട്ടിട നിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നില്ല.

9)നഗരസഭാ വാഹനങ്ങളുടെ പരിപാലനത്തിൽ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും, പരിപാലനവും) ചട്ടങ്ങളിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നില്ല.

10)കൗൺസിൽ തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.

11)സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2018-19 വർഷം മുതൽ 2021-22 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് നഗരസഭയിൽ ലഭിച്ചെങ്കിലും ഇതേ വരെയും കൗൺസിലിൽ ചർച്ചയ്ക്ക് വെച്ച് പരിഹാര നടപടികൾ സ്വീകരിച്ചിട്ടില്ല.

12)ഇൻകുംബൻസി മാസ്റ്റർ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിലും മേൽ പറഞ്ഞ പല അപാകതകളും ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ആയത് പരിഹരിക്കുവാൻ യാതൊരു നടപടിയും നഗരസഭ കൈക്കൊണ്ടിട്ടില്ല. അഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പിഴവുകൾ പരിഹരിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 വിഭവസമാഹരണത്തിന്റെ കാര്യക്ഷമത - ലഘു അവലോകനം

തനത് വരുമാന വർദ്ധനവിനായി വിഭവസമാഹരണത്തിന്റെ കാര്യക്ഷമത പരിശോധിക്കുന്നതിന്റെ ഭാഗമായി നടത്തിയ ടാക്സ് ഓഡിറ്റിൽ തനത് വരവിനങ്ങളുടെ ഡിമാൻഡുകൾ കൃത്യവും പൂർണ്ണവുമല്ല എന്ന് വ്യക്തമായിട്ടുണ്ട്. ഇത് നികുതി ശോഷണത്തിനും ഇടയാക്കുന്നു. പുതിയ തനത് വരുമാനമേഖലകൾ കണ്ടെത്താൻ ആവശ്യമായ നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതിനും സമയപരിധിക്കുള്ളിൽ അവ സമാഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തിയിട്ടില്ല.

തൻവർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത നികുതി നികുതിയേതര തനത് വരുമാന കണക്കുകളും വാർഷിക ധനകാര്യപത്രിക പ്രകാരം ഈ ഇനത്തിൽ ലഭിച്ച തുകകളുടെ വിശദാംശവും ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരമുള്ള തനത് വരുമാനത്തിലെ പ്രതീക്ഷിത വരവ് | വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥ വരവ് |
|---|---|---|
| നികുതി വരുമാനം | 4,16,66,267 | 2,90,64,484 |
| നികുതിയേതര വരുമാനം | 8,92,29,284 | 34,16,280 |

വിശദാംശങ്ങൾ

| ഇനം | ബജറ്റ് പ്രകാരമുള്ള തനത് | വാർഷിക ധനകാര്യപത്രിക |
|---|---|---|

| | വരുമാനത്തിലെ പ്രതീക്ഷിത വരവ് | പ്രകാരമുള്ള യഥാർത്ഥ വരവ് |
|---|---|---|
| വസ്തുനികുതി | 2,79,09,788 | 1,81,63,016 |
| തൊഴിൽ നികുതി (ജീവനക്കാർ) | 85,00,000 | 83,84,797 |
| വാടക | 41,20,000 | 20,38,910 |
| ലൈസൻസ് | 15,00,000 | 11,00,000 |

ബജറ്റ് പ്രകാരമുള്ള വരവും യഥാർത്ഥ വരവും തമ്മിൽ ഗണ്യമായ അന്തരം നിലനിൽക്കുന്നു.

തനത് വരുമാനത്തിലുണ്ടായ കുറവിന്റെ കാരണവും വരുമാന വർദ്ധനവിനായി സ്വീകരിച്ചതും സ്വീകരിക്കേണ്ടതുമായ നടപടികളുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

**1) സാങ്കേതിക ജ്ഞാനമുള്ള ജീവനക്കാരെ ലഭിച്ചില്ല – വിവരശേഖരണവും വസ്തു നികുതി പരിഷ്കരണവും നടപ്പായില്ല.**

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 233-ാം വകുപ്പ്, 2 ഉം 4 ഉം ഉപ വകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ നഗരസഭകളിൽ ഉപയോഗക്രമമനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപ വിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിനോ എണ്ണത്തിനോ ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏററവും കൂടിയതും കുറഞ്ഞതുമായ പരിധികൾ 2023 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരുത്തുന്നതിന് 05.04.2023 തീയതിയിൽ സ.ഉ.(അച്ചടി)നം.26/2023/ എൽ.എസ്.ജി.ഡി. വിജ്ഞാപന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നികുതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി നഗരസഭ കെട്ടിടങ്ങളുടെ വിവരശേഖരണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം വിവരശേഖരണം പൂർത്തിയാക്കുന്ന പഴയ കെട്ടിടങ്ങൾക്ക് 01.04.2023 മുതൽ 5% നികുതി വർദ്ധനവും പുതിയ കെട്ടിടങ്ങൾക്ക് മേൽ സർക്കാർ ഉത്തരവ് പ്രകാരവുമുള്ള നിരക്കുമാണ് നിശ്ചയിക്കേണ്ടത്.

നഗരസഭയിലെ വസ്തുനികുതി പരിഷ്കരണം 02.06.2023 ൽ ചേർന്ന നഗരസഭ കൗൺസിലിന്റെ തീരുമാനം നം.1 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത നികുതി നിരക്കിന്റെ കരട് വിജ്ഞാപനം പൊതുജനങ്ങളുടെ അറിവിലേക്കും ആക്ഷേപങ്ങൾക്കുമായി ദിനപ്പത്രത്തിൽ പ്രസിദ്ധീകരിക്കുകയും നിയമാനുസൃത കാലയളവിന് ശേഷം ആക്ഷേപങ്ങൾ പരിഹരിച്ച് കരട് വിജ്ഞാപനം അന്തിമമാക്കി ഭരണസമിതിയുടെ 13.10.2023 ലെ തീരുമാനം നം.3 പ്രകാരം അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

പ്രദേശത്തിന്റെ വികസന സ്ഥിതി, അടിസ്ഥാന സൗകര്യങ്ങൾ, വഴി സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള 28 വാർഡുകളിൽ ഉൾപ്പെട്ട വിവിധ മേഖലകളെ സംബന്ധിച്ച് വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ആവശ്യമായ ജീവനക്കാരെ നിയമിച്ച് വിവരശേഖരണം പൂർത്തിയാക്കുകയോ നികുതി പരിഷ്കരണം നടപ്പാക്കുകയോ ചെയ്തിട്ടില്ല. അടിയന്തിരമായി വിവരശേഖരണം പൂർത്തിയാക്കി പരിഷ്കരിച്ച നിരക്കിലുള്ള നികുതി കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിൽ പോർട്ട് ചെയ്ത് നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

**2)പഴയ നികുതി പരിഷ്കരണം കോടതി വ്യവഹാരങ്ങളിൽ കുരുങ്ങി – നഗരസഭയ്ക്ക് ഗണ്യമായ വരുമാന നഷ്ടം**

സ.ഉ(അ)17/2011, 18/2011/തസ്വഭവ/14.01.2011 പ്രകാരം 01.04.2011 മുതൽ നികുതി പരിഷ്കരിക്കാൻ നഗരസഭാ കൗൺസിൽ തീരുമാനമെടുത്തിരുന്നു. ടി ഉത്തരവിൽ വാണിജ്യകെട്ടിടങ്ങളുടെ നികുതി പരമാവധി 100% വർദ്ധനവ് വരുത്താമെന്ന് നിർദ്ദേശമുണ്ട്. ടി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വാണിജ്യ കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാത്തരം കെട്ടിടങ്ങളുടേയും നികുതി പരിഷ്കരിച്ചിരുന്നു. എന്നാൽ നഗരസഭയിലെ 144 വാണിജ്യ കെട്ടിട ഉടമകൾ നഗരസഭയുടെ വസ്തു നികുതി പരിഷ്കരണത്തിനെതിരെ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും (കേസ് നം.37/2018)

കടയുടമകൾക്ക് അനുകൂലമായി ഇടക്കാല ഉത്തരവ് വാങ്ങുകയും ചെയ്തിട്ടുള്ളതാണ്. ആയതിനാൽ 144 വാണിജ്യ കെട്ടിട ഉടമകളുടെ ഏകദേശം ആയിരത്തിൽപ്പരം കടമുറികളുടെ വസ്തുനികുതി 2013 മുതൽ ഒടുക്കുന്നില്ല. ഈയിനത്തിൽ മാത്രം നഗരസഭയ്ക്ക് ഓരോ വർഷവും ലക്ഷങ്ങളുടെ വരുമാന നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നു. ഹൈക്കോടതിയുടെ ഇടക്കാല വിധിയ്ക്കെതിരെ നിലവിൽ നഗരസഭ കേസ് നടത്താനായി സർക്കാരിനെ സമീപിച്ചിരിക്കുകയാണ്. പഴയ നികുതി പരിഷ്കരണം നടപ്പാക്കാനാവാത്തതിനാൽ 01.04.2023 മുതൽ പ്രാബല്യത്തിൽ വന്ന പുതിയ നികുതി പരിഷ്കരണവും ടി കടമുറികൾക്ക് നടപ്പാക്കാൻ പറ്റാത്ത സാഹചര്യം നിലനിൽക്കുന്നു. വ്യവഹാര നടപടികൾ അടിയന്തിരമായി തീർപ്പാക്കാനാവശ്യമായ നടപടി സ്വീകരിച്ച് പഴയതും പുതിയതുമായ വസ്തുനികുതി പരിഷ്കരണം നടപ്പാക്കി തനത് വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാവുന്നതാണ്.

**3) കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് സേവന നികുതി ചുമത്തുന്നില്ല**

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും, സേവനനികുതിയും സർചാർജ്ജും)ചട്ടങ്ങൾ 30(1) പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾക്കായി സർവ്വീസ് ചാർജ്ജ് ഈടാക്കാമെന്ന് വ്യവസ്ഥ ചെയ്യുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനം ഭാഗീകമായി സേവനങ്ങൾ ചെയ്തു കൊടുക്കുന്നുവെന്ന ഗണത്തിൽപ്പെടുത്തി, യഥാർത്ഥത്തിൽ കണക്കാക്കേണ്ടുന്ന വസ്തു നികുതിയുടെ 50% വരുന്ന തുക സർവ്വീസ് ചാർജ്ജായി ഈടാക്കുവാൻ തീരുമാനിച്ചു (കൌൺസിൽ തീരുമാനം നം.15 തീയതി 25.01.2022). എഫ്.സി.ഐ ഉൾപ്പെടെയുള്ള നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾക്ക് ഇതു സംബന്ധിച്ച് പല തവണ കത്തുകളയച്ചെങ്കിലും തുടർ നടപടിയുണ്ടായില്ല. 2011 ലെ വസ്തുനികുതിയും, സേവനനികുതിയും സർചാർജ്ജും ചട്ടങ്ങൾ 30(1) പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് സർവ്വീസ് ചാർജ്ജ് ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**4) അനധികൃത നിർമ്മാണങ്ങളെ ക്രമവൽക്കരിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പാലിക്കപ്പെടുന്നില്ല.**

കേരള മുൻസിപ്പാലിറ്റി ബിൽഡിംഗ് (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം) ചട്ടങ്ങൾ 2019 (SRO No.828/2019; 2.11.2019) പ്രകാരം അനധികൃത നിർമ്മാണങ്ങൾ സർക്കാർ തീരുമാനിച്ച ബേസിക് കോമ്പൗണ്ടിംഗ് ഫീയും അഡീഷണൽ കോമ്പൗണ്ടിംഗ് ഫീയും അടവാക്കിക്കൊണ്ട് നിയമാനുസൃതമാക്കാൻ പൊതുജനങ്ങൾക്ക് അവസരം നൽകിയിരുന്നു.

ഇപ്രകാരം നിയമാനുസൃതമാക്കിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സെക്രട്ടറി തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ട്രഷറിയിൽ അടവാക്കിയ കോമ്പൗണ്ടിംഗ് ഫീയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ട രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. ഇപ്രകാരം നിയമാനുസൃതമാക്കിയ കെട്ടിടങ്ങളുടെ ഫയലുകളും മേൽ രജിസ്റ്ററുകളും ലഭ്യമല്ല. കെ-സ്മാർട്ട് വന്നതോടുകൂടി പഴയ ഡേറ്റ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്ന് പോർട്ട് ചെയ്തിട്ടില്ലാത്തതിനാൽ എത്ര കെട്ടിടങ്ങൾ ക്രമവൽക്കരിക്കാൻ അവശേഷിക്കുന്നു എന്ന് വ്യക്തമല്ല. നഗരസഭയിൽ ഇത് സംബന്ധിച്ച് മാനുവൽ ആയി തയ്യാറാക്കിയ കണക്കും ലഭ്യമല്ല.
അനധികൃത നിർമ്മാണങ്ങളെ ക്രമവൽക്കരിക്കുന്നതിനു സർക്കാർ പുറപ്പെടുവിച്ച ഉത്തരവിനെ യഥാവിധി ജനങ്ങളിൽ എത്തിക്കുന്നതിനോ തുടർനടപടികൾ സ്വീകരിക്കുന്നതിനോ തദ്ദേശ സ്ഥാപനത്തിനു കഴിഞ്ഞിട്ടില്ലായെന്നു ഓഡിറ്റ് വിലയിരുത്തുന്നു.

**5) സേവന ഉപ നികുതി**

14.01.2011 ലെ സ.ഉ(അ)17/2011, 18/2011 പ്രകാരം തദ്ദേശസ്വയം ഭരണ വകുപ്പ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) സേവന ഉപനികുതിയെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. നിലവിൽ നഗരസഭ 10% സേവന ഉപനികുതി ഈടാക്കുന്നുണ്ട്. ശുചിത്വ പരിപാലനം (4%), ജലവിതരണം (3%), തെരുവു വിളക്കുകൾ (2%), ഡ്രെയിനേജ് (1%) എന്നിങ്ങനെ ഈടാക്കി വരുന്നു.

**6) പ്രിസംപ്റ്റീവ് ടാക്സ് ഈടാക്കുന്നില്ല**

പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. അഭിഭാഷകർ, മറ്റുപ്രൊഫഷണലുകൾ, മരാമത്ത് പണി ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ബിൽഡിംഗ് പ്ലാൻ തയ്യാറാക്കുന്ന എൻജിനീയർമാർ, വാഹന ഉടമകൾ എന്നിങ്ങനെയുള്ള വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ നഗരസഭ നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. മുൻസിഫ് മുതൽ ജില്ലാക്കോടതി വരെയുള്ള 8 കോടതികൾ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്നു. ഇതിൽ 200 ഓളം അഭിഭാഷകരും പ്രവർത്തിക്കുന്നു. എന്നാൽ ആരും തന്നെ തൊഴിൽ നികുതി ഒടുക്കുന്നില്ല. പാരാമെഡിക്കൽ/ഹോസ്പിറ്റൽ രജിസ്ട്രേഷൻ വിവരങ്ങൾ, കരാറുകാരുടെ വിവരങ്ങൾ എന്നിവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് സൂക്ഷിക്കുന്നില്ല. പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി ഇതിന്റെ അടിസ്ഥാനത്തിൽ നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

7)**നികുതിയേതര വരവുകൾ**

നഗരസഭയുടെ പ്രധാന വരുമാനമാണ് ലൈസൻസ് ഫീസ്. ഓഡിറ്റ് വർഷം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന കച്ചവട സ്ഥാപനങ്ങളുടെ എണ്ണം എത്രയെന്ന് വ്യക്തമായ കണക്കില്ല. ഏകദേശം 1100 വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി റവന്യൂ വിഭാഗത്തിൽ നിന്ന് അറിയിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ഒരു ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ലൈസൻസ് രജിസ്റ്റർ മാന്വൽ ആയി സൂക്ഷിക്കുന്നില്ല. തൻവർഷം എത്ര സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് വ്യക്തമല്ല. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും മുഴുവൻ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വരുമാന സാധ്യത വർദ്ധിപ്പിക്കേണ്ടതുമാണ്.

**8)പുതിയ വരുമാന സ്രോതസ്സുകൾ**

നഗരസഭാ പരിധിയിൽ പ്രവർത്തിച്ചുവരുന്ന വാണിജ്യ സ്വഭാവമുള്ള ടർഫ്, നീന്തൽക്കുളങ്ങൾ, ജിംനേഷ്യം തുടങ്ങിയ നികുതി പരിധിയിൽപ്പെടാതിരുന്ന ഇനങ്ങൾക്ക് വാണിജ്യ നിരക്കിലുള്ള നിരക്ക് നിശ്ചയിച്ചതിനാൽ ആയത് നടപ്പിൽ വരുത്തി വരുമാന സാധ്യത വർദ്ധിപ്പിക്കാവുന്നതാണ്.

മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5/10.01.2024) മറുപടി ലഭിച്ചില്ല. മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് തനത് വരുമാന വർദ്ധനവിന് ആവശ്യമായ പ്രായോഗിക നടപടികൾ നഗരസഭ കൗൺസിൽ സ്വീകരിക്കേണ്ടതാണ്.

**1-11 നഗരസഭയുടെ സാമ്പത്തികനില തൃപ്തികരമല്ല - റവന്യൂ കമ്മി 2.25 കോടി രൂപ**

നഗരസഭയുടെ സാമ്പത്തികനില തൃപ്തികരമല്ല. പൊതു ആവശ്യ ഗ്രാന്റ് ലഭിക്കുന്നതുകൊണ്ടു മാത്രമാണ് ജീവനക്കാർക്കുള്ള ശമ്പളം, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം എന്നിവ നൽകാൻ കഴിയുന്നത്. എന്നാൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്, ലൈബ്രറി സെസ് എന്നിവയിൽ ലക്ഷങ്ങളുടെ കുടിശ്ശികയും വാട്ടർ ചാർജ്ജിൽ കോടികളുടെ കുടിശ്ശികയുമാണുള്ളത്. നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ തനത് വരവ് - ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ളത്). കണക്കുകൾ പ്രകാരം നഗരസഭയുടെ റവന്യൂ കമ്മി **2.67 കോടി** രൂപയാണ്.

| ഇനം (വരവ്) | തുക | ഇനം (ചെലവ്) | തുക |
|---|---|---|---|
| നികുതി വരുമാനം | 41805000<br>(41804910+90) | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 55956104 |
| നികുതിയേതരം | 9701002<br>(3669996+5794155+236851) | അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ | 4645833 |

| | | | |
|---|---|---|---|
| പലിശ | 1561341<br>(297+1395923+165121) | ഓപ്പറേഷൻസ് & മെയിന്റനൻസ് | 17570903 |
| | | ബാങ്ക് ചാർജസ് | 227150 |
| **ആകെ** | **53067343** | **ആകെ** | **78399990** |
| | | **റവന്യൂ കമ്മി** | **(-)26726252** |

തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളും ഉത്തരവാദിത്തങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് മതിയായ തനത് ഫണ്ട് ആവശ്യമാണ്. ദൈനംദിന ചെലവുകൾ വർദ്ധിക്കുമ്പോഴും അതിനനുസൃതമായി വരുമാന വർദ്ധനവ് ഉണ്ടാകാത്തതുമൂലം നഗരസഭയിൽ നിക്ഷിപ്തമായ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിന് സ്ഥാപനത്തിന് കഴിയാതെ വരുന്നു. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും വിഹിതം കൃത്യമായി ലഭിക്കാത്തതിനാൽ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നത് തനത് ഫണ്ടിൽ നിന്നുമാണ്. വാട്ടർ ചാർജ് കുടിശ്ശിക, എൻജിനീയറിംഗ് ജീവനക്കാരുടെ ശമ്പളം എന്നീയിനങ്ങളിൽ സ്രോതസ്സിൽ നിന്നുതന്നെ തുക കുറവ് ചെയ്യുന്നതിനാൽ ജനറൽ പർപ്പസ് ഫണ്ടിന്റെ അലോട്ട്മെന്റിലും വലിയ കുറവ് ഉണ്ടാകുന്നുണ്ട്.

നഗരസഭയുടെ പ്രധാന വരുമാന സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം പൂർണ്ണമായും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല. വസ്തുനികുതി, തൊഴിൽനികുതി, ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നുള്ള വാടക എന്നീ ഇനത്തിൽ തൻവർഷവും മുൻവർഷങ്ങളിലും ഗണ്യമായ തുക ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ നികുതികൾ കൃത്യമായി കണക്കാക്കി ഈടാക്കുന്നില്ല. കുടിശിക യഥാസമയം ഈടാക്കുവാൻ നടപടികൾ സ്വീകരിക്കുന്നില്ല. നഗരസഭാ ആസ്തികളിൽ യഥാസമയം അറ്റകുറ്റപ്പണി നടത്തി വാടകയ്ക്ക് കൈമാറുന്നില്ല. പല ആസ്തികളും നിഷ്ക്രിയാസ്തിയായി മാറി. നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-12 നികുതി-നികുതിയേതര വരവ് സംബന്ധമായ അപാകതകൾ

### 1. വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല, ഡി.സി.ബി തയ്യാറാക്കിയില്ല

നഗരസഭയുടെ ഏറ്റവും പ്രധാന വരുമാന മാർഗ്ഗമാണ് വസ്തുനികുതി. എന്നാൽ ഈയിനത്തിലുള്ള വരുമാനം കൃത്യമായി പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ യാതൊരു നടപടികളും നഗരസഭയുടെ ഭാഗത്ത് നിന്നും ഉണ്ടാവുന്നില്ല. തൻമൂലം നികുതി വരുമാനത്തിന്റെ ഒരു ഭാഗം നഷ്ടപ്പെട്ടുപോകുന്നതിനും ഗണ്യമായ തുക കുടിശ്ശികയായി അവശേഷിക്കുന്നതിനും ഇടയാക്കുന്നു.

വാർഷിക ധനകാര്യ പത്രിക പ്രകാരം 2022-23 സാമ്പത്തിക വർഷം വസ്തു നികുതിയിനത്തിൽ 1.39 കോടി രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. ഇതിൽ 97.56 ലക്ഷം രൂപ തൻവർഷ വസ്തുനികുതിയും 41.67 ലക്ഷം രൂപ മുൻവർഷ കുടിശ്ശികയുമാണ്. വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കാനാവശ്യമായ പ്രായോഗിക നടപടികൾ റവന്യൂ വിഭാഗത്തിൽ നിന്നും സ്വീകരിച്ചതായി കാണുന്നില്ല. ഡിമാന്റ് സംബന്ധിച്ചോ കുടിശ്ശിക സംബന്ധിച്ചോ കൃത്യമായ ഒരു കണക്ക് റവന്യൂ വിഭാഗത്തിൽ ലഭ്യമല്ല. 2022-23 സാമ്പത്തിക വർഷം അവസാനിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും മാന്വൽ ആയി തയ്യാറാക്കിയ ഡി.സി.ബിയോ സഞ്ചയയിൽ നിന്നുള്ള ഡി.സി.ബിയോ ലഭ്യമല്ല. അസ്സസ്സ്മെന്റ് രജിസ്റ്റർ ഉപയോഗ ശൂന്യമായി പൊടിഞ്ഞ അവസ്ഥയിലാണെന്നാണ് അറിയിച്ചിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയർ മാറി കെ-സ്മാർട്ട് വന്നതോടുകൂടി വസ്തുനികുതി സംബന്ധിച്ച് റവന്യൂ വിഭാഗത്തിൽ യാതൊരു കണക്കുമില്ല.

നഗരസഭയുടെ വരുമാനം വർദ്ധിപ്പിക്കാനായി ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ജോലി ചെയ്യുന്ന റവന്യൂ വിഭാഗത്തിന് പ്രധാന വരുമാനമായ വസ്തുനികുതിയെ സംബന്ധിച്ച് സംക്ഷിപ്തവും ആധികാരികവുമായ ഒരു കണക്കുമില്ല. കെ-സ്മാർട്ട് പ്രാബല്യത്തിൽ വന്നതോടെ സഞ്ജയയിൽ നിന്നുള്ള പഴയ ഡേറ്റ ലഭ്യമല്ലാത്തതാണ് കൂടുതൽ പ്രതിസന്ധിയ്ക്കിടയാക്കിയത്. പഴയ ഡേറ്റ 31.12.2023 നകം പൂർണ്ണമായി കെ-സ്മാർട്ടിലേക്ക് പോർട്ട് ചെയ്യണമെന്ന് സർക്കാർ നിർദ്ദേശമുണ്ടായിരുന്നെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

മുഴുവൻ വരവുകളുമടങ്ങിയ ഒരു ദിവസത്തെ സംക്ഷിപ്തമായ ഡേ-ബുക്ക്, കെ-സ്മാർട്ടിൽ ലഭ്യമല്ലായെന്നാണ് ക്യാഷ് കൗണ്ടറിൽ നിന്നും അറിയിച്ചിട്ടുള്ളത്. സാമ്പത്തിക വർഷം അവസാനിച്ച് 9 മാസങ്ങൾക്ക് ശേഷവും ഡി.സി.ബി തയ്യാറാക്കുകയോ വരവിനങ്ങളുടെ ഡി.സി.ബി പ്രിന്റ് എടുത്ത് സൂക്ഷിക്കുകയോ ചെയ്യാതിരുന്നത് റവന്യൂ വിഭാഗത്തിന്റെ ചുമതലയുള്ളവരുടെ വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു.

കേരള മുനിസിപ്പാലിറ്റി ആക്ട് 539-ാം വകുപ്പ് പ്രകാരം നഗരസഭയ്ക്ക് കിട്ടേണ്ടതായ ഏതെങ്കിലും തുകയുടെ കാര്യത്തിൽ മൂന്ന് വർഷം കഴിഞ്ഞാൽ ജപ്തി, വ്യവഹാരം എന്നീ ശിക്ഷാനടപടികൾ നടത്തുവാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. യഥാസമയം നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയത് മൂലം നഗരസഭയ്ക്ക് ലഭിക്കേണ്ടതായ ഏതെങ്കിലും തുക നഷ്ടപ്പെട്ടു പോവുകയാണെങ്കിൽ വകുപ്പ് 539(2) പ്രകാരം പ്രസ്തുത തുകയും 12% പലിശയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയാകുന്നതാണ്.

**2. മറ്റ് വരവുകൾ**

വാടകയിനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 27.14 ലക്ഷം രൂപയും (അരിയർ+കറണ്ട്) ലൈസൻസ് ഫീസിനത്തിൽ 11.37 ലക്ഷവും തൊഴിൽ നികുതിയിനത്തിൽ 10.62 ലക്ഷവും സാമ്പത്തിക വർഷാന്ത്യം പിരിച്ചെടുക്കാൻ അവശേഷിച്ചിട്ടുണ്ട്.

ഡി.സി.ബി ഇനങ്ങളുടെ വ്യക്തവും കൃത്യവുമായ ഒരു കണക്ക് യഥാസമയം തയ്യാറാക്കുന്നതിൽ റവന്യൂ വിഭാഗത്തിന് വീഴ്ച സംഭവിച്ചതായി ഓഡിറ്റിൽ വിലയിരുത്തുന്നു.

കണക്കുകൾ യഥാസമയം തയ്യാറാക്കി സൂക്ഷിക്കാതിരുന്നതിനും കുടിശ്ശിക കാര്യക്ഷമമായി പിരിച്ചെടുക്കാതിരുന്നതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 17/16.01.2024) മറുപടി ഹാജരാക്കിയില്ല. കണക്കുകൾ കൃത്യമാക്കി കുടിശ്ശിക ഉൾപ്പെടെയുള്ള നികുതി, നികുതിയേതര വരവുകൾ യഥാസമയം പിരിച്ചെടുത്ത് കാലഹരണപ്പെട്ടു പോകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-13 വസ്തുനികുതി - 250 ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങളെ മേൽത്തരം തറനിർമ്മിതിയ്ക്കനുസൃതമായി നികുതി ചുമത്തിയില്ല**

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.2011 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/ ത.സ്വ.ഭ.വ. യിലെ നിർദ്ദേശ പ്രകാരം നഗരസഭയിലെ 250 ച.മീറ്ററിന് മുകളിലുള്ള മേൽത്തരം തറ നിർമ്മിതിയുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതിയോടൊപ്പം 15% വർദ്ധനവ് വരുത്തണമെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ മാവേലിക്കര നഗരപരിധിയിലുള്ള കെട്ടിടങ്ങളെ അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തറനിർമ്മിതിയ്ക്കനുസൃതമായി നികുതി ചുമത്തിയിട്ടില്ലായെന്ന് കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര്, വിലാസം | വാർഡ്, കെട്ടിട നം. | കെട്ടിടത്തിന്റെ ആകെ വിസ്തൃതി (ച.മീ.) | ഉപയോഗം | നഗരസഭ നിശ്ചയിച്ച നികുതി നിരക്ക് | ഈടാക്കിയ അടിസ്ഥാന നികുതി | ഈടാക്കേണ്ട നികുതി | മേൽത്തരം തറ നിർമ്മിതിയ്ക്ക് ബാധകമായ വർദ്ധനവ് (15%)/ കുറവ് |
|---|---|---|---|---|---|---|---|
| പ്രസന്നകുമാരി, പ്രിൻസി കോട്ടേജ്, വഴുവാടി | VII/ 402(2) | 292.8 | വാണിജ്യം | 140 | 40992 | 47141 | 6149/- (292.8x140x15%) |
| | VII/ 402(3) | 134.91 | വാണിജ്യം | 140 | 18887 | 21720 | 2833/- (134.91x140x15%) |
| **ആകെ** | | **427.71** | | | 59879 | 68861 | **8982** |
| അനി പ്രജിത്ത്, | XI/12(1) | 146.37 | പാർപ്പിടം | 14 | 2049 | 2357 | 308/- (146.37x14x15%) |

| | | | | | | | |
|---|---|---|---|---|---|---|---|
| പ്രജിത്ത് കോട്ടേജ്, കൊറ്റാർകാവ് | XI/12(2) | 157.77 | പാർപ്പിടം | 14 | 2209 | 2540 | 331/- (157.77x14x15%) |
| **ആകെ** | | **304.14** | | | 4258 | 4897 | **639/-** |
| പി.ഗോപി & രാധമ്മ, മലയിൽ തെക്കേതിൽ, പുതിയകാവ് | XII/ 175(1) | 55.09 | വാണിജ്യം | 70 | 3856 | 4434 | 578 (55.09x70x15%) |
| | XII/ 175(2) | 22 | വാണിജ്യം | 70 | 1540 | 1771 | 231 (22x70x15%) |
| | XII/ 175(3) | 34.59 | പാർപ്പിടം | 14 | 484 | 557 | 73 (34.59x14x15%) |
| | XII/ 175(4) | 78.89 | പാർപ്പിടം | 14 | 1104 | 1270 | 166 (78.89x14x15%) |
| | XII/ 175(5) | 92.14 | പാർപ്പിടം | 14 | 1290 | 1483 | 193 (92.14x14x15%) |
| **ആകെ** | | **282.66** | | | 8274 | 9515 | **1241/-** |

250 ച.മീറ്ററിലധികം വിസ്തീർണ്ണമുള്ള മേൽ കെട്ടിടങ്ങൾക്ക് മേൽത്തരം തറനിർമ്മിതിയായിട്ടും അടിസ്ഥാന നികുതിയുടെ 15% വർദ്ധനവ് വരുത്തിയതായി കാണുന്നില്ല. അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.33/17.01.2024) ഒരു പ്രധാന കെട്ടിടത്തിന്റെ ഭാഗമായ പല കെട്ടിടങ്ങളെ ഒറ്റ യൂണിറ്റായി കണക്കാക്കി വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്താൻ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഓപ്ഷൻ ഇല്ലാത്തതിനാലാണ് വർദ്ധനവ് വരുത്താതിരുന്നതെന്ന് മറുപടി ലഭിച്ചു. മേൽത്തരം തറനിർമ്മിതിയുള്ള 250 ച.മീറ്ററിലധികം വിസ്തീർണ്ണമുള്ള മുഴുവൻ കെട്ടിടങ്ങളുടേയും വസ്തു നികുതി പരിശോധിച്ച് നികുതി പുനർ നിർണ്ണയിക്കേണ്ടതും മേൽ പട്ടികയിൽ പരാമർശിച്ചിട്ടുള്ള കെട്ടിടങ്ങളുടെ കുറവ് വന്ന നികുതി 10862/- രൂപ (8982+639+1241) ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-14 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി യഥാസമയം ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല, ഡി.സി.ബി തയ്യാറാക്കിയില്ല

കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 245 പ്രകാരം നഗരസഭ പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ്. എന്നാൽ നഗരത്തിലെ എല്ലാ സ്ഥാപനങ്ങളുടെയും വിവരം ശേഖരിച്ച് അവയുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല. ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ ഡിമാൻഡ് രജിസ്റ്റർ പ്രകാരമുള്ള സ്ഥാപനങ്ങളിൽ നിന്നു പോലും 2022-23 വർഷം തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ചയുണ്ടായി. രജിസ്റ്റർ പ്രകാരമുള്ള 105 സ്ഥാപനങ്ങളിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധവർഷം | |
|---|---|---|---|
| | | ജീവനക്കാരുടെ തൊഴിൽ നികുതി | സ്ഥാപന തൊഴിൽ നികുതി |
| 1 | ബാങ്ക് ഓഫ് ബറോഡ, മാവേലിക്കര | I & II | I & II |
| 2 | ബാങ്ക് ഓഫ് ബറോഡ NRI ബ്രാഞ്ച്, മാവേലിക്കര | I & II | I & II |
| 3 | ഫെഡറൽ ബാങ്ക് | - | I & II |

| | | | |
|---|---|---|---|
| 4 | ഈസ്റ്റേൺ ഐ.റ്റി.സി | I & II | – |
| 5 | ആർ.വി ബേക്കറി | I & II | – |
| 6 | മുത്തൂറ്റ് മിനി ഫൈനാൻസിയേഴ്സ്, മാവേലിക്കര | – | I & II |
| 7 | ഇൻഡ്യൻ ബാങ്ക് | – | I & II |
| 8 | കൊശമറ്റം ഫിനാൻസ് | I | I & II |
| 9 | മുത്തൂറ്റ് ഫിനാൻസ്<br>(Opp. KSRTC) | – | I & II |
| 10 | HDFC, പുതിയകാവ് | – | I & II |
| 11 | പോപ്പുലർ മിനി ഫൈനാൻസിയേഴ്സ് | I & II | I & II |
| 12 | പോപ്പുലർ ഫിനാൻസ് | I & II | I & II |
| 13 | സപ്ലൈകോ | I & II | – |
| 14 | ഇൻഡസ് മോട്ടോഴ്സ് | II | I & II |
| 15 | ഭാസ്കര മൊബൈൽസ്, പുതിയകാവ് | I & II | I & II |
| 16 | മാവേലിക്കര മിൽക്ക് സപ്ലയേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നം.A91(D) | II | I & II |
| 17 | PWD മെക്കാനിക്കൽ സബ് ഡിവിഷൻ | I & II | – |
| 18 | PWD ബിൽഡിംഗ് സബ് ഡിവിഷൻ | I & II | – |
| 19 | കത്തോലിക് സിറിയൻ ബാങ്ക്, കല്ലുമല | I & II | I & II |
| 20 | സപ്ലൈകോ സൂപ്പർമാർക്കറ്റ്, തട്ടാരമ്പലം | I | – |
| 21 | KSRTC റീജണൽ വർക് ഷോപ്പ് | II | – |
| 22 | KSRTC ഡിപ്പോ | II | – |
| 23 | പീറ്റ് മെമ്മോറിയൽ ട്രെയിനിംഗ് കോളേജ് | II | – |
| 24 | സൌത്ത് ഇൻഡ്യൻ ബാങ്ക്, മാവേലിക്കര | I & II | I & II |
| 25 | S.S ഹ്യുണ്ടായി | I & II | I & II |
| 26 | S.S ഹ്യുണ്ടായി യൂസ്ഡ് കാർ | II | I & II |
| 27 | ഹോട്ടൽ സിക്സർ | I & II | I & II |
| 28 | സപ്ലൈകോ മാവേലി മെഡിക്കൽ സ്റ്റോർ | II | – |
| 29 | യൂണിയൻ ബാങ്ക് | II | I & II |
| 30 | ശ്രീ ഗോകുലം ചിറ്റ്സ് & ഫണ്ട്സ് | I & II | I & II |
| 31 | ഇൻഡസ് ഇൻഡ് ബാങ്ക് | II | I & II |
| 32 | പഞ്ചാബ് നാഷണൽ ബാങ്ക് | II | I & II |
| 33 | ബജാജ് അലയൻസ്, മാവേലിക്കര | I & II | I & II |
| 34 | ICICI ബാങ്ക് | – | I & II |
| 35 | ജെന്റിൽമാൻ ചീഫ് ഫിനാൻസ് (ഇൻഡ്യ) പ്രൈ. ലിമിറ്റഡ് | – | I & II |
| 36 | ബ്ലൂ ചിപ്പ് കോർപ്പറേറ്റ് ഇൻവെസ്റ്റ്മെന്റ് കമ്പനി | – | I & II |
| 37 | മുളമൂട്ടിൽ നിധി ലിമിറ്റഡ് | I & II | I & II |
| 38 | മുത്തൂറ്റ് ഫിൻ കോർപ്പ്<br>(Br. Code.893), മിച്ചൽ ജം. | – | I & II |

| | | | |
|---|---|---|---|
| 39 | യൂണിയൻ ബാങ്ക് | – | I & II |
| 40 | സന്തോഷ് തീയറ്റർ | I & II | – |
| 41 | സാന്ദ്ര തീയറ്റർ | I & II | – |
| 42 | വള്ളക്കാലിൽ തീയറ്റർ | II | – |
| 43 | മോർ സൂപ്പർ മാർക്കറ്റ് | II | – |
| 44 | ട്രെൻഡ്സ് റിലയൻസ് റീട്ടെയിൽ | I & II | – |
| 45 | ഇസാഫ് സ്മാൾ ഫിനാൻസ് ബാങ്ക് | – | I & II |
| 46 | കൊമ്പശ്ശേരിൽ ജ്യൂവലേഴ്സ് | I & II | I & II |
| 47 | മാക്സ് വാല്യൂ ക്രെഡിറ്റ് & ഇൻവെസ്റ്റ്മെന്റ്സ് | II | I & II |
| 48 | ആലപ്പി ജ്യൂവലേഴ്സ് | II | I & II |
| 49 | കോ-ഓപ്പറേറ്റീവ് കോളേജ് | I & II | – |
| 50 | പി.സി ലാൻഡ് കമ്പ്യൂട്ടേഴ്സ് | I & II | – |
| 51 | കേരള ഗ്രാമീൺ ബാങ്ക്, മാവേലിക്കര | II | I & II |
| 52 | ന്യൂ ഇൻഡ്യ അഷ്വറൻസ് കമ്പനി | I & II | I & II |
| 53 | സൗത്ത് ഇൻഡ്യൻ ബാങ്ക്, നടക്കാവ് | I | I & II |
| 54 | മുത്തൂറ്റ് ഫിൻ കോർപ്പ് ലിമിറ്റഡ് | II | I & II |
| 55 | താലൂക്ക് ഇൻഡസ്ട്രീസ് ഓഫീസ് | I & II | – |
| 56 | എയ്ഡഡ് സ്കൂൾ എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നം.A288 | I | I & II |
| 57 | എസ്.എസ്.എ, ബി.ആർസി, മാവേലിക്കര | I & II | – |
| 58 | HDFC ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ | I & II | I & II |
| 59 | താലൂക്ക് കോ-ഓപ്പറേറ്റീവ് ബാങ്ക് | II | I & II |
| 60 | ജിയോജിത്ത് സെക്യൂരിറ്റീസ് | I & II | I & II |
| 61 | കാനറ ബാങ്ക് | II | I & II |
| 62 | കോർപ്പറേഷൻ ബാങ്ക്, മാവേലിക്കര | I & II | I & II |
| 63 | കണ്ണാട്ട് ഫിനാൻസ് നിധി ലിമിറ്റഡ്, മാവേലിക്കര | I & II | I & II |
| 64 | കെ.എസ്.എഫ്.ഇ, മാവേലിക്കര | II | I & II |
| 65 | യൂണിമണി | II | I & II |
| 66 | ധനലക്ഷ്മി ബാങ്ക്, മാവേലിക്കര | II | I & II |
| 67 | നാഷണൽ ഇൻഷൂറൻസ്, തട്ടാരമ്പലം | I & II | I & II |
| 68 | എസ്.ബി.ഐ റീജണൽ ഓഫീസ് | II | I & II |
| 69 | എസ്.ബി.ഐ ടൌൺ ബ്രാഞ്ച് | II | I & II |
| 70 | എസ്.ബി.ഐ മെയിൻ ബ്രാഞ്ച് | I & II | I & II |
| 71 | ഓറിയന്റൽ ഇൻഷൂറൻസ് കമ്പനി | I & II | I & II |
| 72 | എസ്.ബി.ഐ – NRI ബ്രാഞ്ച് | II | I & II |
| 73 | മുത്തൂറ്റ് മെർക്കന്റയിൽസ് | I & II | I & II |
| 74 | കേരള ബാങ്ക്, മാവേലിക്കര | I & II | I & II |
| 75 | മുത്തൂറ്റ് ഫിനാൻസ്, Opp. KSRTC | II | I & II |

| | | | |
|---|---|---|---|
| 76 | SBI RASMEC, മാവേലിക്കര | II | I & II |
| 77 | ഇൻഡ്യൻ ഓവർസീസ് ബാങ്ക്, കല്ലുമല | II | I &II |
| 78 | ഗവ.സർവ്വന്റ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക്, മാവേലിക്കര | II | I &II |
| 79 | കോന്നി ഹയർ പർച്ചേസ് ആൻഡ് ലീസിംഗ് ലിമിറ്റഡ് | I & II | – |
| 80 | കത്തോലിക് സിറിയൻ ബാങ്ക് | – | I & II |
| 81 | മുത്തൂറ്റ് ഫിനാൻസ്, കോടതി ജം. | II | I & II |
| 82 | കത്തോലിക് സിറിയൻ ബാങ്ക്, തട്ടാരമ്പലം | I | I & II |
| 83 | മുത്തൂറ്റ് ഫിനാൻസ്, തട്ടാരമ്പലം | – | I & II |
| 84 | Begora കമ്പനി പ്രൈ. ലിമിറ്റഡ് | I & II | I & II |
| 85 | PCARD ബാങ്ക് | I & II | I & II |
| 86 | DHFL | I & II | I & II |
| 87 | ഇൻഡ്യൻ ഓവർസീസ് ബാങ്ക് | – | I & II |
| 88 | SBI ലൈഫ് | I & II | – |
| 89 | ഐ.ഡി.ബി ഐ ബാങ്ക് | I | I & II |
| 90 | SML ഫിനാൻസ് ലിമിറ്റഡ്, മാവേലിക്കര | – | I & II |
| 91 | യുണൈറ്റഡ് ഇൻഡ്യ ഇൻഷുറൻസ് ലിമിറ്റഡ്, മാവേലിക്കര | I & II | I & II |
| 92 | HDB ഫിനാൻഷ്യൽ സർവ്വീസസ് ലിമിറ്റഡ് | I & II | I & II |
| 93 | ICL ഫിൻകോർപ്പ്, മാവേലിക്കര | I & II | I & II |
| 94 | കെ.എൽ.എം. ആക്സിവ, മാവേലിക്കര | I | I & II |
| 95 | കെ.പി.ബി. നിധി ലിമിറ്റഡ് | – | I & II |
| 96 | താഴയിൽ നിധി ലിമിറ്റഡ്, മാവേലിക്കര | I | I & II |
| 97 | കെ.എസ്.എഫ്.ഇ, കണ്ടിയൂർ | I & II | I & II |
| 98 | IOB, മറ്റം ബ്രാഞ്ച് | – | I & II |
| 99 | മണപ്പുറം ഫിനാൻസ്, തട്ടാരമ്പലം | I & II | I & II |
| 100 | B.GHUD | I & II | – |
| 101 | ട്രാവൻകൂർ റീജൻസി | I & II | I & II |
| 102 | മുത്തൂറ്റ് ഫിൻകോർപ്പ്, പുതിയകാവ് | – | I & II |
| 103 | സുന്ദരം ഫൈനാൻസ് | – | I & II |
| 104 | SC/ST കോ-ഓപ്പറേറ്റീവ് സൊസൈറ്റി, മാവേലിക്കര | I & II | I & II |
| 105 | സപ്ലൈകോ താലൂക്ക് ഡിപ്പോ മാവേലിക്കര | I & II | – |

മേൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി / ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയതായി തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ യഥാസമയം രസീതുകൾ പോസ്റ്റ് ചെയ്യുകയോ വർഷാന്ത്യം ഡി.സി.ബി. തയ്യാറാക്കുകയോ ചെയ്തിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രസീത് നമ്പർ, തീയതി എന്നിവ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.4/10.01.2024) മറുപടി

ഹാജരാക്കിയില്ല. അപാകത പരിഹരിച്ച് രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-15 ലേലം സംബന്ധമായ അപാകതകൾ**

(I)ലേലത്തിൽ പോകാതിരുന്നതിനെ തുടർന്ന് മുൻസിപ്പൽ ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ, പുന്നമൂട് ചന്ത എന്നിവ നഗരസഭ കണ്ടിജന്റ് ജീവനക്കാരെ ഉപയോഗിച്ച് ഡിപ്പാർട്ട്മെന്റൽ ഫീസ് പിരിവായാണ് നടത്തിയിട്ടുള്ളത്. ഏതെല്ലാം ജീവനക്കാരെയാണ് ടി ഡ്യൂട്ടിയ്ക്കായി നിയോഗിച്ചതെന്നോ എത്ര രൂപ ഈയിനത്തിൽ ലഭിച്ചെന്നോ ഉള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല.

(II) ലേല രജിസ്റ്ററിൽ സാമ്പത്തിക വർഷാന്ത്യം ഡി.സി.ബി തയ്യാറാക്കിയിട്ടില്ല.

(III)എത്ര കടയുടമകൾ പുതുതായി കരാർ വെച്ചിട്ടുണ്ടെന്നോ നിലവിലുള്ള എത്ര പേർ കരാർ യഥാസമയം പുതുക്കിയിട്ടുണ്ടെന്നോ ഉള്ള രേഖകൾ ലഭ്യമല്ല. പല കടയുടമകളും കരാർ കാലയളവ് കഴിഞ്ഞ് മാസങ്ങൾക്ക് ശേഷമാണ് കരാർ പുതുക്കുന്നതായി കാണുന്നത്.

(IV)കടമുറികൾ ലേലം കൊണ്ടവർ തന്നെയാണോ ടി മുറികളിൽ കച്ചവടം ചെയ്യുന്നതെന്നോ കടമുറി ലേലത്തിൽ ലഭിച്ചവർ ടി കടമുറികൾ മറ്റു വ്യക്തികൾക്ക് മറിച്ച് വാടകയ്ക്ക് നൽകുന്നുണ്ടോയെന്നും പരിശോധിക്കപ്പെടുന്നില്ല.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14/15.01.2024) ഫയൽ ഹാജരാക്കിയെങ്കിലും ഡി.സി.ബി. സംബന്ധമായ കൃത്യമായ കണക്ക്, ഡിപ്പാർട്ട്മെന്റൽ ഫീസ് പിരിവ് കണക്ക് എന്നീ വിശദാംശങ്ങൾ ഹാജരാക്കിയില്ല. ലേലം സംബന്ധമായ രേഖകൾ കൃത്യമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

**1-16 വാടക സംബന്ധമായ അപാകതകൾ**

(I) നഗരസഭയുടെ ഉടമസ്ഥതയിലുള്ള നിരവധി കടമുറികൾ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞ് കിടക്കുന്നതായും വാടകക്കാർ യഥാസമയം വാടക ഒടുക്കാതെ കുടിശ്ശിക വരുത്തിയതായും കാണുന്നു. കുടിശ്ശിക നിലനിൽക്കുന്നതും ഒഴിഞ്ഞ് കിടക്കുന്നതുമായ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടം | റൂം നം. | വാടകക്കാരൻ | വാടക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| പുന്നമൂട് ഷോപ്പിംഗ് കോംപ്ലക്സ് | 3 | രാമചന്ദ്രൻ | 3859/- | ഒഴിഞ്ഞ് കിടക്കുന്നു |
| പുന്നമൂട് പുറക് വശത്തെ പഴയ കടമുറികൾ | 11 | മിൽക്ക് സപ്ലൈയേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | - | ഒഴിഞ്ഞ് കിടക്കുന്നു |
| | 12 | മിൽക്ക് സപ്ലൈയേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | - | ഒഴിഞ്ഞ് കിടക്കുന്നു |
| | 17/159(17) | സുനിൽകുമാർ, കുറവൻ പറമ്പിൽ | - | ഒഴിഞ്ഞ് കിടക്കുന്നു |
| പുന്നമൂട് പുതിയ | 17/159(31) | ഷിബു.ജി, പ്ലാവേലിൽ കിഴക്കേതിൽ | - | ഒഴിഞ്ഞ് കിടക്കുന്നു |

| | | | | |
|---|---|---|---|---|
| ഷോപ്പിംഗ് കോംപ്ലക്സ് | 17/159(32) | ,, | - | ഒഴിഞ്ഞ് കിടക്കുന്നു |
| | 34 | ഷാബു.കെ, SKS ഭവനം | - | ഒഴിഞ്ഞ് കിടക്കുന്നു |
| | 17/159(37) | ഒഴിവ് | - | ഒഴിഞ്ഞ് കിടക്കുന്നു |
| | 17/159(39) | ഒഴിവ് | - | ഒഴിഞ്ഞ് കിടക്കുന്നു |
| മുൻസിപ്പൽ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | 1 | P.J.ചെറിയാൻ, ചെമ്പകപ്പള്ളിൽ ജോൺ വില്ല | 3885 | ഒഴിഞ്ഞ് കിടക്കുന്നു |
| | 2 | ഷിബ് നിസാർ, ആഷിയാന | 4661 | ഒഴിഞ്ഞ് കിടക്കുന്നു |
| | 4 | അനിൽ വർഗ്ഗീസ്, പുനമറ്റം | 3687 | ഒഴിഞ്ഞ് കിടക്കുന്നു |
| | 9 | ജോർജ്ജ് പോൾ, ആല്യംമൂട്ടിൽ | 3648 | ഒഴിഞ്ഞ് കിടക്കുന്നു |
| | 10 | രാജി തോമസ് ജേക്കബ്, ചെറുപാറേത്ത് | 4926 | ഒഴിഞ്ഞ് കിടക്കുന്നു |
| | 11 | K.J.ജയരാജ്, ജയഭവനം | 2671 | ഒഴിഞ്ഞ് കിടക്കുന്നു |
| | 12 | K. രാജൻ | 4040 | ഒഴിഞ്ഞ് കിടക്കുന്നു |
| | 13 | അജയൻ, തൈപ്പറമ്പിൽ | 2042 | ഒഴിഞ്ഞ് കിടക്കുന്നു |
| മുൻസിപ്പൽ പ്രൈവറ്റ് സ്റ്റാന്റ് വനിത ക്യാന്റീൻ | - | ഒഴിവ് | - | ഒഴിവ് |
| മുൻസിപ്പൽ പ്രൈവറ്റ് സ്റ്റാന്റ് പുതിയ ഷോപ്പിംഗ് കോംപ്ലക്സ് | 1 | ഒഴിവ് | - | ഒഴിഞ്ഞ് കിടക്കുന്നു |
| | 2 | ഒഴിവ് | - | ഒഴിഞ്ഞ് കിടക്കുന്നു |
| | 3 | ഒഴിവ് | - | ഒഴിഞ്ഞ് കിടക്കുന്നു |
| | 4 | സോമൻ, കിളിയമൺതറയിൽ | 5361 | ഒഴിഞ്ഞ് കിടക്കുന്നു |
| | 5 | ഒഴിവ് | - | ഒഴിഞ്ഞ് കിടക്കുന്നു |

| | | | | |
|---|---|---|---|---|
| | 6 | ഒഴിവ് | – | ഒഴിഞ്ഞ് കിടക്കുന്നു |
| | 8 | ഒഴിവ് | – | ഒഴിഞ്ഞ് കിടക്കുന്നു |
| | 9 | ഒഴിവ് | – | ഒഴിഞ്ഞ് കിടക്കുന്നു |
| | 10 | ഒഴിവ് | – | ഒഴിഞ്ഞ് കിടക്കുന്നു |
| | 11 | സുനിൽകുമാർ, ഇളയിടത്ത്, പത്തിയൂർ | 2815 | ഒഴിഞ്ഞ് കിടക്കുന്നു |
| | 12 | ,, | 2815 | ഒഴിഞ്ഞ് കിടക്കുന്നു |
| | 13 | ,, | 2815 | ഒഴിഞ്ഞ് കിടക്കുന്നു |
| | 14 | ,, | 2815 | ഒഴിഞ്ഞ് കിടക്കുന്നു |
| പുതിയകാവ് ഷോപ്പിംഗ് കോംപ്ലക്സ് | 8 | – | – | ഒഴിഞ്ഞ് കിടക്കുന്നു |
| പഴയ ബസ് സ്റ്റാന്റ് കോംപ്ലക്സ്, മിച്ചൽ ജംഗ്ഷൻ | 5(146E) | ഷാജിത | 3260 | ഒഴിഞ്ഞ് കിടക്കുന്നു |
| | 6(146F) | രമേശൻ | 5825 | ഒഴിഞ്ഞ് കിടക്കുന്നു |
| പഴയ ബസ് സ്റ്റാന്റ് കോംപ്ലക്സ്, മിച്ചൽ ജംഗ്ഷന് തെക്ക് | 6 | ഒഴിവ് | – | ഒഴിഞ്ഞ് കിടക്കുന്നു |
| കണ്ടിയൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | 15/207C | സാക്ഷരതാ കേന്ദ്രം | – | ഒഴിഞ്ഞ് കിടക്കുന്നു |
| കണ്ടിയൂർ ലൈബ്രറി കെട്ടിടം | 1 | സജിത്കുമാർ | 1941 | ഒഴിഞ്ഞ് കിടക്കുന്നു |
| | 2 | സോമൻ | 1941 | ഒഴിഞ്ഞ് കിടക്കുന്നു |
| കണ്ടിയൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് (SC/ | 1 | രാജേഷ് കുമാർ | 4283 | ഒഴിഞ്ഞ് കിടക്കുന്നു |
| | 2 | ഒഴിവ് | – | ഒഴിഞ്ഞ് |

| | | | | |
|---|---|---|---|---|
| ST) | | | | കിടക്കുന്നു |
| ഷോപ്പിംഗ് കോംപ്ലക്സ് | 4 | ശ്രീജയൻ.എസ്.ഡി | 3704 | ഒഴിഞ്ഞ് കിടക്കുന്നു |

മേൽ പട്ടിക പ്രകാരം കടമുറി വാടകയ്ക്കെടുത്ത പല കച്ചവടക്കാരും കൃത്യമായി വാടക ഒടുക്കുകയോ കടമുറി രേഖാമൂലം ഒഴിയുകയോ കരാർ പുതുക്കുകയോ ചെയ്യാതെ കടമുറി കൈയ്യടക്കി വെച്ചതായി കാണുന്നു. കടമുറി വാടകയ്ക്കെടുത്ത കരാറുകാരുടെ റെന്റ് ഡെപ്പോസിറ്റിൽ നിന്നും നഗരസഭയ്ക്കുണ്ടായ നഷ്ടം ഈടാക്കിയതായും രേഖയില്ല. ടി കടമുറികൾ പുതുതായി ലേലത്തിൽ നൽകാതിരുന്നതിന് വിശദീകരണം ഹാജരാക്കിയിട്ടില്ല.

(II). വാടക സംബന്ധമായ ഡി.സി.ബി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം 27.14 ലക്ഷം രൂപ വാടകയിനത്തിൽ കുടിശ്ശിക നിലനിൽക്കുന്നു (അരിയർ+കറണ്ട്).

(III). കഴിഞ്ഞ ഒന്നര വർഷത്തിലേറെയായി താലൂക്ക് ഓഫീസ് പ്രവർത്തിക്കുന്നത് മുൻസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് കോംപ്ലക്സിലാണ്. എന്നാൽ നാളിതുവരെ ടി ഓഫീസിൽ നിന്നും വാടക ലഭിച്ചതായി രേഖയില്ല. ആയത് സംബന്ധിച്ച് കരാർ വിവരങ്ങളോ വാടക നിശ്ചയിച്ച രേഖകളോ ഓഡിറ്റിൽ ഹാജരാക്കിയില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/15.01.2024) പല കടമുറികളും വാടകക്കാർ വാടക നൽകാതെ കയ്യടക്കി വെച്ചിട്ടുള്ളതാണെന്നും പലതവണ നോട്ടീസ് നൽകിയിട്ടും ഒഴിയാൻ തയ്യാറായിട്ടില്ലായെന്നും മറുപടി ലഭിച്ചു. വാടക നല്കാതെ നഗരസഭയുടെ കെട്ടിടങ്ങൾ കയ്യടക്കി വെയ്ക്കുന്നവരെ ഒഴിപ്പിക്കാൻ കഴിയാത്തത് നഗരസഭാ അധികൃതരുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതര വീഴ്ചയാണ്. ദീർഘകാലം വാടക കുടിശ്ശിക വരുത്തിയവരെ ഒഴിപ്പിച്ച് നഗരസഭയുടെ അധീനതയിലുള്ള മുഴുവൻ കെട്ടിടങ്ങളിൽ നിന്നും വാടക ഈടാക്കി വിവരം ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. ഒഴിഞ്ഞ് കിടക്കുന്ന കടമുറികൾ പുതുതായി ലേലത്തിൽ നൽകി വരുമാനം വർദ്ധിപ്പിക്കാൻ ശ്രമിക്കേണ്ടതുമാണ്. വിഷയത്തിൽ ഭരണ സമിതിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ അക്കൗണ്ട് - വിശദാംശം ഹാജരാക്കിയില്ല

ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് മുനിസിപ്പൽ എൻജിനീയറുടെ പേരിലുള്ള 67274077836-ാം നമ്പർ അക്കൗണ്ടിലാണ് ഒടുക്കുന്നത്. മുനിസിപ്പൽ എഞ്ചിനീയറുടെ ഇ-ടെന്റർ അക്കൌണ്ടിൽ ഓൺലൈനായി ഒടുക്കിയ തുക നഗരസഭയുടെ അക്കൗണ്ടിലേക്ക് വകയിരുത്തിയിട്ടുള്ളതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

മുനിസിപ്പൽ എഞ്ചിനീയറുടെ ഇ-ടെന്റർ അക്കൗണ്ടിൽ നിലനിൽക്കുന്നതും മുനിസിപ്പൽ ഫണ്ടിലേക്ക് ഒടുക്കിയതുമായ തുകകളുടെ വിശദാംശം, ടി അക്കൗണ്ടിന്റെ നാളിതുവരെയുള്ള ബാങ്ക് പത്രിക എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.11/15.01.24), മറുപടി/രേഖകൾ ലഭ്യമാക്കിയില്ല. ടി അക്കൗണ്ട് അടിയന്തിരമായി പരിശോധിക്കുന്നതിനും ഇതിലുള്ള തുകകൾ നഗരസഭയുടെ തനത് ഫണ്ടിലേക്ക് മാറ്റുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 പെൻഷൻ സസ്പെൻഡ് ചെയ്തിട്ടും വിതരണം ചെയ്യാത്ത തുകകൾ സൊസൈറ്റിയിൽ അവശേഷിക്കുന്നു

സേവന സോഫ്റ്റ്‌വെയർ പ്രകാരമുള്ള പെൻഷൻ വിതരണ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സസ്പെന്റ് ചെയ്യപ്പെടുന്നതുവരെയുള്ള കാലയളവിൽ തുക സൊസൈറ്റിയ്ക്ക് കൈമാറിയിട്ടുള്ളതായും ടി തുക ഗുണഭോക്താക്കൾക്ക് കൈമാറാൻ സാധിച്ചിട്ടില്ല എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| | | | | | |
|---|---|---|---|---|---|
| 1 | ശ്രീധരൻ | 9.11.2022 | വാർദ്ധക്യകാല പെൻഷൻ 104650202551 | 12/2022-6/2023(600x7) 4,200/-രൂപ | (പ്രാദേശിക സർക്കാർ-വെൺമണി പഞ്ചായത്ത് സഹകരണ ബാങ്ക് അക്കൗണ്ടിലേക്ക് നൽകി. |
| 2 | മല്ലാക്ഷി | 21.08.2022 | വാർദ്ധക്യകാല പെൻഷൻ 104820202167 | 9/2022-6/2023 16,000/-രൂപ | (പ്രാദേശിക സർക്കാർ-മാവേലിക്കര-തെക്കേക്കര പഞ്ചായത്ത് സഹകരണ ബാങ്ക് അക്കൗണ്ടിലേക്ക് നൽകി. |
| 3 | ലില്ലിക്കുട്ടി | 13.12.2022 | വാർദ്ധക്യകാല പെൻഷൻ 101840601092 | 1/2023-6/2023 9,600/-രൂപ | (പ്രാദേശിക സർക്കാർ-കായംകുളം മുനിസിപ്പിലാറ്റി. സഹകരണ ബാങ്ക് അക്കൗണ്ടിലേക്ക് നൽകി |
| 4 | ഗീവർഗ്ഗീസ് | 11.01.2023 | വാർദ്ധ്യകകാല പെൻഷൻ 104830202134 | 12/2022-2/2023 4,800/-രൂപ | (പ്രാദേശിക സർക്കാർ-ചെട്ടികുളങ്ങര പഞ്ചായത്ത് സഹകരണ ബാങ്ക് അക്കൗണ്ടിലേക്ക് നൽകി |
| 5 | ചെല്ലമ്മ | 17.03.2023 | വാർദ്ധ്യകകാല പെൻഷൻ 101820202414 | 4/2023-6/2023 4,800/-രൂപ | (പ്രാദേശിക സർക്കാർ-മാവേലിക്കര മുനിസിപ്പിലാറ്റി. സഹകരണ ബാങ്ക് അക്കൗണ്ടിലേക്ക് |

| | | | | | |
|---|---|---|---|---|---|
| | | | | | നൽകി |

പ്രസ്തുത കാലയളവിൽ ഗുണഭോക്താക്കൾക്ക് കൈമാറാൻ സാധിച്ചിട്ടില്ലാത്തതും എന്നാൽ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതുമായ തുക സർക്കാർ ഫണ്ടിലേക്ക് തിരികെ ഒടുക്കിയതിന്റെ വിവരങ്ങൾ അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(39/17.01.24) മറുപടിയായി വിതരണം നടത്താത്ത തുക തിരികെ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ തിരുവനന്തപുരം, ഹെഡ് ഓഫീസ് ബ്രാഞ്ചിലെ നമ്പർ 110110801000251 (ഐ.എഫ്.എസ്.സി കോഡ്-KSBK0000101) എന്ന അക്കൗണ്ടിലേക്ക് അടവാക്കുന്നതാണെന്ന് അറിയിച്ചു. വിതരണം ചെയ്യപ്പെടാത്ത തുക തിരികെ ഒടുക്ക് വരുത്തേണ്ടതും മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ നൽകിയ തുക അതാത് തദ്ദേശ സ്ഥാപനങ്ങളെ അറിയിച്ച് തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

**1-19 സാമൂഹ്യ ക്ഷേമ പെൻഷൻ - മരണശേഷവും ബാങ്ക് അക്കൌണ്ടിലേക്ക് തുക നൽകി**

നഗരസഭയുടെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളിൽ ആധാർ നമ്പർ ലഭ്യമാക്കിയിട്ടുള്ളവരുടെ വിവരവും ഒത്തുനോക്കിയതിൽ ബാങ്ക് അക്കൌണ്ടുവഴി പെൻഷൻ വാങ്ങുന്നവരുടെ മരണശേഷം ക്ഷേമപെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നില്ല എന്ന് കാണുന്നു. തന്മൂലം ദേശസാൽകൃത ബാങ്കുകൾ വഴി പെൻഷൻ കൈപ്പറ്റുന്നവരുടെ അക്കൌണ്ടിലേക്ക് പെൻഷണറുടെ മരണശേഷവും തുക വിതരണം ചെയ്തതിന്റെ ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര്/ മേൽവിലാസം | മരിച്ച തീയതി | പെൻഷൻ തരം/ഐ.ഡി | അനർഹമായ കാലയളവിൽ നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | ശ്രീധരൻ ആചാരി | 30.10.2022 | കർഷക തൊഴിലാളി പെൻഷൻ 104850201211 | 11/2022-6/2023 വരെ 12800/-രൂപ | (പ്രാദേശിക സർക്കാർ- തഴക്കര പഞ്ചായത്ത് (ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു) |
| 2 | സുമതിയമ്മ | 26.2.2023 | വിധവ പെൻഷൻ 104830600471 | 3/2023-6/2023 വരെ 6400/-രൂപ | (പ്രാദേശിക സർക്കാർ- ചെട്ടികുളങ്ങര പഞ്ചായത്ത് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു |

മുകളിൽ സൂചിപ്പിച്ചിരിക്കുന്നവരുടെ പെൻഷൻ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യേണ്ടതും അനർഹമായ കാലയളവിലേക്ക് നൽകിയ തുകയായ 19200/-രൂപ അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കി ഡി.ബി.റ്റി സെല്ലിൽ ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കത്ത് നൽകേണ്ടതും തുടർ

നടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കളുടെ മരണം നഗരസഭയിൽ രജിസ്റ്റർ ചെയ്യുന്നപക്ഷം അതാത് തദ്ദേശ സ്ഥാപനങ്ങളെ അറിയിച്ച് പെൻഷൻ സസ്പെൻഡ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**1-20 14 മാനുവൽ രസീത് ബുക്കുകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല**

നഗരസഭയുടെ മാനുവൽ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ചുവടെ പറയുന്ന ജീവനക്കാർക്ക് നികുതി പിരിവിന് നൽകിയിട്ടുള്ള 14 രസീത് ബുക്കുകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | ബിൽ കളക്ടർ/ ജീവനക്കാരന്റെ പേര് | ബുക്ക് നം, രസീത് നം. |
|---|---|---|
| 1 | ലാലി.വി | 300(29901-30000)<br>303(30201-30300)<br>306(30501-30600)<br>310(30901-31000)<br>313(31201-31300)<br>316(31501-31600)<br>352(35201-35300) |
| 2 | അശ്വിൻ.വി.സുകു | 331(33001-33100)<br>332(33101-33200)<br>337(33701-33800)<br>339(33901-34000)<br>343(34301-34400)<br>345(34501-34600)<br>350(35001-35100) |

മേൽ പറഞ്ഞിട്ടുള്ള രസീത് ബുക്കുകൾ കൂടാതെ ബുക്ക് നം-357, 358, 360 എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ പേര് രേഖപ്പെടുത്താതെ ഇഷ്യു ചെയ്യുന്നതായി കാണുന്നു. മേൽ പറഞ്ഞ രസീത് ബുക്കുകൾ അടിയന്തിരമായി ഹാജരാക്കാനും, സ്റ്റോക്ക് രജിസ്റ്ററിൽ പേര് രേഖപ്പെടുത്താതെ രസീത് ബുക്ക് ഇഷ്യൂ ചെയ്യുന്നതിന് വിശദീകരണം ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-44/18.01.24) മറുപടി ലഭ്യമാക്കിയില്ല.

രസീത് ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതുമൂലം ടി രസീതുകൾ പ്രകാരം പിരിച്ച തുകയുടെ കൃത്യതയും അവയുടെ അടവും ഓഡിറ്റിൽ പരിശോധിച്ചുറപ്പാക്കാനായിട്ടില്ല. രസീതുകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തത് ഗുരുതര വീഴ്ചയാണ്. ഇത്തരം നടപടികൾ ഗുരുതര സാമ്പത്തിക ക്രമക്കേടുകൾക്ക് വഴിതെളിക്കുന്ന നടപടിയാണ്. വിഷയത്തിൽ അന്വേഷണം നടത്തി യുക്തമായ നടപടി സ്വീകരിക്കുന്നതിനും വിശദാംശം ഓഡിറ്റിൽ ധരിപ്പിക്കുന്നതിനും ഭരണ വകുപ്പിനോടു ശുപാർശ ചെയ്യുന്നു.

**1-21 പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം - ഉത്തരവിന് വിരുദ്ധമായി അധികം തുക അനുവദിച്ചു**

നിർവഹണ ഉദ്യോഗസ്ഥൻ -പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ
പ്രോജക്ട് നം. S0058/23
ഫണ്ട് - വികസനഫണ്ട് (എസ്.സി.പി)
അടങ്കൽ - 5,00,000/-

ചെലവ് - 5,00,000/-(ബിൽ നം.,തീയതി - 161/04.03.23)

തദ്ദേശ ഭരണസ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പട്ടികജാതി വിഭാഗത്തിലെ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം പദ്ധതിയിൽ അനുവദിക്കാവുന്ന തുക സ.ഉ.(സാധാ) നം.2593/2022/LSGD തീയതി 26-10-2022 ഉത്തരവ് പ്രകാരം 1,25,000/-രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരമുള്ള വർദ്ധനവ് 15.10.22 ന് ശേഷം നടക്കുന്ന വിവാഹത്തിനാണ് ബാധകമാക്കിയിരിക്കുന്നത്. എന്നാൽ പ്രസ്തുത ഉത്തരവിന് വിരുദ്ധമായി ഉയർന്ന നിരക്കിലാണ് ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് വിവാഹ ധനസഹായം അനുവദിച്ചിരിക്കുന്നത്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വിവാഹ തീയതി | നൽകിയ തുക | അർഹമായ തുക | അധികം നൽകിയത് |
|---|---|---|---|---|---|
| 1. | ഗീതാ സനിൽ, ഉദയം പുറത്ത് | 03.09.22 | 1,25,000/- | 75,000/- | 50,000/- |
| 2. | ലതിക.കെ, കൊല്ലം പറമ്പിൽ (കൃഷ്ണകൃപ) | 12.05.22 | 1,25,000/- | 75,000/- | 50,000/- |
| | ആകെ | | | | 1,00,000/- |

സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/12.01.24), അപേക്ഷകൾ ലഭിച്ചത് ഉത്തരവ് തീയതിക്ക് ശേഷം ആയതിനാൽ, ആ സമയത്ത് നിലവിലുണ്ടായിരുന്ന നിരക്കിൽ തുക നൽകി എന്നാണ് അറിയിച്ചത്. എന്നാൽ പ്രസ്തുത ഉത്തരവ് പ്രകാരം ഉയർന്ന നിരക്ക് ബാധകമാകുന്നത് വിവാഹത്തീയതിയുടെ അടിസ്ഥാനത്തിലാണ്, അപേക്ഷ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിലല്ല. ആയതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ 1,00,000/-രൂപ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കാനായില്ല എങ്കിൽ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. അധികം നൽകിയ 1,00,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-22 ഹരിതകർമ്മസേനക്ക് ഇലക്ട്രിക്ക് വാഹനം വാങ്ങൽ - ഗുണനിലവാരമില്ലാത്ത വാഹനം വാങ്ങി പദ്ധതിപ്പണം പാഴാക്കി

നിർവഹണ ഉദ്യോഗസ്ഥൻ - പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ

പ്രോജക്ടിന്റെ പേര് - മാലിന്യസംസ്കരണം - ഹരിതകർമ്മസേനക്ക് ഇലക്ട്രിക്ക് വാഹനം വാങ്ങൽ

പ്രോജക്ട് നം. S0172/23

ഫണ്ട് - ധനകാര്യകമ്മീഷൻ അവാർഡ്

അടങ്കൽ - 5,00,000/-

ചെലവ് - 4,97,000/-ബിൽ നം., തീയതി - 220/24.03.23

ഹരിതകർമ്മസേനക്ക് ഇലക്ട്രിക്ക് വാഹനം വാങ്ങുന്നതിനായി നടപ്പാക്കിയ പദ്ധതിയാണിത്. 4,97,000/- രൂപ ചെലവഴിച്ച് ജെം പോർട്ടൽ വഴിയാണ് ഇലക്ട്രിക് ഓട്ടോ [E Cart With Tipping Facility(MAC AUTO INDIA)] വാങ്ങിയത്. ഫയൽ പരിശോധിച്ചതിൽ, പ്രസ്തുത വാഹനത്തിന് മതിയായ ഗുണനിലവാരം ഇല്ല എന്നും രണ്ട് തവണ വാഹനം മറിഞ്ഞ് ഹരിതകർമ്മ സേനാംഗങ്ങൾക്ക് പരിക്കേറ്റതായും ആയതിനാൽ MAC AUTO INDIA എന്ന കമ്പനിയെ അറിയിച്ച് വാഹനം പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കുന്നതിന് ആവശ്യപ്പെട്ട് 18.08.23 ൽ H1-13299/22 നമ്പരായി വാഹനത്തിന്റെ ഡീലറായ ഹാപ്പി ഹാൻഡ്സ് ഗ്ലോബൽ, പത്തിയൂർ എന്ന സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ട്. തുടർനടപടികളുടെ വിവരവും വാഹനം മാലിന്യനീക്കത്തിനായി ഉപയോഗിച്ചതിന്റെ വിവരം എന്നിവയും വാഹനത്തിന്റെ ലോഗ് ബുക്ക് സഹിതം ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/15.01.24)

മറുപടി നൽകിയില്ല.






ഓഡിറ്റ് നടത്തിയ ഭൌതിക പരിശോധനയിൽ, നിലവിൽ ഈ വാഹനം നഗരസഭയുടെ പ്രവേശനകവാടത്തിന് സമീപം ഷെഡ്ഡിൽ സൂക്ഷിച്ചിരിക്കുകയാണ് എന്ന് കണ്ടു. ആവശ്യത്തിന് വലിപ്പവും ഭാരവും ഇല്ലാത്തതിനാൽ വാഹനം മാലിന്യനീക്കത്തിനു ഉപയോഗപ്രദമല്ല എന്നും, രണ്ട് തവണ ഓടിക്കാൻ ശ്രമിച്ചുവെങ്കിലും വാഹനം മറിഞ്ഞു പോയതായും, വാഹനം മറിഞ്ഞ് അംഗങ്ങൾക്ക് ആവർത്തിച്ച് പരിക്കുണ്ടായ സാഹചര്യത്തിൽ വാഹനം ഉപയോഗിക്കാനുള്ള ശ്രമം പൂർണ്ണമായും ഉപേക്ഷിച്ചതായും ഹരിതകർമ്മ സേനാംഗങ്ങൾ അറിയിച്ചു. ഇതിൽ നിന്നും മാലിന്യനീക്കത്തിനായി വാങ്ങിയ വാഹനം ഇതുവരെയും ഉപയോഗിക്കാനായില്ല എന്നു വ്യക്തമാകുന്നു.

07.01.2023 ലെ പ്രൊക്യൂർമെന്റ് കമ്മറ്റി മിനിട്ട്സിൽ ഹരിതകർമ്മ സേനക്ക് GEMൽ നിന്നും ഇലക്ട്രിക് വാഹനം വാങ്ങുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയതായി (3-ാം നമ്പർ തീരുമാനം) രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാഹനത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കിയതിന്റെ വിവരം മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ഗുണനിലവാരമില്ലാത്തതിനാൽ നിർദ്ദിഷ്ട ആവശ്യത്തിന് വാഹനം ഉപയോഗിക്കാനാകില്ല എന്ന് ബോധ്യമായ സാഹചര്യത്തിലും കമ്പനി (MAC AUTO INDIA) അധികൃതരുമായി ബന്ധപ്പെട്ട് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാത്തത് നഗരസഭയുടെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ വീഴ്ച ആണ്.

ഗുണനിലവാരം ഉള്ളതാണോ എന്നും മാലിന്യ നീക്കത്തിന് ഉപയോഗയോഗ്യമാണോ എന്നും പരിശോധിച്ചുറപ്പാക്കാതെ വാഹനം വാങ്ങിയത് ശരിയായ നടപടിയല്ല. വാഹനം നിർദ്ദിഷ്ട ആവശ്യത്തിന് ഉപയോഗപ്രദമല്ല എന്ന് ബോദ്ധ്യപ്പെട്ടിട്ടും കമ്പനിയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കാതിരുന്നതും ഗുരുതര വീഴ്ചയാണ്. പദ്ധതിപ്പണം മുടക്കി ഇപ്രകാരം ഉപയോഗപ്രദമല്ലാത്ത ഒരു വാഹനം വാങ്ങിയ നടപടി ഓഡിറ്റിൽ അംഗീകരിക്കാൻ സാധിക്കുകയില്ല. പദ്ധതി ലക്ഷ്യം കൈവരിക്കാത്തതിനാലും പൊതു പണത്തിൽ നിന്നും 4,97,000/- രൂപ ചെലവഴിച്ച് വാങ്ങിയ വാഹനം നിഷ്ക്രിയാസ്തിയായി മാറിയ സാഹചര്യത്തിലും 4,97,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യത ആയി തിട്ടപ്പെടുത്തുന്നു.

**1-23 ശുചീകരണ ആവശ്യത്തിന് വാഹനം വാങ്ങൽ - ടെന്ററിൽ ക്വാട്ട് ചെയ്തതിലും അധികം തുക ചെലവഴിച്ചു**

നിർവഹണ ഉദ്യോഗസ്ഥൻ -പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ

പ്രോജക്ടിന്റെ പേര് - ശുചീകരണ ആവശ്യത്തിന് വാഹനം വാങ്ങൽ

പ്രോജക്ട് നം. S0137/23

ഫണ്ട് - ധനകാര്യകമ്മീഷൻ അവാർഡ്

അടങ്കൽ - 9,00,120/-

ചെലവ് - 8,98,199/-

ബിൽ നം, തീയതി - 148/20.02.23 (23825/-)
167/06.03.23 (8,74,374/-)

Gem Portal മുഖേന വാങ്ങിയ വാഹനത്തിന്റെ (TATA YODHA Crue Cab With Load Body BS6) നികുതി ഉൾപ്പെടെ ടെൻഡറിൽ രേഖപ്പെടുത്തിയ വില 8,40,745/- രൂപയാണ്. എന്നാൽ ഫൈനൽ ബില്ല് പ്രകാരം നല്കിയത് 8,74,374/- രൂപ [856887 + 17487(GST)] യാണ്. വാഹനത്തിന്റെ ഇൻഷ്വറൻസ് ഇനത്തിൽ 23825/- രൂപ ആലപ്പുഴ ജില്ലാ ഇൻഷ്വറൻസ് ഓഫീസറുടെ പേരിൽ അടച്ചിട്ടുണ്ട്. ശുചീകരണ ആവശ്യത്തിന് ഉപയോഗിക്കുന്ന വാഹനമായതിനാൽ റോഡ് ടാക്സിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് 02.03.23 ൽ H1-7876/22 നമ്പരായി മാവേലിക്കര ജോയിന്റ് ആർ.റ്റി.ഒ ക്ക് കത്ത് നൽകിയിട്ടുണ്ട്. വാഹനത്തെ റോഡ് ടാക്സിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ടെൻഡറിൽ ക്വാട്ട് ചെയ്തതിലും ഉപരിയായി വാഹന വിലയിൽ വർദ്ധനവ് വന്നതിന്റെ കാരണവും വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/15.01.24) മറുപടി ലഭിച്ചിട്ടില്ല. അധികം ചെലവഴിച്ച തുകയുടെ കൃത്യത വ്യക്തമാക്കാത്ത സാഹചര്യത്തിൽ 33,629/- രൂപയുടെ (8,74,374 – 8,40,745) ചെലവ് നിരാകരിക്കുന്നു. 33,629/- രൂപ ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-24 വാഹനങ്ങളുടെ പരിപാലനം കാര്യക്ഷമമല്ല

നഗരസഭയിലെ വാഹനങ്ങളുടെ പരിപാലത്തിലും അവയുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പിലും പലവിധ ന്യൂനതകൾ കാണുന്നു.

1. എഞ്ചിനീയറിംഗ് വിഭാഗവും, ഹെൽത്ത് വിഭാഗവും ലഭ്യമാക്കിയ കണക്ക് പ്രകാരം നഗരസഭയിൽ നിലവിൽ ചുവടെ ചേർക്കുന്ന 6 വാഹനങ്ങൾ ഉണ്ട്.

1. KL 31 R 3621 ലോറി
2. KL 31F 3013 ജീപ്പ്
3. KL-31-S-3434 ഫോർഡ് കാർ
4. KL-31 N 696 കാർ
5. KL- 31 N 1842 പിക്ക് അപ്പ്
6. KL-31-S-1324 Tata Yodha

നഗരസഭയിൽ ഉപയോഗിക്കുന്ന എല്ലാ വാഹനങ്ങളുടെയും ലോഗ്ബുക്ക് ആവശ്യപ്പെട്ടുവെങ്കിലും (ഓഡിറ്റ് അന്വേഷണം നം.26/17.01.24) KL-31-S-1324 Tata Yodha, KL-31 N 696 കാർ എന്നീ വാഹനങ്ങളുടെ ലോഗ് ബുക്ക് മാത്രമാണ് ഹാജരാക്കിയത്. ഹാജരാക്കിയ ലോഗ് ബുക്കുകളിൽ ഇന്ധന ഉപഭോഗം സംബന്ധിച്ച മാസാന്ത്യ സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇന്ധനം നിറച്ചതിന്റെ വിശദാംശങ്ങൾ (പെട്രോൾ/ഡീസൽ ബിൽ ഇൻവോയ്സ് നമ്പർ, ഇന്ധനത്തിന്റെ അളവ്) കസ്റ്റോഡിയൻ ഓഫീസറുടെ ഒപ്പ്, വാഹന ഉപയോഗം സംബന്ധിച്ച അഭിപ്രായം എന്നിവയും ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

2. 2000 - ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ, ചട്ടം 8 പ്രകാരം വാഹനത്തിന്റെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ഇന്ധന ഉപയോഗം സംബന്ധിച്ച സർട്ടിഫിക്കറ്റ് സൂക്ഷിക്കേണ്ടതാണ്. എന്നാൽ നഗരസഭയിലെ വാഹനങ്ങളുടെ ഇന്ധനഉപഭോഗം യഥാസമയം (വർഷത്തിൽ ഒരു പ്രാവശ്യം) പരിശോധിക്കുന്നില്ല. വിശദാംശങ്ങൾ

നൽകാത്തതിനാൽ വാഹനങ്ങളുടെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് അവസാനം നടത്തിയിട്ടുള്ളത് എന്നാണ് എന്നതിൽ വ്യക്തതയില്ല. വാഹനങ്ങളുടെ ഫിറ്റ്നെസ് ടെസ്റ്റ് നടത്തിയതിന്റെയും വിവരം ലഭ്യമല്ല. വാഹനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ, വാഹനങ്ങളുടെ അറ്റകുറ്റപ്പണികളുടെ വിവരം രേഖപ്പെടുത്തുന്നതിനായി നിശ്ചിത മാതൃകയിലുള്ള റിപ്പയർ [ചട്ടം 4(1)(ഡി)-അനുബന്ധം(iii)] രജിസ്റ്റർ, സ്പെയർ പാർട്ട് ഉപകരണങ്ങൾ മുതലായവയുടെ സ്റ്റോക്ക് രജിസ്റ്റർ, ഇന്ധന, ഓയിൽ രജിസ്റ്റർ എന്നിവയും ഓഡിറ്റ് അന്വേഷണത്തിലൂടെ ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല.

രജിസ്റ്ററുകളുൾപ്പെടെയുള്ള രേഖകൾ ഹാജരാക്കാത്തതിൽ നിന്നും ഇവ നഗരസഭയിൽ സൂക്ഷിക്കുന്നില്ല എന്നതും ആയതിനാൽ തന്നെ 2000 - ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ അനുശ്ശാസിക്കും വിധം വാഹനങ്ങളുടെ പരിപാലനം നടപ്പാക്കുന്നില്ല എന്നും വ്യക്തമാകുന്നു.

3. ഹെൽത്ത് സെക്ഷൻ നൽകിയ വിവരങ്ങൾ പ്രകാരം നഗരസഭയിലെ ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാഹനം. |
|---|---|
| 1. | KL-31 -A 8804 – Tipper Lorry |
| 2. | KL-04 -Q-452 - Tractor |

ഈ വാഹനങ്ങളുടെ കാലപ്പഴക്കം, ലേലം ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ (ലേല നടപടി ആരംഭിച്ചത് മുതൽ നിലവിലെ അവസ്ഥ വരെയുള്ള വിവരങ്ങൾ) ആയതിന്റെ വിശദാംശങ്ങൾ എന്നിവ ബന്ധപ്പെട്ട ഫയലുകൾ സഹിതം ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 26/17.01.24) മറുപടി നൽകിയില്ല.

കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾക്ക് വിധേയമായി വാഹനങ്ങൾ പരിപാലിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വാഹനവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും കാലികമാക്കി ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങളുടെ മൂല്യം കാലപ്പഴക്കത്താൽ കുറയുന്നത് ഒഴിവാക്കി വാഹനങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-25 ഷ്രഡഡ് പ്ലാസ്റ്റിക് – അക്കൗണ്ടിന്റെ വിശദാംശം ലഭ്യമാക്കിയില്ല**

മാവേലിക്കര നഗരസഭയുടെ പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റിൽ നിന്നും നഗരസഭയിലെയും മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെയും പൊതുമരാമത്ത് പ്രവൃത്തികൾക്കായി 3/22 വരെ ഷ്രഡഡ് പ്ലാസ്റ്റിക് വിറ്റഴിച്ചിട്ടുണ്ട്. അനുബന്ധ ഫയൽ പരിശോധിച്ചതിൽ കരാറുകാർ ഷ്രഡഡ് പ്ലാസ്റ്റിക്കിനായി തുക ഒടുക്കിയതിന്റെ 'പേ ഇൻ സ്ലിപ്'ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിന് രസീത് ഇഷ്യൂ ചെയ്തിട്ടുള്ളതായി കാണുന്നില്ല. ഹരിത കർമസേനയുടെ സീറോ വേസ്റ്റ് പ്രോജക്റ്റിന്റെ ഐ.സി.ഐ.സി.ഐ ബാങ്കിന്റെ അക്കൗണ്ടിലാണ്(നം. 093901002211) തുക ക്രഡിറ്റ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ളത്. ഈ അക്കൗണ്ട് നഗരസഭയുടെ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. ഈ അക്കൗണ്ടിന്റെ (ഐ.സി.ഐ.സി.ഐ ബാങ്ക്-നം. 093901002211) നാളിതുവരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ ലഭ്യമാക്കിയില്ല.

ഹരിതകർമസേന യൂസർ ഫീസ് തുക കൺസോർഷ്യത്തിന്റെ അക്കൗണ്ടായ ഐ.ഡി.ബി.ഐ മാവേലിക്കരയുടെ അക്കൗണ്ടിലാണ്(നം.1432104000085694) ക്രഡിറ്റ് ചെയ്യുന്നത് എന്നിരിക്കെ ഈ

ഐ.സി.ഐ.സി.ഐ ബാങ്ക് അക്കൗണ്ടിന്റെ ആവശ്യകത വ്യക്തമല്ല. നാളിതുവരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കി തുക തനത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുന്നതിനും അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-26 നടപടിക്രമങ്ങൾ പാലിക്കാതെ അവധി അനുവദിച്ചു**

ഫയൽ നം. G2-4826/03

നഗരസഭയിലെ സാനിട്ടേഷൻ വർക്കറായ ശ്രീമതി നിർമ്മലയുടെ സേവനപുസ്തകം പരിശോധിച്ചതിൽ 14.02.22 മുതൽ 15.06.22 വരെ സ്പെഷ്യൽ ഡിസബിലിറ്റി ലീവ് (Rule 98, Part 1, KSR) അനുവദിച്ചതായി സേവനപുസ്തകത്തിൽ (പേജ്.നം.35) രേഖപ്പെടുത്തിയിട്ടുണ്ട്. സ്പെഷ്യൽ ഡിസബിലിറ്റി ലീവ് അനുവദിച്ചതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന രേഖകൾ ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കിയില്ല.

1 ശ്രീമതി നിർമ്മലക്ക് അപകടം പറ്റിയത് സംബന്ധിച്ച നഗരസഭാ സെക്രട്ടറിയുടെ (സമയം, സ്ഥലം എന്നിവ സംബന്ധിച്ച) സാക്ഷ്യപ്പെടുത്തൽ.

2. ചികിത്സ സംബന്ധിച്ച് ഹാജരാക്കിയ ഒ.പി ചീട്ട്, മെഡിക്കൽ സർട്ടിഫിക്കറ്റ്, ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകൾ.

3. സ്പെഷ്യൽ ഡിസബിലിറ്റി ലീവ് അനുവദിച്ച നഗരസഭാ കൗൺസിൽ തീരുമാനം, സെക്രട്ടറിയുടെ ഉത്തരവ് എന്നിവ.

കൂടാതെ സേവനപുസ്തകം പേജ് 35 ലെ അവധി അനുവദിച്ചതായുള്ള രേഖപ്പെടുത്തൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അവധി സംബന്ധിച്ച രേഖപ്പെടുത്തൽ നഗരസഭാ സെക്രട്ടറി ഒപ്പ് വെച്ച് അധികൃതമാക്കാത്തതിനാൽ തന്നെ യഥാർത്ഥത്തിൽ അവധി അംഗീകൃതമാകുന്നില്ല.

ജി.ഒ(എം.എസ്)118/2016/ത.സ്വ.ഭ.വ./17.08.2016 ഖ.XXXIII പ്രകാരം കണ്ടിജന്റ് ജീവനക്കാർക്ക് സ്പെഷ്യൽ ഡിസബിലിറ്റി ലീവ് അനുവദനീയമാണെങ്കിലും ജീവനക്കാരിയുടെ നിയമന അധികാരി ആയ നഗരസഭാ കൗൺസിലിന്റെ അംഗീകാരം ലീവ് അനുവദിക്കുന്നതിൽ അത്യാവശ്യമാണ്. എന്നാൽ ശ്രീമതി നിർമ്മലക്ക് അനുവദിച്ച അവധി കൗൺസിൽ അംഗീകരിച്ചതിന്റെ വിവരം നൽകിയില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27/17.01.24) മറുപടി നൽകിയില്ല. അവധി അനുവദിച്ചതിനാസ്പദമായ പ്രസ്തുത രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. പ്രത്യേക സാഹചര്യങ്ങളിൽ, ജീവനക്കാർക്ക് അർഹമായ അവധികൾ അനുവദിക്കുമ്പോൾ ആവശ്യമായ നടപടിക്രമങ്ങൾ പാലിക്കുന്നതിനും മതിയായ രേഖകൾ ഫയലിൽ ഉൾപ്പെടുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. വിഷയം നഗരസഭാ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-27 റവന്യൂ റിക്കവറി -കൺസ്യൂമർ നമ്പറിൽ വ്യക്തത വരുത്താതെ തുക ചെലവഴിച്ചു**

പ്രൈവറ്റ് ബസ് സ്റ്റാൻഡ് വൈദ്യുത കണക്ഷൻ RR നടപടി എന്ന് രേഖപ്പെടുത്തി 5727/- രൂപ (വൗച്ചർ നം.82/03-23) ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ (നം.R2-7452/82-Vol-8) പരിശോധിച്ചതിൽ, കെ.എസ്.ഇ.ബി യുമായി ബന്ധപ്പെട്ട് കൺസ്യൂമർ നം.26652 പ്രകാരം കൺസ്ട്രക്ഷൻ പർപ്പസിനായി എടുത്തതും പിന്നീട് പൊളിച്ചുകളഞ്ഞതുമായ (സർവേ നം.19/17-B) ഒരു കെട്ടിടത്തിന്റെ അക്കൗണ്ടിന്റെ ഡ്യൂസ് ഇനത്തിലുള്ള തുകയെന്നാണ് 17.08.22 ലെ നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. തുടർന്ന് 01.09.22ലെ റിപ്പോർട്ടിൽ പ്രസ്തുത കൺസ്യൂമർ നമ്പർ പി.എം ഹോസ്പിറ്റൽ എന്ന പ്രൈവറ്റ് സ്ഥാപനവുമായി ബന്ധപ്പെട്ടതാണെന്നും ആയതിനാൽ കൺസ്യൂമർ നമ്പറിൽ വ്യക്തത വരുന്നതിന് കെ.എസ്.ഇ.ബി ക്ക് കത്ത് നൽകുവാനും രേഖപ്പെടുത്തി കാണുന്നു. (കെ.എസ്.ഇ.ബി.-ക്ക് കത്ത് നൽകിയതിന്റെ രേഖകൾ ലഭ്യമല്ല) തുടർന്ന് മാർച്ച് 2023 ൽ ഇലക്ട്രിസിറ്റി ചാർജ്ജ് (5727/- ചെക്ക് നം. 180297/ 28.03.23), നോട്ടീസ് ചാർജ് (372/- ചെക്ക് നം.180298/ 28.03.23) ഉൾപ്പെടെ 6099/- രൂപ

റവന്യൂ വകുപ്പിൽ ഒടുക്കിയിട്ടുണ്ട്.

കെ.എസ്.ഇ.ബി യുമായി ബന്ധപ്പെട്ട് ഡിമാന്റ് ചെയ്ത തുകയിൽ വ്യക്തത വരുത്തിയതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.30/17.01.24) മറുപടി നൽകിയില്ല. കൺസ്യൂമർ നമ്പർ പരിശോധിച്ച്, കെ.എസ്.ഇ.ബി ഡിമാന്റ് ചെയ്ത തുക ഒടുക്കാൻ നഗരസഭക്ക് ബാധ്യത ഉണ്ടായിരുന്നോ എന്നത് ഉറപ്പാക്കാതെയാണ് തുക ചെലവഴിച്ചത് എന്നത് നോട്ട് ഫയലിൽ നിന്നും വ്യക്തമാണ്. ചെലവ് സംബന്ധിച്ച് കൃത്യമായ വിവരം നൽകാത്തതിനാൽ ഈയിനത്തിൽ നടത്തിയ 6099/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-28 അതിദരിദ്രർക്ക് വേണ്ടിയുള്ള മൈക്രോ പ്ലാൻ - ഭക്ഷ്യകിറ്റ് വിതരണത്തിൽ അപാകത**

പ്രോജക്ട് നമ്പർ S0167/23

അടങ്കൽ - 5,00,063/- (391500 വികസനഫണ്ട് സാധാരണ വിഹിതം + 108563 ധനകാര്യകമ്മീഷൻ ഗ്രാന്റ്)

നിർവ്വഹണം - സെക്രട്ടറി

ചെലവ് -

| ക്രമ നമ്പർ | ബിൽ റഫറൻസ് നമ്പർ/ തീയതി | തുക | റിമാർക്സ് | |
|---|---|---|---|---|
| | | | കൈരളി ഹോട്ടൽ (പാകം ചെയ്ത ഭക്ഷണം വാങ്ങിയതിന്റെ തുക നൽകിയത്) | ലാഭം മാർക്കറ്റ് (ഭക്ഷ്യ കിറ്റിന്റെ വില നൽകിയത്) |
| 1. | 22070447001500773505/15.11.22 | 51,900/ -രൂപ | 16,700 | 35,200 |
| 2. | 22070447001500851899/02.12.22 | 39,000/ - രൂപ | 39,000 | |
| 3. | 22070447001500969719/28.12.22 | 37,200/ -രൂപ | | 37,200 |
| 4. | 22070447001501003212/06.1.23 | 35,500/ -രൂപ | 35,200 | |
| 5. | 22070447001501317065/09.3.23 | 69,000/ -രൂപ | 30,800 | 38,200 |
| 6. | 22070447001501515627/28.3.23 | 27,500/ -രൂപ | 27,500 | |

അതിദരിദ്രർക്ക് വേണ്ടിയുള്ള മൈക്രോ പ്ലാൻ പ്രോജക്ടിലുൾപ്പെടുത്തി നിശ്ചിത എണ്ണം ഗുണഭോക്താക്കൾക്ക് ലാഭം മാർക്കറ്റിൽ നിന്ന് 1000/-, 1400/-, 1900/- രൂപ മൂല്യത്തിലുള്ള ഭക്ഷ്യ കിറ്റുകളും നിശ്ചിത എണ്ണം ഗുണഭോക്താക്കൾക്ക് 3 നേരത്തേയ്ക്കുള്ള പാകം ചെയ്ത ഭക്ഷണം കൈരളി ഹോട്ടലിൽ നിന്ന് (ഒരാൾക്ക് ഒരു ദിവസം 100/- രൂപയുടെ ഭക്ഷണം) വാങ്ങി വിതരണം ചെയ്യുകയാണുണ്ടായിട്ടുള്ളത്. ഭക്ഷ്യകിറ്റ് വിതരണ രജിസ്റ്റർ, പാകം ചെയ്ത ഭക്ഷണം വിതരണം ചെയ്തതിന്റെ വിതരണ പത്രിക എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഭക്ഷ്യകിറ്റ് വാങ്ങിയതിന്റെ വിലയായ 1,10,600/- രൂപ ക്രമ നമ്പർ 1, 3, 5 ആയുള്ള ബില്ലുകൾ പ്രകാരം ലാഭം മാർക്കറ്റിന് നൽകിയിട്ടുണ്ട്. എന്നാൽ ഭക്ഷ്യ കിറ്റുകൾ വാങ്ങിയതിനെ സാധൂകരിക്കുന്നതിനായി ടാക്സ് ഇൻവോയ്സുകൾ ഹാജരാക്കുന്നതിന് പകരം GOODS ISSUE SHEET ആണ് ഹാജരാക്കിയിട്ടുള്ളത്. കൂടാതെ ഭക്ഷ്യകിറ്റ് വിതരണ രജിസ്റ്ററിലെ 6 മുതൽ 17 വരെയുള്ള പേജുകളിലെ രേഖപ്പെടുത്തലുകൾ പരിശോധിച്ചതിൽ 1,10,600/- രൂപയുള്ള ഭക്ഷ്യകിറ്റുകൾ വാങ്ങിയെങ്കിലും 55,300/- രൂപയുള്ള ഭക്ഷ്യകിറ്റുകൾ മാത്രമാണ് ഗുണഭോക്താക്കൾ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നമ്പർ | ബിൽ പ്രകാരം വാങ്ങിയ ഭക്ഷ്യകിറ്റിന്റെ വില | വിതരണം ചെയ്ത ഭക്ഷ്യകിറ്റിന്റെ വില | വ്യത്യാസം |
|---|---|---|---|
| 1 | 35,200 | 17600/-<br>(500x13 = 6500<br>700x12 = 8400<br>900x3 = 2700) | 17,600/- |
| 2. | 37,200 | 18600/-<br>(500x15 = 7500<br>700x12 = 8400<br>900x3 = 2700) | 18,600/- |
| 3. | 38,200 | 19100/-<br>(500x16 = 8000<br>700x12 = 8400<br>900x3 = 2700) | 19,100/- |

2. പാകം ചെയ്ത ഭക്ഷണത്തിന്റെ വിലയായി 1,49,200/- രൂപ ക്രമ നമ്പർ 1, 2, 4, 5, 6 ആയുള്ള ബില്ലുകൾ പ്രകാരം കൈരളി ഹോട്ടലിന് നൽകിയിട്ടുണ്ട്. ആയതിന്റെ വിതരണ പത്രികകൾ പരിശോധിച്ചതിൽ ഗുണഭോക്താക്കൾ ഭക്ഷണം കൈപ്പറ്റി ഒപ്പ് വച്ച് കാണുന്നില്ല. ഓരോ ഗുണഭോക്താക്കളുടെ പത്രികകളിലും ഒരു നിശ്ചിത തീയതിയിൽ ഒരാൾ തന്നെ ഒപ്പിട്ടതായിട്ടാണ് കാണുന്നത്. ഗുണഭോക്താക്കളുടെ കൈപ്പറ്റ് വിവരം ഇല്ലാതെ വിതരണത്തിന്റെ ആധികാരികത എപ്രകാരം ഉറപ്പാക്കിയെന്ന് വ്യക്തമല്ല. ഭക്ഷണ വിതരണം നടത്തുമ്പോൾ വിതരണ വിവരം കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (25/16.1.24) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 1,10,600/- രൂപയുള്ള ഭക്ഷ്യകിറ്റുകൾ വാങ്ങിയതിൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാത്ത ഭക്ഷ്യകിറ്റുകളുടെ വിലയായ 55,300/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക ഉത്തരവാദിയിൽ നിന്നും ഈടാക്കേണ്ടതാണ്. കൂടാതെ 1,10,600/- രൂപയുള്ള ടാക്സ് ഇൻവോയ്സുകൾ ഹാജരാക്കേണ്ടതുമാണ്. ആയത് ഹാജരാക്കുന്നത് വരെ നിരാകരിച്ച തുക കഴിച്ചുള്ള 55,300/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-29 സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് വികസനഫണ്ട് (സാധാരണവിഹിതം) വിനിയോഗിച്ച് നഗരസഭാ ലൈബ്രറിയ്ക്ക് ആനുകാലികങ്ങൾ വാങ്ങി**

പ്രോജക്ട് നമ്പർ- S0046/23

അടങ്കൽ - 80,000/- (വികസനഫണ്ട് സാധാരണ വിഹിതം)

നിർവ്വഹണം - സെക്രട്ടറി

ചെലവ് -

ബിൽ റഫറൻസ് നമ്പർ - 220704470015006105063/6.10.22 – 35,653/- രൂപ

ബിൽ റഫറൻസ് നമ്പർ - 220704470015013606096 /15.3.23 – 38,594/- രൂപ

നഗരസഭാ ലൈബ്രറിയ്ക്ക് ആനുകാലികങ്ങൾ വാങ്ങുന്നതിനായി വികസനഫണ്ട് സാധാരണവിഹിതം വകയിരുത്തി 74,247/- രൂപ ചെലവഴിച്ചിരുന്നു. ഇപ്രകാരം സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കാത്ത ഇനത്തിനായി വികസനഫണ്ട് വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം(നം.23/16.1.24) നൽകിയെങ്കിലും വിശദീകരണം ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി നടത്തിയ 74,247/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-30 അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ ഗുരുതര ക്രമക്കേടുകൾ – വിശദമായ അന്വേഷണം ആവശ്യം**

അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ നിർവഹണത്തിൽ ഗുരുതരക്രമക്കേടുകൾ നടന്നതായും ഇതിന്റെ അന്വേഷണത്തിനായി ഒരു ഉപസമിതിയെ നിയോഗിച്ചതായും (27.06.22-ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം) കൌൺസിൽ മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിൽ ഹാജരാക്കിയ ഫയൽ R2 -13726/18 (D) പരിശോധിച്ചതിൽ കണ്ട വിവരങ്ങളുടെയും ഉപസമിതി മിനിട്സിലെ രേഖപ്പെടുത്തലുകളുടെയും അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. R2 -13726/18 നമ്പർ പിഎംഎവൈ/ലൈഫ് എന്ന ശീർഷകം ഉള്ള ഒറിജിനൽ ഫയൽ സെക്ഷനിൽ കാണാതായ വിവരം 21.06.22-ലെ നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയലും തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി പിഎംഎവൈ/ലൈഫ് ഗുണഭോക്താക്കൾക്ക് 2021-22 വർഷം ആനുകൂല്യം നൽകിയതിന്റെ ഫയലും നിലവിലും നഗരസഭയിൽ ലഭ്യമല്ല.

ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചതുൾപ്പെടെയുള്ള വിശദാംശങ്ങൾ അടങ്ങിയ ഫയൽ കാണാതായ സാഹചര്യത്തിൽ ഫയലിന്റെ കസ്റ്റോഡിയൻ ഓഫീസർ, റവന്യൂ സെക്ഷൻ മേധാവി, തൊഴിലുറപ്പ് പദ്ധതിയിലെ ഉത്തരവാദപ്പെട്ട ജീവനക്കാർ എന്നിവർക്കെതിരെ നഗരസഭാതലത്തിൽ/ വകുപ്പുതലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/10.01.24), തൊഴിലുറപ്പ് പദ്ധതിയിലെ കരാർ ജീവനക്കാർക്ക് (അക്കൌണ്ടന്റ്, ഓവർസിയർ) പദ്ധതി നിർദ്ദേശങ്ങളുടെ ഭാഗമായി സ്വന്തം യൂസർ ഐ.ഡി, പാസ് വേർഡ് എന്നിവ ഉള്ളതിനാൽ, പ്രവൃത്തി നടത്തിപ്പുമായി ബന്ധപ്പെട്ട ബില്ലുകൾ സെക്രട്ടറി പാസാക്കുന്നതൊഴിച്ചാൽ തൊഴിൽ കാർഡ് ഇഷ്യൂ ചെയ്യലുൾപ്പെടെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ഇവർ സ്വന്തം നിലയിലാണ് ചെയ്യുന്നതെന്നാണ് അറിയിച്ചത്. കരാർ ജീവനക്കാരുടെ നിയമനം, വേതനം, കരാർ പുതുക്കൽ തുടങ്ങിയവ മാത്രമാണ് സെക്ഷൻ നേരിട്ട് ചെയ്യുന്നത്. ഫയൽ സൂക്ഷിക്കുന്നതുൾപ്പെടെ തൊഴിലുറപ്പ് പദ്ധതിയുടെ നിർവഹണത്തിൽ നഗരസഭാ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് ആവശ്യത്തിന് മേൽനോട്ടം ഉണ്ടായിരുന്നില്ല എന്നതാണ് മറുപടിയിൽ നിന്നും വ്യക്തമാകുന്നത്.

2. നഗരസഭാതലത്തിൽ ഫയൽ കണ്ടെടുക്കാനാവാതിരുന്ന സാഹചര്യത്തിൽ കൂടുതൽ അന്വേഷണം നടത്തി ഫയൽ കണ്ടെത്തുന്നതിനായി എസ്.എച്ച്.ഒ, മാവേലിക്കര പോലീസ് സ്റ്റേഷൻ പേരിൽ 25.06.22-ൽ (R2-13726/18 നമ്പർ) കത്ത് നൽകിയിട്ടുണ്ട്. കത്ത് നൽകിയെങ്കിലും പോലീസ് അധികാരികളുടെ ഭാഗത്ത് നിന്നും വിഷയത്തിൽ ആവശ്യമായ ഇടപെടലുകളുണ്ടായില്ല എന്നാണ് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ സൂചിപ്പിച്ചത്.

3. മാനേജർ, എസ്.ബി.ഐ (അക്കൌണ്ട് നം.57040315647), മാവേലിക്കരയുടെ പേരിൽ തൊഴിലുറപ്പ് പദ്ധതിയിൽ 01.04.2010 മുതൽ പിൻവലിച്ച ചെക്കുകൾ ഏതൊക്കെ ഗുണഭോക്താക്കളുടെ

അക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ട് എന്നതിന്റെ വിശദാംശം ആവശ്യപ്പെട്ട് വിവിധ തീയതികളിൽ (23.07.22, 08.08.22, 20.10.22, 01.11.22,14.12.22 തീയതികളിലെ R2 13726/18 നം.കത്തുകൾ) കത്ത് നൽകിയതിന്റെ വിവരവും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ആവശ്യപ്പെട്ട വിവരങ്ങൾ ബാങ്കിൽ നിന്നും ലഭിച്ചതിന്റെയും മുൻ വർഷങ്ങളിലെ ഉൾപ്പെടെയുള്ള വിവരങ്ങൾ ഇപ്രകാരം ആവശ്യപ്പെടുവാനുണ്ടായ സാഹചര്യം വിശദമാക്കാനും ആവശ്യപ്പെട്ടതിന്, ഗുണഭോക്താക്കളുടെ വ്യക്തിഗത അക്കൌണ്ടിലേക്ക് തുക നൽകിയതിന്റെ (ഓരോ പ്രവൃത്തിയിലും ഏതൊക്കെ വ്യക്തികൾക്ക്) വിവരം ബാങ്ക് അധികൃതർ നിലവിലും നൽകിയിട്ടില്ല എന്നാണ് അറിയിച്ചത്. തൊഴിലുറപ്പ് പദ്ധതി കരാർ ജീവനക്കാരിയായിരുന്ന ശ്രീമതി. വന്ദന പത്ത് വർഷത്തിലധികം പ്രസ്തുത ചുമതലയിലുണ്ടായിരുന്നതിനാൽ ഇവരുടെ ഭാഗത്ത് നിന്നും എന്തെങ്കിലും വീഴ്ച ഉണ്ടായിട്ടുണ്ടോ എന്നത് അറിയാനാണ് ഇപ്രകാരം മുൻ വർഷങ്ങളിലെ ഉൾപ്പെടെയുള്ള വിവരങ്ങൾ ആവശ്യപ്പെട്ടതെന്നും മറുപടി നൽകി.

4. നഗരസഭയിലെ തൊഴിലുറപ്പ് പദ്ധതി കരാർ ജീവനക്കാരിയായിരുന്ന ശ്രീമതി. വന്ദനയുടെ ഭാഗത്ത് നിന്നും ഗുരുതര വീഴ്ച ഉണ്ടായതിനാൽ 30.06.22 ന് ശേഷം ഇവരെ ജോലിയിൽ തുടരുന്നതിന് അനുവദിക്കേണ്ടതില്ല എന്നും പ്രസ്തുത മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കരാർ ജീവനക്കാരിയുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ച അന്വേഷിച്ച് ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ, ഇവരുടെ പ്രവർത്തനം നോക്കാൻ ചുമതലപ്പെട്ട നഗരസഭയിലെ ബന്ധപ്പെട്ട സെക്ഷനെതിരെ നടപടി സ്വീകരിച്ചുവോ, ചുമതലപ്പെട്ട സെക്ഷനുകളിലെ ഉദ്യോഗസ്ഥരുടെ വിവരം എന്നിവ ആവശ്യപ്പെട്ടതിന്, നഗരകാര്യ ഡയറക്ടറുടെ ഉത്തരവ് (ഡിയുഎ 7488/2022/ഡിസി3/09.12.22) പ്രകാരം ഇവരെ ജോലിയിൽ നിന്നും പിരിച്ചു വിട്ടു എന്നാണ് മറുപടി നൽകിയത്.

5. തൊഴിലുറപ്പ് പദ്ധതിയിലെ ക്രമക്കേടുകൾ അന്വേഷിക്കുന്നതിനായി നഗരസഭാ ചെയർമാൻ അധ്യക്ഷനായി രൂപീകരിച്ച അഞ്ചംഗ ഉപസമിതിയുടെ മിനുട്സ് പരിശോധിച്ചതിൽ 02.08.22, 15.10.22, 14.11.22 തീയതികളിൽ ഉപസമിതി യോഗം ചേർന്നിട്ടുണ്ട് എന്നു കാണുന്നു. എന്നാൽ ഓഡിറ്റ് നടന്ന 01/24 ലും ക്രമക്കേടുകൾ അന്വേഷിച്ച് ഉപസമിതി അന്തിമ റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല.
14.11.22 തീയതിയിലെ ഉപസമിതി മിനുട്സ് പ്രകാരം പദ്ധതി നിർവഹണത്തിലെ ക്രമക്കേട് സംബന്ധിച്ച് രേഖപ്പെടുത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.
എ) ചുവടെ ചേർക്കുന്നവരുടെ തൊഴിൽ കാർഡിൽ ഇരട്ടിപ്പ് വന്നു.

| ക്രമ നം. | പേര് | വാർഡ് നം. |
|---|---|---|
| 1 | സുശീലാ കോമളൻ | 12 |
| 2 | രമാഭായ് | 14 |
| 3 | രമ.ബി | 13 |
| 4 | മിനി | 17 |
| 5 | മണി അനിയൻ | 2 |
| 6 | അമ്മിണി മാധവൻ | 2 |
| 7 | ശാന്തമ്മ | 11 |
| 8 | ലീലാമണി | 11 |
| 9 | ചിന്നമ്മ | 14 |
| 10 | ഇന്ദിര ജെ. | 14 |
| 11 | കനകമ്മ ശശി | 2 |
| 12 | കൃഷ്ണമ്മ | 6 |
| 13 | സെലീന ജോസഫ് | 6 |
| 14 | രമാദേവി | 16 |
| 15 | അമ്മിണി | 2 |

| | | |
|---|---|---|
| 16 | വിജയമ്മ | 2 |
| 17 | ഓമന | 15 |
| 18 | ലീലാമ്മ മത്തായി | 5 |
| 19 | തുളസി | 27 |
| 20 | ജഗദമ്മ | 13 |
| 21 | മണിയമ്മ | 11 |

ബി) മേൽ ഇരട്ടിപ്പുകളിൽ കണ്ടെത്തിയ പി.എം.എ.വൈ അപേക്ഷകരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | വാർഡ് നം. |
|---|---|---|
| 1 | ചിന്നമ്മ | 14 |
| 2 | ഇന്ദിര ജെ. | 14 |
| 3 | കനകമ്മ ശശി | 2 |
| 4 | അമ്മിണി | 2 |
| 5 | വിജയമ്മ | 2 |
| 6 | മണി അനിയൻ | 2 |
| 7 | തുളസി | 27 |

സി) തൊഴിലുറപ്പ് പദ്ധതിയിൽ ആനുകൂല്യം നൽകുന്ന പിഎംഎവൈ/ലൈഫ് ഗുണഭോക്താക്കളിൽ ഇരട്ടിപ്പ് വന്നവരുടെ വിവരം

| ക്രമ നം. | പേര് | വാർഡ് നം. |
|---|---|---|
| 1 | അയ്യപ്പദാസ് | 21 |
| 2 | സാലിനി ഗോപാൽ | 10 |
| 3 | അമ്മിണി, കല്ലുകുഴിയിൽ | 15 |
| 4 | രമാദേവി | 14 |

ഡി) മരണപ്പെട്ടവരുടെ പേരിലുള്ള തൊഴിൽകാർഡ് വിവരം

| ക്രമ നം. | പേര് | വാർഡ് നം. |
|---|---|---|
| 1 | ലിസ്സിജോൺ | 24 |
| 2 | സരസമ്മ | 3 |
| 3 | അമ്മിണിഅമ്മ | 1 |
| 4 | കുഞ്ഞിപ്പെണ്ണ് | 5` |
| 5 | കൊച്ചിക്ക | 14 |

ഡി) റേഷൻകാർഡ് നമ്പർ ഇല്ലാത്ത തൊഴിൽകാർഡ് ഉടമകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | വാർഡ് നം. |
|---|---|---|
| 1 | കനകമ്മ ശശി | 2 |
| 2 | ഷൈനി പി. | 16 |
| 3 | സന്ധ്യ ആർ. | 16 |
| 4 | ബിജിമോൾ | 16 |
| 5 | ദേവകി | 16 |
| 6 | കോശിഡാനിയൽ | 18 |

| | | |
|---|---|---|
| 7 | സുചിത്ര ജി. | 19 |
| 8 | ഗീത സി. | 21 |
| 9 | പൊന്നമ്മ | 22 |
| 10 | ലത സി. | 22 |
| 11 | ജയകുമാരി | 22 |
| 12 | റാണി അജിത്ത് | 22 |
| 13 | ബിന്ദു ബി. | 22 |
| 14 | സിന്ധു എസ്. | 25 |
| 15 | ഉഷാനന്ദിനി | 25 |
| 16 | തങ്കമണി | 25 |
| 17 | തുളസി | 27 |
| 18 | അനിത വി. | 27 |
| 19 | ലളിത | 2 |
| 20 | രാജമ്മ | 2 |
| 21 | ശശികല | 3 |
| 22 | കലാദേവികുഞ്ഞമ്മ | 4 |
| 23 | ഹേമലത കെ.എം. | 4 |
| 24 | ഗീത | 5 |
| 25 | മുരുകൻ | 5 |
| 26 | സെലീനജോസഫ് | 6 |
| 27 | കൃഷ്ണമ്മ | 6 |
| 28 | അജിതാകുമാരി | 6 |
| 29 | എലിസബത്ത് | 7 |
| 30 | ചെല്ലമ്മ | 13 |
| 31 | ലില്ലിക്കുട്ടി വർഗ്ഗീസ് | 28 |
| 32 | ചെല്ലമ്മ | 13 |
| 33 | ശാന്തമ്മ രവി | 13 |
| 34 | മണി എൻ.ബി. | 13 |
| 35 | സിന്ധുമോൾ റ്റി.കെ. | 13 |
| 36 | രമാദേവി | 14 |
| 37 | രമാദേവി ഗോപകുമാർ | 14 |
| 38 | രമ | 14 |
| 39 | കുഞ്ഞിപ്പെണ്ണ് | 15 |
| 40 | അനിത കെ. | 15 |
| 41 | മണി | 15 |
| 42 | കുട്ടിയമ്മ | 15 |
| 43 | രാധാമണി | 16 |
| 44 | ശാന്തമ്മ | 3 |

| | | |
|---|---|---|
| 45 | ഓമന സുരേന്ദ്രൻ, | 10 |
| 46 | മണിയമ്മ, | 13 |
| 47 | ജയശ്രീ പി.എം. | 13 |
| 48 | പൊന്നമ്മ | 13 |

കൂടാതെ 15.10.22-ലെ മിനുട്സിൽ 14-ാം വാർഡ് മെമ്പർ അദ്ദേഹത്തിന്റെ വാർഡിലെ മനോദൗർബല്യമുള്ള ചിന്നമ്മ എന്ന സ്ത്രീക്ക് രണ്ട് തൊഴിൽകാർഡുകൾ നൽകിയതായി പരാതി ലഭിച്ചതായും അമ്മിണി, മണപ്പുറം, പതിനഞ്ചാം വാർഡിലെ അമ്മിണി, കല്ലുകുഴി, 21-ാം വാർഡിലെ അഞ്ചന, ഭർത്താവ് അയ്യപ്പദാസ് എന്നിവർ പിഎംഎവൈ/ലൈഫ് പദ്ധതിയിൽ അർഹമായതിലും അധികം തുക കൈപ്പറ്റിയത് സംബന്ധിച്ചും പരാതി ലഭിച്ചതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

15.10.22, 14.11.22 തീയതികളിലെ മിനിട്സിൽ രേഖപ്പെടുത്തിയ ഗുരുതര അപാകതകളിൽ നഗരസഭയുടെ ഭാഗത്ത് നിന്നും സ്വീകരിച്ച നടപടികളുടെ വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 1/10.01.24) പ്രാഥമിക പരിശോധനയിൽ അനധികൃതമായി തുക നഷ്ടപ്പെട്ടിട്ടില്ല എന്നാണ് മറുപടി നൽകിയത്. എന്നാൽ ഗുണഭോക്താക്കളുടെ വ്യക്തിഗത അക്കൌണ്ടിലേക്ക് തുക അനുവദിച്ചതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭിക്കാതെ അനർഹരായ വ്യക്തികൾ തുക കൈപ്പറ്റിയിട്ടുണ്ടോ എന്നത് വ്യക്തമാകുന്നില്ല എന്നാണ് എക്സിറ്റ് കോൺഫറൻസിൽ ചെയർമാൻ അറിയിച്ചത്.

പലതവണ ആവശ്യപ്പെട്ടിട്ടും മേൽ സംശയിക്കുന്ന രീതിയിലുള്ള ക്രമക്കേടുകൾ നടന്നിട്ടുണ്ടോയെന്നത് പരിശോധിച്ചുറപ്പാക്കുന്നതിനാവശ്യമായ രേഖകൾ ബാങ്ക് അധികൃതരിൽ നിന്നും ലഭ്യമാകാത്ത സാഹചര്യത്തിൽ, രേഖകൾ കണ്ടെത്തി വിശദമായ അന്വേഷണം നടത്തേണ്ടത് അനിവാര്യമാണ്. ആയതിനാൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ നടന്നിട്ടുണ്ടോയെന്നത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിന് ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

**1-31 ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങൽ - പ്രോജക്ട് നിർവ്വഹണത്തിൽ അപാകത**

| | |
|---|---|
| പ്രോജക്ട് നമ്പർ | S0083/23 |
| പേര് | ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങൽ |
| അടങ്കൽ | 5,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | പേമെന്റ് അഡ്വൈസ് നമ്പർ - C012310385118/6.1.23 - 4,95,812/- |
| ഫയൽ നമ്പർ | E1- 7621/22 |
| നിർവ്വഹണം | സെക്രട്ടറി |

ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങൽ എന്ന പ്രോജക്ടിലുൾപ്പെടുത്തി 1400 വീതം 18w എൽ.ഇ.ഡി. ബൾബ്,

ഷെയ്ഡ്, ഹോൾഡർ, 40 റോൾ അലൂമിനിയം വയർ, 60 ഇൻസുലേഷൻ ടേപ്പ് എന്നിവ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് (സിൽക്ക്) എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. പ്രോജക്ടും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഇലക്ട്രിക്കൽ ഉപകരണങ്ങൾ വാങ്ങിയതിന്റെ PED/22-23/R/147/13.12.22 നമ്പർ ഇൻവോയ്സ് പ്രകാരം 36,726.80/- രൂപ സെന്റേജ് ചാർജ്ജിനത്തിൽ ഡിമാന്റ് ചെയ്യുകയും ആയത് സിൽക്കിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട് (ഈ ഉപകരണങ്ങൾ തെരുവ് വിളക്ക് മെയിന്റനൻസ് പ്രോജക്ടിലുൾപ്പെടുത്തിയാണ് സ്ഥാപിച്ചിട്ടുള്ളത്). ഇലക്ട്രിക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായുള്ള പ്രോജക്ടിന്റെ ഭാഗമായി സെന്റേജ് ചാർജ്ജ് അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വാങ്ങൽ പ്രോജക്ടിന് സെന്റേജ് ചാർജ്ജ് അനുവദിച്ചത് ക്രമവിരുദ്ധമായ നടപടിയാണ്. ആയതിനാൽ ഈയിനത്തിൽ നടത്തിയ 36,726/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

2. രേഖകൾ പരിശോധിച്ചതിൽ ഇലക്ട്രിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി സിൽക്ക്, സിഡ്കോ എന്നിവരിൽ നിന്ന് എസ്റ്റിമേറ്റ് കത്ത് മുഖേന ആവശ്യപ്പെടുകയും ആയതിൽ കുറഞ്ഞ നിരക്ക് ലഭ്യമാക്കിയ സിൽക്കിന്റെ എസ്റ്റിമേറ്റ് അംഗീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ജി.ഒ.(ആർ.ടി.) 06/21 എസ്.പി.ഡി. തീ. 19.2.21 പ്രകാരം സ്റ്റീൽ ഫർണിച്ചറുകൾ നൽകുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയാണ് സിൽക്ക്. തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി സിൽക്കിനെ നിശ്ചയിച്ച് കൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭ്യമല്ല. ആയതിനാൽ ക്വട്ടേഷൻ നടപടികൾ കൂടാതെ സിൽക്കിനെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച നടപടി ക്രമപ്രകാരമല്ല.

3. 1400 വീതം 18W എൽ.ഇ.ഡി. ബൾബ്, ഷെയ്ഡ്, ഹോൾഡർ എന്നിവ സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 7,8,9 എന്നിവയിൽ ഉൾപ്പെടുത്തി വാർഡൊന്നിന് 50 എണ്ണം വീതം 28 വാർഡുകളിലേയ്ക്ക് നൽകി എന്ന് മാത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ഇവ വിതരണം ചെയ്ത തീയതി, കൈപ്പറ്റിയ ആളുടെ പേര്, ഒപ്പ് എന്നിവ ഉൾപ്പെടുത്തി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.6/12.1.24) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമനമ്പർ 1 പ്രകാരം നിരാകരിച്ച 36,726/- രൂപ തിരികെ ഈടാക്കേണ്ടതാണ്. ടി മറ്റു ന്യൂനതകളുടെ അടിസ്ഥാനത്തിൽ ബാക്കി 4,59,085/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 എൽ.ഇ.ഡി. ലൈറ്റ് സ്ഥാപിക്കൽ - ചെലവിനെ സാധൂകരിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0007/23 (സ്പിൽ ഓവർ) |
| പേര് | സോഡിയം വേപ്പർ ലാമ്പുകൾ മാറ്റി 100 വാട്ട് എൽ.ഇ.ഡി.ലൈറ്റുകൾ സ്ഥാപിക്കുക |
| അടങ്കൽ | 4,50,265/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | പേമെന്റ് അഡ്വൈസ് നമ്പർ - C052260959432/31.5.22 - 450071/- |
| ഫയൽ നമ്പർ | E1 -13360/21 |
| നിർവ്വഹണം | സെക്രട്ടറി |

നഗരസഭയിലെ മെയിൻ റോഡുകളിൽ സ്ഥാപിച്ചിട്ടുള്ള സോഡിയം വേപ്പർ ലാമ്പുകൾ മാറ്റി 100 വാട്ട് എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി ആവിഷ്ക്കരിച്ച സ്പിൽ ഓവർ പ്രോജക്ടാണിത്. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിനെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ള പ്രോജക്ടിന്റെ ഭാഗമായി 111 ലൈറ്റുകൾ മാറ്റി പുതിയവ സ്ഥാപിച്ചതിന് 2021- 22 വർഷം 6,49,735/- രൂപ

നൽകിയിരുന്നു. തൻവർഷം 39 ലൈറ്റുകൾ മാറ്റി എൽ.ഇ.ഡി. സ്ഥാപിച്ചതിനും 38 എണ്ണം പുതിയതായി സ്ഥാപിച്ചതിനും മേൽ രേഖപ്പെടുത്തിയ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. ഒരു ലൈറ്റ് സ്ഥാപിക്കുന്നതിന് 5,850.03/- രൂപ നിരക്കിലാണ് സിൽക്കിന് നൽകിയത്. പ്രോജക്ടും അനുബന്ധരേഖകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഒരു നിശ്ചിത പ്രവർത്തി ചെയ്യാൻ അക്രഡിറ്റഡ് ഏജൻസികളെ അനുവദിച്ച കൊണ്ട് കാലാകാലങ്ങളിൽ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കാറുണ്ട്. ജി.ഒ.(ആർ.ടി.) 06/21 എസ്.പി.ഡി. തീയതി 19.2.21 പ്രകാരം സ്റ്റീൽ ഫർണിച്ചറുകൾ നൽകുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയാണ് സിൽക്ക്. തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി സിൽക്കിനെ അംഗീകരിച്ച കൊണ്ടും തെരുവ് വിളക്ക് നൽകുന്നതിന് ചുമത്താവുന്ന സർക്കാർ അംഗീകൃത നിരക്കുകളും അംഗീകരിച്ച് കൊണ്ടുള്ള സർക്കാർ ഉത്തരവും ഹാജരാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. എന്നാൽ 100 Watt എൽ.ഇ.ഡി. ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഹാജരാക്കുവാനാവശ്യപ്പെട്ട് സിൽക്കിനും സിഡ്കോയ്ക്കും കത്ത് നൽകുകയും കുറഞ്ഞ എസ്റ്റിമേറ്റ് ഹാജരാക്കിയ സിൽക്കിൽ നിന്ന് തെരുവ് വിളക്ക് വാങ്ങുകയുമാണ് ചെയ്തിട്ടുള്ളത്. തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി സിൽക്കിനെ നിശ്ചയിച്ച കൊണ്ട് സർക്കാർ ഉത്തരവ് ലഭ്യമല്ല. ആയതിനാൽ ക്വട്ടേഷൻ നടപടികൾ കൂടാതെ സിൽക്കിനെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച നടപടി ക്രമപ്രകാരമല്ല.

2. 188 പോസ്റ്റുകളിൽ എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ഭാഗമായി നിലവിൽ ആ പോസ്റ്റുകളിലുണ്ടായിരുന്ന സോഡിയം വേപ്പർ ലാമ്പുകൾ സ്റ്റോക്കിലുൾപ്പെടുത്തി നഗരസഭയെ തിരികെ എൽപ്പിച്ചതിന്റെ രേഖകളും അവ ലേലം ചെയ്ത് നൽകിയെങ്കിൽ ആയതിന്റെ വിശദാംശവും ഹാജരാക്കിയിട്ടില്ല.

3. ഓരോ വാർഡിലും ഏതെല്ലാം ദിവസങ്ങളിലാണ് ലൈറ്റുകൾ സ്ഥാപിച്ചത് എന്നതിന്റെ വിശദാംശവും ആ ദിവസങ്ങളിൽ സ്ട്രീറ്റ് മെയിൻ ഓഫാക്കി നൽകുന്നതിന് മാവേലിക്കര, തട്ടാരമ്പലം ഇലക്ട്രിക്കൽ സെക്ഷനുകളിലേക്ക് കത്ത് നൽകിയതിന്റെയും ആയതിന് അനുമതി ലഭിച്ചതിന്റേയും വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

4. 2020-21 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-23 പ്രകാരം നഗരസഭാപരിധിയിൽ 1x250 വാട്ടിന്റെ 204 സോഡിയം വേപ്പർ ലാമ്പുകളാണ് ഉള്ളത്. ഇതിൽ ഓരോ വാർഡിലേയും എതെല്ലാം പോസ്റ്റുകളിലുണ്ടായിരുന്ന ലാമ്പുകളാണ് മാറ്റി പുതിയവ സ്ഥാപിച്ചതെന്നത് സംബന്ധിച്ച ഇൻസ്റ്റലേഷൻ റിപ്പോർട്ട് സിൽക്ക് ഹാജരാക്കിയിട്ടില്ല. 150 ലൈറ്റുകൾ പഴയത് മാറ്റി സ്ഥാപിച്ചതായും (111 എണ്ണം 2021-22 വർഷവും 39 എണ്ണം 2022-23ൽ മാറ്റി സ്ഥാപിച്ചതും) 38 ലൈറ്റുകൾ പുതിയതായി സ്ഥാപിച്ചതായും ഉള്ള CD/21-22/R/123 തീയതി 18.3.22 നമ്പർ ടാക്സ് ഇൻവോയ്സ് അധികാരപ്പെട്ട ഉദ്യോഗസ്ഥരാരും പരിശോധിച്ച് ഉറപ്പ് വരുത്താതെയാണ് സിൽക്കിന് തുക നൽകിയിട്ടുള്ളത്. നിശ്ചിത എണ്ണം സോഡിയം വേപ്പർ ലാമ്പുകൾ മാറ്റി എൽ.ഇ.ഡി ലൈറ്റ് സ്ഥാപിച്ചതായുള്ള വാർഡ് കൗൺസിലർമാരുടെ സാക്ഷ്യപത്രം മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

5. മാവേലിക്കര നഗരസഭാ പരിധിയിലുള്ള മുഴുവൻ തെരുവ് വിളക്കുകളും 45/50 W എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റ് സിസ്റ്റം ആക്കുന്നതിനായി 2020-21 വർഷം S0045/21 നമ്പർ പ്രോജക്ടിലുൾപ്പെടുത്തി 1576 എൽ.ഇ.ഡി. ലൈറ്റുകൾ യുണൈറ്റഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, കൊല്ലം എന്ന സ്ഥാപനത്തിൽ നിന്ന് 59,96,677/- രൂപ (ബിൽ നമ്പർ - 107/12.11.2020 - 40,53,400/-ബിൽ നമ്പർ - 108/12.11.2020 - 19,43,277/-) ചെലവിൽ നടപ്പാക്കിയിരുന്നു. ഇപ്രകാരം നഗരസഭാ പരിധിയിലുള്ള എല്ലാ തെരുവ് വിളക്കുകളും എൽ.ഇ.ഡി. ലൈറ്റുകളാക്കിയിരിക്കെ സോഡിയം വേപ്പർ ലാമ്പുകൾ മാറ്റുന്നതിനായി പ്രോജക്ട് എപ്രകാരം നടപ്പാക്കുമെന്ന് വ്യക്തമല്ല.

അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം. 41/18.1.24 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നത് വരെ 4,50,071/- രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

**1-33 തെരുവ് വിളക്കുകൾ സ്ഥാപിക്കലും അറ്റകുറ്റപ്പണിയും - അധിക നിരക്കിൽ ഫിറ്റിംഗ് ചാർജ്ജ് നല്കി, മെയിന്റനൻസ് നടത്തിയതിന്റെ രേഖകൾ ഇല്ല**

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | S0102/23 തെരുവു വിളക്കുകളുടെ മെയിന്റനൻസ് (സ്പിൽ ഓവർ) |
| അടങ്കൽ | 5,10,000/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 1.ബിൽ റഫറൻസ് നമ്പർ - 22070447001500513871/ 5.9.22 - 32,000/-<br>2.ബിൽ റഫറൻസ് നമ്പർ - 22070447001501512806/ 28.3.22 - 3,87,200/- |
| ഫയൽ നമ്പർ | E1 -7020/21 |
| നിർവ്വഹണം | സെക്രട്ടറി |
| കരാറുകാരൻ | ഗണേശൻ പിള്ള, കൊന്നയിൽ വീട്, ശൂരനാട് |

ഈ പദ്ധതി നടത്തിപ്പിൽ ചുവടെ ചേർക്കുന്ന ന്യൂനതകൾ കാണുന്നു.

1. ഈ പദ്ധി പ്രകാരം ടി രണ്ട് ബില്ലുകളിലായി തെരുവു വിളക്കുകളുടെ മെയിന്റനൻസ് നടത്തിയതിന്റെ പേരിൽ കരാറുകാരന് ആകെ 4,19,200/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ ഇതിൽ ആദ്യ ബിൽ പ്രകാരമുള്ള തുക (രൂ.32000/-), 2021-22 വർഷം നഗരസഭ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ 108/2021-22 നമ്പർ പ്രോജക്ടിലുൾപ്പെടുത്തി വാങ്ങിയ 18 വാട്ട് എൽ.ഇ.ഡി. ബൾബുകൾ ഒന്നിന് 80/- രൂപാ നിരക്കിൽ 1,2,3,4,25,26,27,28 എന്നീ 8 വാർഡുകളിലായി ആകെ 400 എണ്ണം സ്ഥാപിച്ചതിനാണ് അനുവദിച്ചത് എന്ന് പ്രസ്തുത പ്രൊജക്ടിന്റെ ഫയലിലെ 31.12.2021, 1.1.2021 എന്നീ തീയതികളിലെ ഓഫീസ് കുറിപ്പിൽ നിന്നും വ്യക്തമാകുന്നു. (പ്രോജക്ട് നം. 108/2021-22, ഇലക്ട്രിക് സാധനങ്ങൾ വാങ്ങൽ, ട്രഷറി ബിൽ റഫറൻസ് നം. 21070447001500931458/12-01-2022, ചെലവ് രൂ. 4,32,989/-)

എന്നാൽ നഗരസഭയുടെ 11.11.2022 ലെ 2-ാം നമ്പർ തീരുമാന പ്രകാരം 108/21-22 പ്രോജക്ടിൽ വാങ്ങിയ സാധനങ്ങളുടെ സപ്ലൈയും ഇൻസ്റ്റലേഷനും ചേർത്ത് 439000/- രൂപയ്ക്ക് ചെയ്ത് തരുന്നതിന് തയ്യാറാണെന്ന് രേഖാമൂലം അറിയിച്ചതിന്റെയും പ്രൊക്യുയർമെന്റ് കമ്മറ്റിയുടെ ശുപാർശയും പരിഗണിച്ചാണ് ആ പ്രൊജക്ടിന്റെ കരാർ ശ്രീ.രഘു ദാമോദരൻ, രഘൂസ് ഇലക്ട്രിക്കൽസ്, മുതുകുളം എന്നയാൾക്ക് നല്കിയത്. ആയതു പ്രകാരം ടി 8 വാർഡുകളിലൊഴികെ മറ്റെല്ലാ വാർഡുകളിലും ബൾബ് ഒന്നിന് 14.14 രൂപാ നിരക്കിൽ ടിയാൻ ബൾബുകൾ ഇൻസ്റ്റാൾ ചെയ്തിരുന്നു (ടിയാൻ ഹാജരാക്കിയ 31.12.2021 ലെ G2070/21-22 നമ്പർ ഇൻവോയ്സ് പ്രകാരം 975 ബൾബുകൾ ഇൻസ്റ്റാൾ ചെയ്തതിന് ഒരെണ്ണത്തിന് 14.14 രൂപ നിരക്കിൽ 975 എണ്ണത്തിന് 13789/- രൂപയാണ് അനുവദിച്ചിട്ടുള്ളത്). ആയതിനാൽ ടി 8 വാർഡുകളിൽ 400 ബൾബുകൾ ശ്രീ. ഗണേശൻ പിള്ളയെ കൊണ്ട് 80/- രൂപ നിരക്കിൽ ചെയ്യിക്കുക വഴി നഗരസഭാ ഫണ്ടിന് ചുവടെ ചേർക്കും പ്രകാരം അധിക ചെലവുണ്ടായിട്ടുണ്ട്.

| ശ്രീ.രഘു ദാമോദരൻ ഇൻസ്റ്റാൾ ചെയ്തിരുന്നെങ്കിൽ അനുവദിക്കേണ്ടിയിരുന്ന തുക (രൂ.) | ശ്രീ. ഗണേശൻ പിള്ള ഇൻസ്റ്റാൾ ചെയ്തത് വഴി ചെലവായ തുക (രൂ.) | അധികമായി ചെലവായ തുക (രൂ.) |
|---|---|---|

| | | |
|---|---|---|
| 8 വാർഡുകളിൽ 14.14 നിരക്കിൽ 14.14 X 400 = 5656/- | 80 X400 = 32,000/- | 26,344/- |

ശ്രീ. ഗണേശൻ പിള്ള മുഖേന ബൾബുകൾ സ്ഥാപിച്ചത് വഴി നഗരസഭാ ഫണ്ടിന് ഉണ്ടായ അധിക ചെലവ് രൂ.26,344/- അംഗീകരിയ്ക്കുന്നില്ല.

2. 1310 പോസ്റ്റുകളിൽ എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിച്ചതിനും അറ്റകുറ്റപ്പണി നടത്തിയതിനുമായി 3,87,200/- രൂപ നൽകിയിട്ടുണ്ട്. വാർഡ് കൗൺസിലർമാർ ഹാജരാക്കിയ സാക്ഷ്യപത്രങ്ങളുടെ അടിസ്ഥാനത്തിലാണ് ഇത് നൽകിയിട്ടുള്ളത്. അറ്റകുറ്റപ്പണിയെ സാധൂകരിയ്ക്കുന്നതിനായി ഓരോ വാർഡിലേയും പോസ്റ്റ് നമ്പർ രേഖപ്പെടുത്തിയിട്ടുള്ള ഒരു പത്രികയാണ് കരാറുകാരൻ ഹാജരാക്കിയിട്ടുള്ളത്. ഈ പത്രികയിൽ രേഖപ്പെടുത്തിയ പ്രകാരം പോസ്റ്റുകൾ നഗരസഭയിൽ ഉണ്ടെന്നതിനെ സാധൂകരിയ്ക്കുന്ന യാതൊരു രേഖകളും നഗരസഭയുടെ കൈവശവും ഇല്ല. കൂടാതെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരാരും കരാറുകാരൻ ചെയ്ത പ്രവർത്തിയെ സംബന്ധിച്ച് സാക്ഷ്യപ്പെടുത്തലും നടത്തിയിട്ടില്ല.

3. ഓരോ വാർഡിലും പ്രവർത്തി നടന്നതിന്റെ വിശദാംശവും ആ ദിവസങ്ങളിൽ സ്ട്രീറ്റ് മെയിൻ ഓഫാക്കി നൽകുന്നതിന് മാവേലിക്കര, തട്ടാരമ്പലം ഇലക്ട്രിക്കൽ സെക്ഷനുകളിലേക്ക് കത്ത് നൽകിയതിന്റെയും അനുമതി ലഭിച്ചതിന്റെയും വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് അന്വേഷണം (നം. 42/18.1.2024) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റിൽ അംഗീകരിക്കാത്ത ചെലവ് (രൂ.26,344/-) ഉത്തരവാദിയിൽ നിന്നും ഈടാക്കേണ്ടതാണ്. ടി മറ്റ് ന്യൂനതകളുടെ അടിസ്ഥാനത്തിൽ ക്രമനമ്പർ 1 പ്രകാരം നിരാകരിച്ച 26,344/- രൂപ ഒഴികെ 3,92,856/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-34 ശാരീരിക-മാനസിക വൈകല്യബാധിതർക്ക് സ്കോളർഷിപ്പ്-അനുവദനീയമായ തുക പൂർണ്ണമായും വിതരണം ചെയ്യപ്പെടുന്നില്ല**

| | |
|---|---|
| പ്രോജക്ട് നം. | S0177/23 |
| പേര് | ശാരീരിക മാനസിക വൈകല്യ ബാധിതർക്ക് സ്കോളർഷിപ്പ് |
| അടങ്കൽ/ ചെലവ് | 8,00,000/-വികസനഫണ്ട്(ജനറൽ) |
| ബിൽ നം. | 1.BRN 22070447001401411811 തീയതി 20.03.2023 തുക 1,83,000/-<br>2.BRN 22070447001400956795 തീയതി 26.12.2022 തുക 6,17,000/- |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2022-23 വർഷം നടപ്പിലാക്കിയ മാനസിക വൈകല്യ ബാധിതർക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയുടെ ചെലവ് രേഖകൾ പ്രകാരം തൻവർഷം 8,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെ 40 കുട്ടികൾക്കാണ് തൻവർഷം ആനുകൂല്യം നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ, സർക്കാർ ഉത്തരവു പ്രകാരം മാനസിക വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ ഒരു വർഷം അനുവദിക്കാവുന്ന തുക 28,500/-

രൂപയും, ശാരീരിക വൈകല്യമുള്ളവർക്ക് 4,500/-രൂപ മുതൽ 13,500/-രൂപ വരെ വ്യത്യസ്ത നിരക്കിലുമാണെന്നിരിക്കെ, പല കുട്ടികൾക്കും ആനുകൂല്യം മുഴുവനായും അനുവദിച്ചിട്ടില്ല എന്ന് കണ്ടു. ഇപ്രകാരം ഭാഗികമായി മാത്രം ആനുകൂല്യം അനുവദിക്കപ്പെട്ടിട്ടുള്ള കുട്ടികളിൽ ചിലരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച നൽകിയ തുക | അനുവദിക്കേണ്ട തുക |
|---|---|---|---|
| 1 | ലീമ അനിൽ തോമസ് | 23,500 | 28,500 |
| 2 | ശ്രാവൺ | 22,500 | 28,500 |
| 3 | ബോബിൻ വർഗ്ഗീസ് | 23,500 | 28,500 |
| 4 | ആര്യൻ | 22,500 | 28,500 |
| 5 | നന്ദന സന്തോഷ് | 22,500 | 28,500 |
| 6 | രോഹൻ ആർ. നായർ | 22,500 | 28,500 |
| 7 | ദേവപ്രയാഗ് എ. | 22,500 | 28,500 |
| 8 | സൂര്യ ഗായത്രി ജെ | 23,500 | 28,500 |
| 9 | അമ്മു എസ്. | 23,500 | 28,500 |
| 10 | വിശ്വജിത്ത് | 23,600 | 28,500 |
| 11 | അരവിന്ദ് പ്രദീപ് | 22,500 | 28,500 |
| 12 | അൽഫോൻസ ജൂഡ് തോമസ് | 22,500 | 28,500 |
| 13 | പ്രീജ ജയകുമാർ | 22,500 | 28,500 |
| 14 | ഷാലോം വി. സാമു | 22,500 | 28,500 |
| 15 | അഭിഷേക് | 22,500 | 28,500 |
| 16 | സഞ്ജന | 22,500 | 28,500 |
| 17 | ജോജിമോൻ എസ്. | 22,500 | 28,500 |
| 18 | ചന്ദ്രിക | 22,500 | 28,500 |
| 19 | ആദിത്യൻ രേണു | 22,500 | 28,500 |
| 20 | സിദ്ധാർത്ഥൻ ലാൽജി | 22,500 | 28,500 |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 25.01.2019-ലെ സർക്കുലർ നം.ഡി.എ-1/19/2019 പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് അർഹതപ്പെട്ട ബത്തയും സ്കോളർഷിപ്പും എല്ലാ മാസവും കൃത്യമായി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണെന്നും, മതിയായ തുക ഇതിനായി നീക്കിവെയ്ക്കുന്നുവെന്ന് ഉറപ്പു വരുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം പദ്ധതിയുടെ നിർവ്വഹണത്തിൽ പാലിക്കപ്പെട്ടിട്ടില്ല. സ്കോളർഷിപ്പ് തുക പൂർണ്ണമായും അനുവദിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.31/17.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ വർഷങ്ങളിൽ പദ്ധതി പ്രകാരം തുക അനുവദിക്കുമ്പോൾ മേൽ സർക്കുലറിലെ നിർദ്ദേശം കർശനമായി പാലിക്കേണ്ടതും, എല്ലാ ഗുണഭോക്താക്കൾക്കും തുക പൂർണ്ണമായും വിതരണം ചെയ്യുന്നതിനാവശ്യമായ തുക പ്രോജക്ടിൽ വകയിരുത്തിയിട്ടുണ്ടെന്നത് ഉറപ്പുവരുത്തേണ്ടതുമാണ്.

**1-35 കോക്ലിയാർ ഇംപ്ലാന്റേഷൻ-മെയിന്റനൻസ്-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല**

| | |
|---|---|
| പ്രോജക്ട് നം. | S0177/23 |

| | |
|---|---|
| പേര് | കോക്ലിയാർ ഇംപ്ലാന്റേഷൻ-മെയിന്റനൻസ് വിഹിതം |
| അടങ്കൽ/ ചെലവ് | 50,000/- വികസന ഫണ്ട്(ജനറൽ) |
| ബിൽ നം. | BRN 22070447001400866872, തീയതി 6.12.2022 |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം നടപ്പിലാക്കിയ കോക്ലിയാർ ഇംപ്ലാന്റേഷൻ-മെയിന്റനൻസ് എന്ന പദ്ധതി പ്രകാരം, നഗരസഭാപരിധിയിൽ കോക്ലിയാർ ഇംപ്ലാന്റേഷൻ നടത്തിയ ഒരു കുട്ടിക്ക് ഉപകരണം മെയിന്റനൻസ് ചെയ്തു നൽകുന്നതിനായി 50,000/- രൂപ സോഷ്യൽ സെക്യൂരിറ്റി മിഷന്റെ അക്കൗണ്ടിലേക്ക് ടി ബിൽ പ്രകാരം നൽകിയിട്ടുണ്ട്. സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നം. 31/17.01.2024 നല്കിയതിന് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ പ്രോജക്ടിനായി നടത്തിയ 50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-36 മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളിലെ അപാകതകൾ

മഴക്കാലപൂർവ്വ ശുചീകരണ പ്രവൃത്തികൾക്കായി വാർഡ് ഒന്നിന് 10,000/- രൂപ വീതം 2,80,000/- (28x10000) രൂപ (ചെക്ക് നം. 400723/23.08.22 പ്രകാരം) വാർഡ്തല സാനിട്ടേഷൻ സമിതികൾക്ക് അനുവദിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.
1. വാർഡ്തല സാനിട്ടേഷൻ സമിതികൾ രൂപീകരിച്ചതിന്റെയും അക്കൌണ്ട് തുടങ്ങിയതിന്റെയും വിവരം, സാനിട്ടേഷൻ സമിതികളുടെ മിനിട്സ്, പാസ് ബുക്ക്/ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കാനാവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയില്ല.
2. മഴക്കാലത്തെ രോഗങ്ങളുടെ മുന്നോടിയായുള്ള പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 4,5,6,7 വാർഡുകളിൽ ഉറവിട നശീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതൊഴിച്ചാൽ മറ്റ് വാർഡുകളിലെല്ലാം തന്നെ റോഡിനിരുവശവുമുള്ള കാട് തെളിക്കൽ, ഓട വൃത്തിയാക്കൽ എന്നിവയാണ് പ്രധാനമായും നടത്തിയിട്ടുള്ളത്. വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ കേന്ദ്രീകരിച്ച് ഉറവിട നശീകരണം, ക്ലോറിനേഷൻ തുടങ്ങിയവ ചെയ്തതായി കാണുന്നില്ല. നഗരസഭയിലെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പാക്കിയ നാൽപ്പത്തൊൻപത് പ്രവൃത്തികളും തോട് വൃത്തിയാക്കൽ, ഓട വൃത്തിയാക്കൽ എന്നിവ ആയിരിക്കെ വാർഡ്തല ശുചീകരണത്തിലും സമാന പ്രവൃത്തികൾ ആവർത്തിക്കുന്നു.
3. യന്ത്രസഹായത്താൽ കാട് വെട്ടിതെളിക്കൽ എന്ന് രേഖപ്പെടുത്തി പല വാർഡുകളിലും വ്യത്യസ്ത നിരക്കിലാണ് തുക അനുവദിച്ചത്. വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നം. | രൂപ/മണിക്കൂർ |
|---|---|
| 23, 26, 21, 1, 8 | 400/- |
| 25, 27 | 250/- |
| 14 | 450/- |

4. പ്രവൃത്തി ചെയ്തതിന്റെ കൃത്യമായ വിവരം ലഭ്യമല്ല.
വാർഡ് 23 ൽ 25.08.22 മുതൽ 27.08.22 വരെ യന്ത്ര സഹായത്താൽ പുല്ല് ചെത്തിയതിന് മണിക്കൂറിന് 400/- രൂപ നിരക്കിൽ 25 മണിക്കൂർ എന്ന് രേഖപ്പെടുത്തി 10,000/-രൂപയും വാർഡ്
26 ൽ 28.08.22 മുതൽ 31.08.22 വരെ 400/- രൂപ നിരക്കിൽ 35 മണിക്കൂർ എന്ന് രേഖപ്പെടുത്തി 14,000/- രൂപയും അനുവദിച്ചതായി വൗച്ചറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓരോ ദിവസവും എത്ര മണിക്കൂർ വീതം മെഷീൻ പ്രവർത്തിപ്പിച്ചു എന്നതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.
5. ക്രമ നം.4 ഉൾപ്പെടെ എല്ലാ പ്രവൃത്തികളിലും വൌച്ചർ പ്രകാരം തൊഴിലാളികളുടെ പേരിൽ 1,000/- രൂപയിൽ കൂടുതൽ അനുവദിച്ചിട്ടുണ്ട്. എന്നാൽ തുക അക്കൌണ്ടിലൂടെയാണ് നൽകിയത് എന്നതിന്റെ

രേഖകൾ ലഭ്യമല്ല. സ.ഉ.(അ) 177/2006 ധന. തീയതി 12.04.2006 പ്രകാരം 1,000 രൂപയിൽ അധികമുള്ള ചെലവുകൾ അക്കൌണ്ട് വഴി മാത്രമേ നടത്താവൂ എന്ന സർക്കാർ നിർദ്ദേശം പാലിക്കാത്തതിന്റെ കാരണം വിശദമാക്കിയില്ല.

ഈ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 43/18.01.24) മറുപടി നൽകിയില്ല. ടി ന്യൂനതകളുടെ അടിസ്ഥാനത്തിൽ 2,80,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-37 തുക ഒടുക്കിയിട്ടും മരുന്നും അനുബന്ധ സാമഗ്രികളും യഥാസമയം ലഭ്യമായില്ല**

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | നൽകിയ തുക ബിൽ നം.തീയതി/ ചെക്ക് നം./തീയതി | ലഭിച്ച മരുന്ന് | ലഭിക്കാനുള്ളത് |
|---|---|---|---|---|
| S0082/23 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | BRN 22070447002001072595 തീയതി 24.1.2023, തുക 3,00,000/- | 1,68,956 | 1,81,044 |
| S0083/23 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് ബോട്ടിലുകൾ വാങ്ങൽ | BRN 22070447002001072635 തീയതി 24.1.2023, തുക 50,000/- | | |
| | ആകെ | 3,50,000/- | 1,68,956/- | 1,81,044/- |

മെഡിക്കൽ ഓഫീസർ ആയുർവേദം നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടുകൾ പ്രകാരം ഹോമിയോ ഡിസ്പെൻസറിക്ക് ആവശ്യമായ മരുന്നുകളും ഔഷധ വിതരണത്തിനുള്ള അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനുള്ള പദ്ധതിയിൽ 3,50,000/- രൂപ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. അഡ്വാൻസായി തുക നൽകി മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകളും ഔഷധ വിതരണത്തിനുള്ള അനുബന്ധ സാമഗ്രികളും പൂർണ്ണമായി ലഭിയ്ക്കാത്തതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/16.01.24) മറുപടി ലഭ്യമാക്കിയില്ല. ബാക്കിയുള്ള 1,81,044/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിൽ ചേർത്ത് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. വിഷയത്തിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

**1-38 പാലിയേറ്റീവ് കെയർ പ്രോജക്ട് - മരുന്നുകൾ യഥാസമയം ലഭ്യമായിട്ടില്ല, ഹോംകെയർ വിസിറ്റിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല**

(I)

| | |
|---|---|
| പ്രോജക്ട് നം./ പേര് | S0021/2022-23, പാലിയേറ്റീവ് കെയർ (സ്പിൽ ഓവർ) |
| അടങ്കൽ / ചെലവ് | 1,31,548/- (വികസന ഫണ്ട്) |
| BRN | 1. 22070447001300232181/18.05.2022 – 26268/-<br>2. 22070447001301227332/22.02.2023 – 105280/- |

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി) |

പാലിയേറ്റീവ് മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് 1,05,280/- രൂപ പദ്ധതി പ്രകാരം കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്ന് നാളിതുവരെ ലഭിച്ചതായി കാണുന്നില്ല. ആയത് സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ, വിതരണ രേഖകൾ എന്നിവയും ഓഡിറ്റിൽ ഹാജരാക്കിയില്ല.

(II)

| | |
|---|---|
| പ്രോജക്ട് നം. /പേര് | S0003/2022-23, പാലിയേറ്റീവ് കെയർ |
| അടങ്കൽ | 9,00,000/- (വികസന ഫണ്ട്) |
| ചെലവ് | 8,00,501/- (വികസന ഫണ്ട്) |
| BRN | 22070447001301227346/22.02.2023 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ<br>(താലൂക്ക് ആശുപത്രി) |

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ ഭാഗമായി പാലിയേറ്റീവ് മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് 3,25,480/- രൂപ പദ്ധതി പ്രകാരം കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്നും ഉപകരണങ്ങളും നാളിതുവരെ ലഭിച്ചതായി രേഖയില്ല. മരുന്നുകൾ സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്ത രേഖകളും ഓഡിറ്റിൽ ഹാജരാക്കിയില്ല.

മേൽ പ്രോജക്ടിൽ മരുന്ന വാങ്ങൽ കൂടാതെ ഹോംകെയർ വിസിറ്റിന്റെ ഭാഗമായി വാഹന വാടക, പാലിയേറ്റീവ് നേഴ്സിന്റെ വേതനം, ഫുഡ് എക്സ്പെൻസ് എന്നിവയ്ക്കായും തുക ചെലവഴിക്കുന്നുണ്ട്. എന്നാൽ ഹോംകെയർ ചെലവുകളിൽ സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കുന്നതായി കാണുന്നില്ല. സബ്സിഡി മാർഗ്ഗരേഖ (സ.ഉ.115/2022/ത.സ്വ.ഭ.വ തീയതി 28.05.2022), പാലിയേറ്റീവ് ചട്ടങ്ങൾ 2.6.5 എന്നിവ പ്രകാരം ഹോം കെയർ വിസിറ്റിന് പോകുന്ന ടീമംഗങ്ങൾക്ക് ഭക്ഷണചെലവ് ആളൊന്നിന് പ്രതിദിനം പരമാവധി 80/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബിൽ പരിശോധിച്ചതിൽ പ്രസ്തുത നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | ഹോംകെയർ വിസിറ്റിന് പോയ അംഗങ്ങളുടെ എണ്ണം | ചെലവഴിച്ച തുക | ചെലവഴിക്കാവുന്ന പരിധി | അധികമായി ചെലവഴിച്ച തുക |
|---|---|---|---|---|
| 1.02.2023 | 4 | 440 | 4x80=320 | 120 |
| 7.02.2023 | 4 | 440 | 4x80=320 | 120 |
| 9.02.2023 | 4 | 440 | 4x80=320 | 120 |
| 15.2.2023 | 4 | 440 | 4x80=320 | 120 |
| 16.2.2023 | 4 | 440 | 4x80=320 | 120 |
| 28.2.2023 | 4 | 440 | 4x80=320 | 120 |

മേൽ അപാകതകൾ സംബന്ധിച്ചും ഹോം കെയർ രജിസ്റ്റർ, നോമിനൽ രജിസ്റ്റർ, പി.എം.സി മിനിട്സ്, മരുന്നിന്റെ സ്റ്റോക്ക് രജിസ്റ്റർ, വിതരണ രേഖകൾ എന്നിവ ഓഡിറ്റിൽ ഹാജരാക്കണമെന്നാവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.24/16.01.2024) മറുപടി ലഭ്യമായില്ല. പാലിയേറ്റീവ് പരിചരണത്തിന്റെ ഭാഗമായി നടത്തുന്ന ഹോം കെയർ വിസിറ്റിൽ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതും രജിസ്റ്ററും മറ്റ് രേഖകളും കൃത്യമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

**1-39 വെള്ളക്കരമിനത്തിൽ കോടികളുടെ കുടിശ്ശിക -അടിയന്തിര നടപടികൾ അനിവാര്യം**

നഗരസഭയുടെ വെള്ളക്കരത്തിന്റെ ഡിമാന്റ് നോട്ടീസ് പരിശോധിച്ചതിൽ കുടിശ്ശികയിനത്തിൽ കോടികളുടെ ബാധ്യതയുള്ളതായി കാണുന്നു. 2022 ഏപ്രിലിൽ മുൻ വർഷങ്ങളിലെ കുടിശ്ശിക 8,05,55,687/- രൂപയും ഫൈൻ 15,79,700/- രൂപയും തൻമാസത്തെ ഡിമാന്റ് 3,19,431/- രൂപയും ഉൾപ്പെടെ 441 പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 8,24,54,818/- രൂപയായിരുന്നു നഗരസഭയുടെ കുടിശ്ശിക. വെള്ളക്കരം ഒടുക്കുന്നതിനായി ആവിഷ്ക്കരിച്ച S0078/23, S0194/23 നമ്പർ പ്രോജക്ടുകളിലായി യഥാക്രമം 25,28,750/- രൂപയും 4,00,000/- രൂപയും ഉൾപ്പെടെ ആകെ 29,28,750/- രൂപ ജനുവരി, ഫെബ്രുവരി മാസങ്ങളിലായി ഒടുക്ക് വരുത്തിയിരുന്നു. എന്നാൽ ഈ തുകകളും കുറവ് ചെയ്യാതെയാണ് അടുത്തമാസങ്ങളിലെ ഡിമാന്റ് നോട്ടീസുകൾ നൽകിയിട്ടുള്ളത്. കൂടാതെ 2022-23 സാമ്പത്തികവർഷാവസാനം നടത്തിയ സംയുക്തപരിശോധന പ്രകാരം 264 പൊതു ടാപ്പുകൾ നഗരസഭയിലുള്ളതായുള്ള വാർഡ് തിരിച്ചുള്ള ലിസ്റ്റ് 27.02.2023-ൽ വാട്ടർ അതോറിറ്റി തയ്യാറാക്കി നഗരസഭക്ക് കൈമാറിയിട്ടുണ്ട്. ഈ ലിസ്റ്റ് നഗരസഭ അംഗീകരിച്ച് നൽകണമെന്ന് വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ആയതിനുള്ള യാതൊരു നടപടികളും നഗരസഭ സ്വീകരിച്ചിട്ടില്ല. ആയതിനാൽ തന്നെ 264 ടാപ്പുകളുടെ വെള്ളക്കരം നൽകേണ്ട സ്ഥാനത്ത് ഇല്ലാത്ത 177 ടാപ്പുകളുടെ വെള്ളക്കരം ഉൾപ്പെടെ 441 ടാപ്പുകളുടെ വെള്ളക്കരം നഗരസഭാ ഫണ്ടിൽ നിന്നും നൽകേണ്ടി വരുന്നു. സംയുക്ത പരിശോധന റിപ്പോർട്ട് അംഗീകരിച്ച് നൽകുന്നതിനോടൊപ്പം നിലവിലെ കുടിശ്ശിക തുക കുറച്ച് ബിൽ ലഭ്യമാക്കുന്നതിനും ഒറ്റത്തവണയായോ തവണകളായോ കുടിശ്ശിക തീർപ്പാക്കുന്നതിന് സർക്കാർ തലത്തിലുള്ള ഇടപെടലുകൾ നടത്തി പൊതുടാപ്പുകളുടെ വെള്ളക്കരക്കുടിശ്ശിക പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

**1-40 കുട്ടികളുടെ പാർക്ക് നവീകരണം - വാല്യൂവേഷൻ സർട്ടിഫിക്കറ്റിൽ അധികരിച്ച് തുക ചെലവഴിച്ചു, കാലതാമസത്തിന് കോമ്പൻസേഷൻ ഈടാക്കിയില്ല**

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്റ്റ് നം. | S0009/23 |
| അടങ്കൽ | 14,75,000 |
| എസ്റ്റിമേറ്റ് | 1316579 |
| കരാർ നം | 2/AE/29.06.20 |
| കരാറുകാരൻ | റ്റാഡ് കോഡ് ലിമിറ്റഡ്, തിരുവനന്തപുരം |
| എഗ്രീഡ് പി.എ.സി | 1250675.48 (5% കുറവ്) |
| ആകെ മൂല്യം | 1) 12,99,945 + Gst 12%<br>(LID&EW എഞ്ചിനീയറിംഗ് വിംഗിന്റെ വാല്യുവേഷൻ പ്രകാരം)<br>2) 8,80,000/-<br>(രവിവർമ്മ കോളേജ് നൽകിയ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം) |

| | |
|---|---|
| | |
| ചെലവ് | രൂ.14,55,938/-, ബിൽ നം.2/29.04.22, Plan |
| എം ബുക്ക് നം. | 76,77/20-21, 102/21-22 |

മാവേലിക്കര നഗരസഭയിലെ 4-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന കുട്ടികളുടെ പാർക്കിൽ ശിൽപ്പങ്ങൾ നിർമ്മിക്കുന്നതിനാണ് പദ്ധതി ആസൂത്രണം ചെയ്തത്. പദ്ധതി നടത്തിപ്പിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1)22.09.21-ൽ ഫൈനൽ മെഷർമെന്റ് എടുത്ത വർക്കിന്റെ ഫൈനൽ ബിൽ തയ്യാറാക്കിയിട്ടുള്ളത് 29.01.22 ലും തുക അനുവദിച്ചത് 29.04.22 ലുമാണ്. പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം തുക അനുവദിക്കുന്നതിൽ ഇത്രയും വൈകാനുണ്ടായ കാരണം വ്യക്തമല്ല.

2)പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷമാണ് റിവൈസ്ഡ് എസ്റ്റിമേറ്റിന് കൗൺസിൽ അംഗീകാരം (22.11.21) ലഭിച്ചിട്ടുള്ളത്. പാർക്കിന്റെ ടിക്കറ്റ് കൗണ്ടർ മരത്തിന്റെ ആകൃതിയിൽ തയ്യാറാക്കുന്നതിന് സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് ചെയ്യുന്നതിനായിരുന്നു എസ്റ്റിമേറ്റ്. സോളിഡ് ബ്ലോക്ക് ഉപയോഗിച്ചാൽ ആകൃതി ശരിയാകില്ല എന്നതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ തീരുമാനിച്ചു. പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റിന് കൗൺസിൽ അംഗീകാരം (22.11.21) നൽകിയതിന്റെ കാരണം വ്യക്തമല്ല.

3)നിർമ്മാണം നടത്തിയ ശിൽപ്പങ്ങളുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് 08.07.21 ൽ രവിവർമ്മ കോളേജ് പ്രിൻസിപ്പലിന് കത്ത് നൽകിയിരുന്നു (നം. E1-16858/2019). രവിവർമ്മ കോളേജ് നൽകിയ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം ആകെ മൂല്യം താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| മരത്തിന്റെ ആകൃതിയിലുള്ള ടിക്കറ്റ് കൗണ്ടർ | 60000 |
| അമ്മയും കുഞ്ഞും | 150000 |
| വെള്ളച്ചാട്ടം | 135000 |
| ദിനോസർ | 185000 |
| ഡ്രാഗൺ എൻട്രൻസ് | 350000 |
| ആകെ | 8,80,000/- |

സിമന്റ് കോൺക്രീറ്റിംഗ്, സ്റ്റീൽ റീഇൻഫോഴ്സ്മെന്റ്, സിമന്റ് പ്ലാസ്റ്ററിംഗ്, പെയിന്റിംഗ്, ആർട്ടിസ്റ്റിക് ലേബർ ചാർജ്ജ് ഉൾപ്പെടെയാണ് വാല്യുവേഷൻ നൽകിയിട്ടുള്ളത്. ഇത് കൂടാതെ എം ബുക്കിൽ രേഖപ്പെടുത്തിയ മറ്റ് ഇനങ്ങൾ താഴെ പറയും പ്രകാരമാണ്.

ഇനം.6 - Supplying And Stacking At Site, Moorum, Mother And Child Base, 6.156@956.5/$M^3$ = 5888.21

ഇനം.10 - Providing And Laying Vitrified Floor Tiles In Ticket Counter Floor, 1.539@1664.66/$M^3$ = 2561.91

പ്രവൃത്തിയുടെ മൂല്യ നിർണ്ണയം നടത്തുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാപനമായ രവിവർമ്മ കോളേജ് നൽകിയ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള മൂല്യം 8,80,000/- രൂപയോടൊപ്പം മേൽ പറഞ്ഞ തുക കൂടി ഉൾപ്പെടുത്തിയാൽ ആകെ പ്രവൃത്തി മൂല്യം 8,88,450/- രൂപയാണ്. ഇതിന്റെ കൂടെ 12% GST ഉൾപ്പെടെ ആകെ അനുവദനീയമായത് 9,95,064/- രൂപയാണ്. എന്നാൽ ഇതിനു വിരുദ്ധമായി 14,55,938/- രൂപ ചെലവഴിച്ചിട്ടുണ്ട്. അധികമായി നടത്തിയ 1455938-995064 = 4,60,874/- രൂപയുടെ

ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

4) പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 6 മാസമായിരുന്നു. 29.06.20-ൽ കരാർ ചമച്ച പ്രവൃത്തി 29.12.20-ൽ പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ പ്രവൃത്തിയുടെ ആദ്യ അളവ് രേഖപ്പെടുത്തിയത് 02.03.21 ലും ഫൈനൽ അളവ് 22.09.21 ലും ആണ്. അതായത് കരാർ പ്രകാരമുള്ള പൂർത്തീകരണ കാലയളവും കഴിഞ്ഞാണ് പ്രവൃത്തി ആരംഭിച്ചത്. കാലയളവ് ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷിക്കുകയോ അതിന്റെ അടിസ്ഥാനത്തിൽ 2012-ലെ പി.ഡബ്ല്യൂ.ഡി മാനുവലിലെ സെക്ഷൻ 2112 .1 അനുശാസിക്കും പ്രകാരമുള്ള പിഴ ഈടാക്കി കാലയളവ് ദീർഘിപ്പിച്ചിട്ടുമില്ല. സപ്ലിമെന്ററി കരാർ ചമച്ചിട്ടുമില്ല. കാലയളവ് ഇപ്രകാരം ദീർഘിപ്പിട്ടില്ലാത്ത സാഹചര്യത്തിൽ പി.ഡബ്ല്യൂ.ഡി മാനുവൽ സെക്ഷൻ 2116.1 ലിക്വിഡേറ്റഡ് ഡാമേജ് (കോമ്പൻസേഷൻ) ഈടാക്കേണ്ടതാണെങ്കിലും ആയത് ഈടാക്കിയിട്ടില്ല. 29.12.20 മുതൽ 22.09.21 വരെയുള്ള കാലയളവിലേക്ക് (38 ആഴ്ച) പി.എ.സി യുടെ 3.8%, അതായത് 47,525/- രൂപ ഈയിനത്തിൽ ബില്ലിൽ നിന്നും കുറവു ചെയ്യേണ്ടിയിരുന്നു. എന്നാൽ അപ്രകാരം ചെയ്യാതിരുന്നതു മൂലം 47,525/- രൂപ കരാറുകാരന് അധികമായി നല്കാനിടയായി. ഈ അധിക ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

മേൽ പറഞ്ഞ അപാകതകളിൻ മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.29/17.01.24) മറുപടി ഹാജരാക്കിയില്ല. ടി പരാമർശം 3, 4 എന്നിവ പ്രകാരം ഓഡിറ്റിൽ അംഗീകരിക്കാത്ത തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

**1-41 വനിതാ വിപണന കേന്ദ്രം നിർമ്മാണവും ടോയ്‌ലറ്റ് നിർമ്മാണവും - കെട്ടിടം പ്രവർത്തനക്ഷമമാക്കിയില്ല, കോമ്പൻസേഷൻ ഈടാക്കിയതിൽ കുറവ്**

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്റ്റ് നം. | S0156/22 |
| അടങ്കൽ | 16,00,000 |
| എസ്റ്റിമേറ്റ് | 16,00,000 |
| കരാർ നം | 52/21-22/AE/LSGD/MVKA/30.03.22 |
| കരാറുകാരൻ | സുരേഷ് ബാബു ഡി. |
| എഗ്രീഡ്. പി.എ.സി | 1313416.21 |
| ആകെ മൂല്യം | 1124939+gst(18%) = 1327428/- |
| ചെലവ് | 1327428/- ബിൽ നം.280/30.03.23 |
| എം ബുക്ക് നം. | 157/21-22, 161/21-22 |

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കരാർ ഉടമ്പടി അപൂർണ്ണം

യാതൊരു രേഖപ്പെടുത്തലുകളുമില്ലാത്ത, 30.03.22-ലെ മുദ്രപത്രം മാത്രമാണ് ഫയലിലുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയർ, കരാറുകാരൻ എന്നിവർ മുദ്രപത്രത്തിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

2) എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ പ്രവൃത്തിയും ചെയ്തിട്ടില്ല

എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷന് 74,000/- രൂപ ഉൾപ്പെടുത്തിയിരുന്നെങ്കിലും ഇലക്ട്രിഫിക്കേഷൻ നടത്തി കെട്ടിടം പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

3) യഥാസമയം പ്രവൃത്തി പൂർത്തീകരിച്ചില്ല - നിയമാനുസൃതം ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയില്ല

കരാർ പ്രകാരം ഈ പ്രവൃത്തിയുടെ കാലയളവ് 6 മാസമായിരുന്നു. 30.03.22-ൽ കരാർ ചമച്ച പ്രവൃത്തി 30.09.22-ൽ പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ പൂർത്തീകരിച്ചത് 28.03.23-ൽ മാത്രമാണ്. കാലയളവ് ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷിക്കുകയോ അതിന്റെ അടിസ്ഥാനത്തിൽ 2012-ലെ PWD മാനുവൽ സെക്ഷൻ 2112 .1 അനുശാസിക്കും പ്രകാരമുള്ള പിഴ ഈടാക്കി കാലയളവ് ദീർഘിപ്പിച്ചിട്ടുമില്ല. സപ്ലിമെന്ററി കരാറും ചമച്ചിട്ടില്ല. കാലയളവ് ഇപ്രകാരം ദീർഘിപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ സെക്ഷൻ 2116.1 പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജ് (കോമ്പൻസേഷൻ) ഈടാക്കേണ്ടതാണെങ്കിലും ആയത് ഈടാക്കിയിട്ടില്ല. 30.09.22 മുതൽ 28.03.23 വരെയുള്ള കാലയളവിലേക്ക് (25 ആഴ്ച) പി.എ.സി യുടെ 2.5% ആയ 32,835/- ഈയിനത്തിൽ കുറവ് ചെയ്യേണ്ടതിനു പകരം ഫൈനൽ ബില്ലിൽ നിന്നും പിഴയിനത്തിൽ 21,015/- രൂപയാണ് കുറവ് ചെയ്തത്. തന്മൂലം 32835-21015 = 11,820/- രൂപ കരാറുകാരന് അധികം നല്കാനിടയായി. ഈ അധിക ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

4) ഡിസ്മാന്റിൽ ചെയ്തവയുടെ പുനരുപയോഗം വിശദീകരിച്ചിട്ടില്ല

ഇനം.1 ആയി ഡോർ, വിൻഡോ, വെന്റിലേറ്റർ, റോളിംഗ് ഷട്ടർ എന്നിവ ഡിസ്മാന്റിൽ ചെയ്ത് സ്ലോട്ടർ ഹൗസിൽ സ്റ്റാക്ക് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ സർവ്വെ റിപ്പോർട്ട് തയ്യാറാക്കി ലേല നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് കാണുന്നു.

ടി അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.12/15.01.24) നൽകിയെങ്കിലും മറുപടി ഹാജരാക്കിയില്ല. പ്രാദേശിക പരിശോധന നടത്തിയതിൽ അറവുശാലക്കായി നിർമ്മിച്ച കെട്ടിടത്തിന്റെ ഒരു ഭാഗമാണ് ഇപ്രകാരം മാറ്റം വരുത്തിയിട്ടുള്ളതെന്ന് കണ്ടു. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ ടി കെട്ടിടം നിലവിലും പ്രവർത്തനക്ഷമമാക്കിയിട്ടില്ല. മേൽ പറഞ്ഞ അപാകതകൾ പരിഹരിച്ച് കെട്ടിടം പ്രവർത്തനക്ഷമമാക്കേണ്ടതും ടി പരാമർശം 3 പ്രകാരം കരാറുകാരന് അധികമായി നല്കിയ 11,820/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

**1-42 ടാർവീപ്പയുടെ വില ഈടാക്കിയില്ല**

നഗരസഭയിൽ 2022-23 വർഷം നടപ്പാക്കിയ താഴെപ്പറയുന്ന ടാർ വർക്കുകളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ചെയ്ത ബിറ്റുമിന്റെ നിരക്കാണ് ഉൾപ്പെടുത്തിയിരുന്നത്, എന്നാൽ ഈ പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ ബാരൽ വില കുറയ്ക്കാതെയാണ് കരാറുകാർക്ക് തുക നൽകിയിട്ടുള്ളത്. ഒരു ടാർ വീപ്പയുടെ വില 281 (238 + 18% GST) രൂപയാണ്. ടാർ വീപ്പയുടെ വില ഈടാക്കാതിരുന്നതിനാൽ കരാറുകാർക്ക് താഴെചേർക്കും പ്രകാരം തുക അധികം നൽകാനിടയായി. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർക്കിന്റെ പേരും, പ്രോജക്ട് നമ്പരും | കരാറുകാരന്റെ പേര് | ഉപയോഗിച്ച ടാറിന്റെ അളവ് | ബാരൽ വില ഇനത്തിൽ കുറവ് ചെയ്യേണ്ടിയിരുന്ന തുക |
|---|---|---|---|---|
| 1 | സിറ്റി മെഡിക്കൽ ജം. മുതൽ നരസിംഹസ്വാമി ക്ഷേത്രം വരെയുള്ള റോഡ് പുനരുദ്ധാരണം | സുരേഷ് ബാബു | VG 30- 1560.114kg = 10 Barrel<br>RS-1 - 155.794kg =0.85 Barrel | 11 ബാരൽ @281 =3091 |

| | | | | |
|---|---|---|---|---|
| 2 | വിദ്യാധിരാജ സ്കൂളിന് തെക്ക് വശം റോഡ് റീടാറിംഗ്, വാർഡ്-22 | എം.സന്തോഷ് | Vg30-1458.625kg = 9.350 Barrel RS1 - 151.88 Kg = 0.834 Barrel | 10 ബാരൽ @281 =2810 |
| 3 | ബി.എസ്.എൻ.എൽ. – കരിശ്ശുംമൂട് റോഡ് പുനരുദ്ധാരണം | ഡി.സുരേഷ് ബാബു | Vg30-3057.31kg =15.39 ബാരൽ RS1 –303.47kg =1.66 ബാരൽ | 17 ബാരൽ @281 =4777 |
| 4 | എ.ഇ.ഒ. ഓഫീസ് അകത്തേപ്പര റോഡ് ആന്റ് ഗുരുവായൂരപ്പൻ റോഡ് പുനരുദ്ധാരണം | ഗോപിനാഥൻ പിള്ള | Vg30-604.287kg =3.87 ബാരൽ RS1 – 82.77 Kg =0.454 ബാരൽ SS1 – 255.82kg =1.27 ബാരൽ | 5 ബാരൽ @281 =1405 |
| | | | ആകെ | 12,083/- |

മേൽ പ്രതിപാദിച്ച വർക്കുകളുടെ ഫൈനൽ ബില്ലിൽ നിന്നും ബാരൽ വില കുറക്കുകയോ, കാലി ബാരൽ കരാറുകാരിൽ നിന്നും ഈടാക്കുകയോ ചെയ്യാതിരുന്നതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നം.45/19.01.24-ന് മറുപടി ലഭിച്ചില്ല. 12,083/- രൂപ മേൽ പറഞ്ഞ കരാറുകാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. 2022-23 ൽ നടപ്പിലാക്കിയ എല്ലാ ടാറിംഗ് പ്രവൃത്തികളും കരാറുകാരിൽ നിന്നും മേൽ പ്രകാരം ബാരൽ വില ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-43 നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല**

ഡെപ്പോസിറ്റ് വർക്കുകൾക്കായി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച ചുവടെ ചേർക്കുന്ന തുകകളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

| സ്ഥാപനം | പ്രവൃത്തി | ചെക്ക് നം., തീയതി | തുക |
|---|---|---|---|
| വാട്ടർ അതോറിറ്റി | പൊതുശൌചാലയത്തിന് വാട്ടർ കണക്ഷൻ | 165553/11.04.22 | 23,000/- |
| വാട്ടർ അതോറിറ്റി | എം.ആർ.എഫ് സെന്റർ, കണ്ടിയൂരിന് വാട്ടർ കണക്ഷൻ. | 173105/12.10.22 | 45,000/- |

വിനിയോഗരേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.30/17.01.24) മറുപടി നൽകിയില്ല. വിനിയോഗരേഖകളുടെ അഭാവത്തിൽ ചെലവഴിച്ച 68,000/-രൂപ തടസ്സപ്പെടുത്തുന്നു.

**1-43-1 ഇലക്ട്രിക്ക് ലൈൻ ദീർഘിപ്പിക്കൽ - പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല**

പ്രോജക്ട് നമ്പർ- S0079/23

ഫയൽ നമ്പർ – E1-13235/22

അടങ്കൽ - 5,64,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

നിർവ്വഹണം - സെക്രട്ടറി

ചെലവ് -

പേമെന്റ് അഡ്വൈസ് നമ്പർ - C032395315895/31.3.23 – 2,82,000/- രൂപ

പേമെന്റ് അഡ്വൈസ് നമ്പർ - C032395338223/31.3.23 – 2,82,000/- രൂപ

നഗരസഭയിലെ വിവിധ വാർഡുകളിൽ ലൈൻ എക്സ്റ്റൻഷൻ പ്രവർത്തികൾ നടത്തുന്നതിനായി മാവേലിക്കര ഇലക്ട്രിക്കൽ സെക്ഷനിൽ നിന്ന് 31.3.23 തീയതിയിൽ ലഭിച്ച ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ 3,36,761/- രൂപയും തട്ടാരമ്പലം ഇലക്ട്രിക്കൽ സെക്ഷനിൽ നിന്ന് 30.3.23-ൽ ഡി.ബി. നമ്പർ-AETPLM/22-23/136 ലഭിച്ച കത്ത് പ്രകാരം 4,24,378/- രൂപയും ആവശ്യമാണെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് ആവിഷ്കരിച്ചിരുന്നു. എന്നാൽ പ്രോജക്ടിന് വകയിരുത്തിയ അടങ്കൽ കുറവായതിനാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഒടുക്കുവാൻ സാധിച്ചില്ല. പകരം ഓരോ ഇലക്ട്രിക്കൽ സെക്ഷനിലും 2,82,000/- രൂപ വീതം ഡെപ്പോസിറ്റ് ചെയ്യുന്നതിനാണ് തീരുമാനിച്ചിരുന്നത്. പ്രോജക്ടും അനുബന്ധരേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ ചുവടെ ചേർക്കുന്ന അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നം. 36/17.1.24 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1. എസ്റ്റിമേറ്റ് പ്രകാരം ആവശ്യമായിരുന്ന തുകയ്ക്ക് 2023-24 വർഷത്തിൽ പ്രോജക്ട് ആവിഷ്കരിച്ച് ബാക്കി തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതായി കാണുന്നില്ല

2. തട്ടാരമ്പലം ഇലക്ട്രിക്കൽ സെക്ഷന്റെ ബാങ്ക് അക്കൌണ്ട് PFMS ൽ മാപ്പ് ചെയ്തിട്ടില്ലാത്തതിനാൽ ഈ ഇലക്ട്രിക്കൽ സെക്ഷനിൽ ഒടുക്കേണ്ട തുകയും മാവേലിക്കര ഇലക്ട്രിക്കൽ സെക്ഷന്റെ SBIN0070089 നമ്പർ അക്കൌണ്ടിലേയ്ക്കാണ് ഒടുക്കിയിരുന്നത്. ഈ തുക തട്ടാരമ്പലം ഇലക്ട്രിക്കൽ സെക്ഷന്റെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

പ്രോജക്ടിന്റെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കുന്നത് വരെ 5,64,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1- 43-2 പൈപ്പ്ലൈൻ എക്സ്റ്റൻഷൻ - വിനിയോഗവിവരങ്ങൾ ലഭ്യമല്ല**

പ്രോജക്ട് നമ്പർ- S0164/23

അടങ്കൽ - 3,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

നിർവ്വഹണം - സെക്രട്ടറി

ചെലവ് - പേമെന്റ് അഡ്വൈസ് നമ്പർ - C032395293956/31.3.23 – 3,00,000/- രൂപ

നഗരസഭയിലെ 15,16,20,23 വാർഡുകളിൽ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ നടത്തുന്നതിനായി 3,00,000/- രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിരുന്നു. പ്രവർത്തിയുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നം. 20/16.1.24 നൽകിയെങ്കിലും ആയത് ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ലഭ്യമാക്കുന്നത് വരെ 3,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-44 എസ്.എസ്.കെ. - വിനിയോഗവിവരങ്ങൾ ലഭ്യമല്ല**

പ്രോജക്ട് നമ്പർ- S0002/23

അടങ്കൽ - 9,00,000/- (വികസനഫണ്ട് സാധാരണ വിഹിതം)

നിർവ്വഹണം - സെക്രട്ടറി

ചെലവ് -

ബിൽ റഫറൻസ് നമ്പർ - 22070447001500490360 /31.8.22 – 4,00,000/- രൂപ

ബിൽ റഫറൻസ് നമ്പർ - 22070447001500490363 /31.8.22 – 5,70,000/- രൂപ

നഗരസഭാ പരിധിയിലുള്ള വിവിധ സ്കൂളുകളിൽ യൂണിഫോം ഗ്രാന്റ്, സൌജന്യ പുസ്തകം, Support To SCPCR, Learning Enhancement Programme, ടീച്ചേഴ്സ് ട്രയിനിങ്, സ്കൂൾ ഗ്രാന്റ്, ലൈബ്രറി ഗ്രാന്റ് എന്നിങ്ങനെ വിവിധ ആവശ്യങ്ങൾക്ക് ചെലവാകുന്ന തുകയുടെ നഗരസഭാ വിഹിതം നൽകുന്നതിനുള്ള പ്രോജക്ടിലുൾപ്പെടുത്തി 9,70,000/- രൂപ പ്രോജക്ട് ഡയറക്ടറുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക നഗരസഭാ പരിധിയിലുള്ള ഏതെല്ലാം സ്കൂളുകളിൽ എത്ര രൂപ വീതം ചെലവഴിച്ചെന്നുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്തിയ വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ അംഗീകൃത പ്രോജക്ട് പ്രകാരം 9,00,000/- രൂപ അടങ്കലുള്ള പ്രോജക്ടിലുൾപ്പെടുത്തി മേൽ ബില്ലുകൾ പ്രകാരം 9,70,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. അതായത് അടങ്കലിലും 70,000/- രൂപ അധികമായി ചെലവഴിച്ചു. പ്രോജക്ട് പുതുക്കി അംഗീകാരം വാങ്ങി അടങ്കൽ റിവൈസ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും വിനിയോഗവിവരങ്ങളും ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം – 21/16.1.24 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിനിയോഗവിവരങ്ങൾ ലഭ്യമാക്കുന്നത് വരെ 9,70,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-45 തുല്യതാ പരിക്ഷകൾ – പഠിതാക്കളുടെ രജിസ്ട്രേഷൻ രേഖകൾ, പരീക്ഷയിൽ പങ്കെടുത്തിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയില്ല**

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പത്താംതരം തുല്യത, പതിനൊന്നാംതരം തുല്യത, പന്ത്രണ്ടാംതരം തുല്യത പരീക്ഷകളിൽ പങ്കെടുക്കുന്ന പഠിതാക്കൾക്കായി ചുവടെ ചേർക്കും പ്രകാരം തുകകൾ സാക്ഷരതാ മിഷനിൽ നിക്ഷേപിച്ചുവെങ്കിലും രജിസ്ട്രേഷൻ രേഖകൾ, പരീക്ഷയിൽ പങ്കെടുത്തതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.22/16.1.24) നൽകിയെങ്കിലും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നത് വരെ 3 പ്രോജക്ടുകൾക്കുമായി നിക്ഷേപിച്ച 1,40,400/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ വിശദാംശം | ചെലവിന്റെ വിശദാംശം | റിമാർക്സ് |
|---|---|---|---|
| 1. | പത്താംതരം തുല്യത പ്രോജക്ട് നമ്പർ – S0088/23 അടങ്കൽ – 1,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ചെലവ്-പേമെന്റ് അഡ്വൈസ് നമ്പർ – C03232334697959/14.3.23 – 25,500/- രൂപ | ഒരു പഠിതാവിന് 2,550/- രൂപ വെച്ച് 10 പഠിതാക്കൾക്കായി 25,500/- രൂപ |
| 2. | പതിനൊന്നാംതരം തുല്യത പ്രോജക്ട് നമ്പർ – S0087/23 അടങ്കൽ – 1,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | പേമെന്റ് അഡ്വൈസ് നമ്പർ – C032337194420/15.3.23 – 73,600/- രൂപ | ഒരു പഠിതാവിന് 3,200/- രൂപ വെച്ച് 23 പഠിതാക്കൾക്കായി 73,600/- രൂപ |

| | | | |
|---|---|---|---|
| 3. | പന്ത്രണ്ടാംതരം തുല്യത<br>പ്രോജക്ട് നമ്പർ - S0086/23<br>അടങ്കൽ - 50,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | പേമെന്റ് അഡ്വൈസ് നമ്പർ - C032334688163/14.3.23 - 41,300/- രൂപ | ഒരു പഠിതാവിന് 2,950/- രൂപ വെച്ച് 14 പഠിതാക്കൾക്കായി 41,300/- രൂപ |

## 1-46 അഗതി ആശ്രയ – തുക ചെലവഴിക്കാതെ നിഷ്ക്രിയമായി ആശ്രയ അക്കൌണ്ടിൽ സൂക്ഷിക്കുന്നു

പ്രോജക്ട് നമ്പർ - S0047/23

പ്രോജക്ടിന്റെ പേര് - ആശ്രയ പദ്ധതി

നിർവ്വഹണം - സെക്രട്ടറി

പ്രോജക്ടിൽ ഉൾപ്പെടുത്തി 2,00,000/- രൂപ (ട്രഷറി ബിൽ റഫറൻസ് നം. 2207044700150071725O/1.11.22) അഗതി ആശ്രയ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ഈ തുക നിലവിലും ചെലവാകാതെ അക്കൗണ്ടിൽ അവശേഷിക്കുന്നു. മുൻ വർഷങ്ങളിൽ അഗതി ആശ്രയ പ്രോജക്ടുകൾക്കായി നൽകിയ തുകകളും ചെലവഴിക്കപ്പെടാതെ അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സമൂഹത്തിലെ നിരാലംബരായ അഗതികളുടെ ആവശ്യത്തിനായി വ്യക്തമായ പ്രോജക്ടുകൾ തയ്യാറാക്കാതെ ഇപ്രകാരം പദ്ധതി വിഹിതം കൈമാറുന്നതിലൂടെ തുക നിഷ്ക്രിയമായി അക്കൗണ്ടിൽ അവശേഷിക്കുന്നതിന് കാരണമാകുന്നു. മുൻ വർഷങ്ങളിലുൾപ്പെടെ കൈമാറിയിട്ടുള്ള പദ്ധതി വിഹിതം തുകകൾ അഗതികളുടെ അടിസ്ഥാന/പശ്ചാത്തല വികസന ആവശ്യങ്ങൾക്കായി വിനിയോഗിക്കേണ്ടതും വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-47 ദാരിദ്ര്യ നിർമ്മാർജ്ജനസെൽ പ്രോജക്ട് ഓഫീസർ 3 പദ്ധതികളുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജനസെൽ നടപ്പാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ ഫയലുകളും അനുബന്ധ രേഖകളും ഹാജരാക്കിയില്ല.

| പ്രോജക്ടിന്റെ പേര്,നമ്പർ | ഫണ്ട് | അടങ്കൽ | ചെലവ് | ബിൽ നം., തീയതി | |
|---|---|---|---|---|---|
| വാസയോഗ്യമല്ലാത്ത ഭവനം വാസയോഗ്യമാക്കൽ, S0196/23 | വികസനഫണ്ട് (ജനറൽ) | 65,000/- | 65,000/- | 195/15.03.23 | |
| വയോജനങ്ങൾക്ക് കട്ടിൽ, S0035/23 (സ്പിൽഓവർ) | വികസനഫണ്ട് (ജനറൽ) | 8,84,000/- | 8,84,000/- | 6,88,500/- | 35/30.08.22 |
| | | | | 1,74,250/- | 117/28.01.23 |
| | | | | 21,250/- | 130/04.02.23 |
| സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം, | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 2,19,225/- | 2,19,225/- | 128/04.02.23 | |

| | | | | |
|---|---|---|---|---|
| S0037/23 | | | | |
| ആകെ | | | 11,68,225/- | |

ഫയലുകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/15.01.24) മറുപടിയോ, രേഖകളോ ലഭ്യമാക്കിയില്ല. 1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 12(2) പ്രകാരം ഓഡിറ്റിന് രേഖകളോ കണക്കുകളോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ നിലവിലില്ല എന്ന കരുതപ്പെടുന്നതും അതനുസരിച്ചുള്ള നിഗമനത്തിൽ എത്താവുന്നതുമാണ്. ആയതിനാൽ ചെലവ് രേഖകളുടെ അഭാവത്തിൽ 11,68,225/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-47-1 ഹെൽത്ത് ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ ചെലവുരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. 1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 12(2) പ്രകാരം ഓഡിറ്റിന് രേഖകളോ കണക്കുകളോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ നിലവിലില്ല എന്ന കരുതപ്പെടുന്നതും അതനുസരിച്ചുള്ള നിഗമനത്തിൽ എത്താവുന്നതുമാണ്. ഈ പ്രോജക്ടുകളുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ, അടിയന്തിരമായി ഓഡിറ്റിനായി ലഭ്യമാക്കിയില്ലായെങ്കിൽ 1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 12(2) പ്രകാരം രേഖകൾ നിലവിലില്ലായെന്ന നിഗമനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ച് ഓഡിറ്റ് അന്വേഷണം (നം.38/17.1.24) നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കുകയുണ്ടായില്ല. രേഖകൾ ലഭ്യമാക്കുന്നത് വരെ പ്രോജക്ടുകളുടെ പേരിൽ നടത്തിയ 3,65,64,900/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | പ്രോജക്ട് നമ്പർ | ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|---|---|---|
| 1 | ഭൂരഹിതർക്ക് ഭൂമി | S0173/23 | വികസന ഫണ്ട് - സാധാരണ വിഹിതം | 13,50,000 | 6,70,000 |
| 2 | ലൈഫ് - പി.എം.എ.വൈ. ജനറൽ | S0040/23 | വികസന ഫണ്ട് - സാധാരണ വിഹിതം | 8,00,000 | 8,00,000 |
| 3 | വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ ജനറൽ | S0041/23 | വികസനഫണ്ട് - സാധാരണ വിഹിതം | 17,57,900 | 13,65,900 |
| 4 | ലൈഫ് - പി.എം.എ.വൈ. ജനറൽ | S0042/23 | വികസന ഫണ്ട് - സാധാരണ വിഹിതം | 24,00,000 | 24,00,000 |
| 5 | വാസയോഗ്യമല്ലാത്ത | S0043/23 | വികസന | 42,00,000 | 2,55,59,000 |

| | | | | | |
|---|---|---|---|---|---|
| | വീട് വാസയോഗ്യമാക്കൽ ജനറൽ, | | ഫണ്ട് – സാധാരണ വിഹിതം | | |
| 6 | വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ ജനറൽ, | S0033/23 | എസ്.സി.പി. | 6,75,000 | 1,25,000 |
| 7 | ലൈഫ് – പി.എം.എ.വൈ. പട്ടികജാതി | S0032/23 | എസ്.സി.പി | 1,40,000 | 1,40,000 |
| 8 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | S0034/23 | എസ്.സി.പി | 10,50,000 | 10,50,000 |
| 9 | വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ, പട്ടികജാതി, | S0055/23 | എസ്.സി.പി | 19,00,000 | 10,75,000 |
| 10 | ലൈഫ് – പി.എം.എ.വൈ. പട്ടികജാതി | S0054/23 | എസ്.സി.പി | 47,80,000 | 33,40,000 |
| 11 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | S0056/23 | എസ്.സി.പി | 20,00,000 | 40,000 |
| | ആകെ | | | | 3,65,64,900 |

**1-47-2 അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ 10 പ്രോജക്ടുകളുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2022-2023 സാമ്പത്തിക വർഷം 80 പ്രോജക്ടുകൾ (സ്പിൽ ഓവർ-30, പുതിയത്-50) ആവിഷ്കരിച്ചിരുന്നു. ഇതിൽ 45 പദ്ധതികൾ തൻവർഷം നടപ്പാക്കിയിട്ടുണ്ട്. ചുവടെ ചേർക്കുന്ന 10 പ്രോജക്ടുകളുടെ ചെലവ് രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ട് | ചെലവ് തുക | ബിൽ നം./ തീയതി |
|---|---|---|---|---|
| 1 | S0150/22-23 | പുതിയകാവ് എൽ.പി സ്കൂൾ പുനരുദ്ധാരണം | 201896, (NR-MG) | ബിൽ നം. 240/ 27.03.23 |
| 2 | S0025/22-23 | കണ്ടിയൂർ പള്ളിവേട്ട ആൽത്തറ പാറക്കടവ് റോഡ് പുനരുദ്ധാരണം | 213000 (R-MG) | ബിൽ നം.215/ 24.03.23 |
| 3 | S0120/22-23 | മറുതാക്ഷി ക്ഷേത്രം | 417328 | ബിൽ |

| | | | | |
|---|---|---|---|---|
| | | പുതുച്ചിറ റോഡ് പുനരുദ്ധാരണം | (R-MG) | നം.242/ 27.03.23 |
| 4 | S0126/22-23 | കുഴിപ്പറമ്പ് മണ്ണൻകര റോഡ് പുനരുദ്ധാരണം | 450000 (R-MG) | ബിൽ നം.173/ 08.03.23 |
| 5 | S0108/22-23 | കണ്ടിയൂർ പള്ളിവേട്ട ആൽത്തറ മുതൽ നടുക്കെ ആൽത്തറ വരെ റോഡ് പുനരുദ്ധാരണം | 490000 (R-MG) | ബിൽ നം.257/ 28.03.23 |
| 6 | S0019/22-23 | കുറുങ്ങാട്ട് റോഡ് പുനരുദ്ധാരണം (സ്പിൽ ഓവർ) | 578899 (R-MG) | ബിൽ നം.23/ 20.08.22 |
| 7 | S0010/22-23 | തറയിൽ റോഡ് പുനരുദ്ധാരണം(സ്പിൽ ഓവർ) | 620141 (R-MG) | ബിൽ നം.22/ 20.08.23 |
| 8 | S0012/22-23 | പൂക്കട ജം. മുതൽ അർബൻ ബാങ്ക് റോഡ് പുനരുദ്ധാരണം(സ്പിൽ ഓവർ) | 676835, (R-MG) | ബിൽ നം.5/ 30.04.22 |
| 9 | S0115/22-23 | കോളാട്ട് റോഡ് പുനരുദ്ധാരണം | 500000, (Plan-Scp) | ബിൽ നം.171/ 08.03.23 |
| 10 | S0149/22-23 | കൊല്ലശ്ശേരി ഐക്കര റോഡ് ഓട പുനരുദ്ധാരണം | 366336, FCA | ബിൽ നം.224/ 25.03.23 |
| | | | 4514435 | |

1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 12(2) പ്രകാരം ഓഡിറ്റിന് രേഖകളോ കണക്കുകളോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ നിലവിലില്ല എന്ന കരുതപ്പെടുതാവുന്നതും അതനുസരിച്ചുള്ള നിഗമനത്തിൽ എത്താവുന്നതുമാണ്. മേൽ പ്രോജക്ടുകളുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ, അടിയന്തിരമായി ഓഡിറ്റിനായി ലഭ്യമാക്കിയില്ലായെങ്കിൽ 1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 12(2) പ്രകാരം രേഖകൾ നിലവിലില്ലായെന്ന നിഗമനത്തിൽ ചെലവ് തുക ഓഡിറ്റിൽ നിരാകരിക്കുന്നതാണെന്നറിയിച്ച് ഓഡിറ്റ് അന്വേഷണം (നം.28/17.01.24) നൽകിയെങ്കിലും മേൽ പറഞ്ഞ ഫയലുകൾ ഹാജരാക്കിയില്ല. ആയതിനാൽ മേൽ പറഞ്ഞ പദ്ധതികൾക്കായി നടത്തിയ 45,14,435/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-48 പി.എം.എ.വൈ. - ഭവനനിർമ്മാണ പദ്ധതി - തുക കൈപ്പറ്റിയ ശേഷം നിർമ്മാണം പൂർത്തിയാക്കിയില്ല**

പി.എം.എ.വൈ. പദ്ധതിയിലുൾപ്പെടുത്തി ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിച്ച ചുവടെ ചേർക്കുന്നവരുടെ ഭവനനിർമ്മാണം സംബന്ധിച്ച നിലവിലെ അവസ്ഥ വിശദമാക്കാൻ ആവശ്യപ്പെട്ട്

നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 34/17.1.24) ലഭ്യമാക്കിയ മറുപടിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | പേരും വിലാസവും | വാർഡ് | DPR | കൈപ്പറ്റിയ തുകയും തീയതിയും | ഓഡിറ്റ് അന്വേഷണത്തിന് ലഭിച്ച മറുപടി പ്രകാരം നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1. | പ്രമീള നായർ, ഹരിപ്രിയ സദനം | 1 | 1 | 30,000/- 4.5.2017 | ഭവനനിർമ്മാണം ആരംഭിയ്ക്കുകയോ തുക തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല |
| 2. | ഓമന, കാവിന്റെ കിഴക്കതിൽ | 9 | 2 | 40,000/- 13.9.2019 | ഫൌണ്ടേഷൻ നിർമ്മാണം നടക്കുന്നു. |
| 3. | പ്രഭ, കളരിയിൽ | 9 | 2 | 30,000/- 17.3.2018 | തുക തിരികെ അടവാക്കാൻ ആവശ്യപ്പെട്ട് 29.10.23-ൽ CDS 24/16 നമ്പരായി കത്ത് നൽകി. മറുപടി ലഭ്യമാക്കിയിട്ടില്ല |
| 4. | പുഷ്പവല്ലി, ഗോസായി പറമ്പ് | 19 | 4 | 40,000/- 6.5.2019 | പലിശ ഉൾപ്പെടെ 61,200/- രൂപ തിരികെ അടവാക്കി. തുക അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. |
| 5. | സജിതകുമാരി, തറവിളയിൽ | 13 | 4 | 40,000/- 6.5.2019 | ഫൌണ്ടേഷൻ നിർമ്മാണം പൂർത്തിയാക്കി അടുത്ത ഗഡുവിനായി അപേക്ഷ നൽകിയിട്ടുണ്ട്. |
| 6. | ശോഭ, പൂയപ്പള്ളിൽ | 4 | 4 | 40,000/- | കേസ് നടക്കുന്നതിനാൽ നിർമ്മാണം മുടങ്ങിയിരിക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| 7. | ജിജി, തയ്യിൽ ലക്ഷ്മി ഭവനം | 19 | 5 | 40,000/- | ഭവനനിർമ്മാണം ആരംഭിയ്ക്കുകയോ തുക തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല |
| 8. | സുപ്രഭ, കണ്ടത്തിൽ തെക്കതിൽ | 18 | 5 | 40,000/- 3.22 | ലിന്റൽ ലെവൽ വരെയായി. 27.3.23-ൽ രണ്ടാം ഗഡു 1,60,000/- അനുവദിച്ചു. |

ഇതിൻ പ്രകാരം ഭവനനിർമ്മാണം ആരംഭിച്ചവരുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും ഭവനനിർമ്മാണം മുടങ്ങിയവരിൽ നിന്നും തുക തിരികെ ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-49 ലക്ഷങ്ങൾ ചെലവഴിച്ച് കെട്ടിടം നിർമ്മിച്ചെങ്കിലും ആധുനിക അറവ് ശാല യാഥാർത്ഥ്യമായില്ല

നഗരസഭാ പരിധിയിൽ ഇറച്ചി വെട്ടും വിൽപ്പനയും വ്യാപകമായി നടക്കുകയും, ഇറച്ചി അവശിഷ്ടങ്ങൾ തോടുകളിലും പൊതു സ്ഥലങ്ങളിലും ഉപേക്ഷിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ അനധികൃത ഇറച്ചിവെട്ട് നിയന്ത്രിക്കാനാവശ്യമായ പരിശോധനകൾ നടത്തുന്നതായോ ഇറച്ചി അവശിഷ്ടങ്ങൾ പൊതു സ്ഥലങ്ങളിൽ ഉപേക്ഷിക്കുന്നവർക്കെതിരെ നടപടി സ്വീകരിച്ചതായോ രേഖയില്ല. നഗരസഭാ പരിധിയിൽ 3 ഇറച്ചി സ്റ്റാളുകളാണ് ലേലത്തിൽ നൽകിയിട്ടുള്ളത്. പുതിയകാവ് - കല്ലുമല റോഡരികിൽ പണി കഴിപ്പിച്ച ആധുനിക അറവ് ശാല കെട്ടിടം മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരം ലഭിക്കാത്തതിനാൽ യാഥാർത്ഥ്യമായില്ല. മുൻ നഗരസഭാ കൗൺസിലിന്റെ കാലത്ത് ഇവിടെ പകൽ വീട് പ്രവർത്തിപ്പിക്കാൻ തീരുമാനിച്ചെങ്കിലും നടപ്പായില്ല. നിലവിൽ ഇവിടെ താൽക്കാലികമായി ഒരു അംഗൻവാടി പ്രവർത്തിക്കുന്നുണ്ട്.

അറവുശാല കെട്ടിടത്തിന്റെ നവീകരണത്തിനായി ഓരോ വർഷവും ലക്ഷങ്ങൾ ആണ് ചെലവഴിച്ചിട്ടുള്ളത്. ഇതിനോടകം ഏകദേശം 50 ലക്ഷത്തോളം രൂപ ചെലവഴിച്ചിട്ടും കറന്റ് ചാർജ്ജ് അടയ്ക്കാതിരുന്നതിനാൽ വൈദ്യുതി വിച്ഛേദിച്ച നിലയിലാണ്. ഭാഗികമായ വയറിംഗ് മാത്രമാണ് കെട്ടിടത്തിൽ ചെയ്തിട്ടുള്ളത്. പദ്ധതി ആസൂത്രണത്തിലും നിർവഹണത്തിലും ഉണ്ടായ വീഴ്ചയാണ് നഗരത്തിൽ ഒരു അറവുശാല യാഥാർത്ഥ്യമാകാതിരുന്നത്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14/15.01.2024) മറുപടി ഹാജരാക്കിയില്ല. നിലവിൽ ഉപയോഗശൂന്യമായ ആധുനിക അറവുശാലാ കെട്ടിടം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-50 ആസ്തി സംരക്ഷണ പദ്ധതികളുടെ അഭാവം മൂലം ആസ്തികൾ നശിക്കുന്നു

നഗരസഭയുടെ ആസ്തികളുടെ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിലും ആസ്തികളുടെ സംരക്ഷണത്തിലും കാര്യമായ ശ്രദ്ധ ചെലുത്തുന്നതായി കാണുന്നില്ല. വിശദാംശം ചുവടെ.

ആസ്തി സംബന്ധിച്ച രേഖകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിലെ ന്യൂനതകൾ

ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്തിട്ടുണ്ടെങ്കിലും കാലികമാക്കിയിട്ടില്ല. നഗരസഭയുടെ ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്നതിനുള്ള സചിത്ര സോഫ്റ്റ്‌വെയർ അപൂർണ്ണമാണ്. പുതിയ നിർമ്മാണങ്ങൾ, നിലവിലുള്ള ആസ്തികളിൽ പിന്നീട് വരുത്തുന്ന മെയിന്റനൻസുകൾ എന്നിവയൊന്നും തന്നെ സചിത്ര സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നില്ല. 2017-18 ന ശേഷം അപ്‌ഡേഷൻ നടന്നിട്ടില്ല.

നഗരസഭയുടെ ഉടമസ്ഥതയിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ, ഗ്യാസ് ക്രിമറ്റോറിയം,

എം.ആർ.എഫ്, അങ്കണവാടികൾ തുടങ്ങിയവയുണ്ട്. എന്നാൽ ഇവയൊന്നും സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ഭൂരിഭാഗം തനത് ആസ്തികളും രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല എന്നത് വളരെ ഗൗരവകരമായി വീക്ഷിക്കേണ്ടതാണ്.

ആസ്തികൾ സംരക്ഷിക്കപ്പെടാതെ നിഷ്ക്രിയമായി അവശേഷിക്കുന്നു

നഗരസഭക്ക് ധാരാളം തനത് ആസ്തികളുണ്ടെങ്കിലും കൂടുതലും നിഷ്ക്രിയ ആസ്തിയായി നിലനിൽക്കുന്നു. ജനങ്ങൾക്ക് ഉപകാരപ്രദമാവേണ്ടുന്ന ഗ്യാസ് ക്രിമറ്റോറിയം പോലെയുള്ള ആസ്തികൾ സ്ഥാപിച്ചെങ്കിലും സാങ്കേതിക പിഴവു മൂലം വളരെ പെട്ടെന്ന് തന്നെ നിഷ്ക്രിയമായി. സ്ലോട്ടർ ഹൗസിനായി കെട്ടിടം നിർമ്മിച്ചെങ്കിലും ആസൂത്രണത്തിലെ പിഴവു കാരണം നിലവിലും പൂർത്തീകരിക്കപ്പെട്ടിട്ടില്ല. സ്ലോട്ടർ ഹൗസ് കെട്ടിടം നിലവിൽ പകൽവീട്, വനിതാ വ്യവസായ കേന്ദ്രം, അംഗന വാടി എന്നിങ്ങനെ പല പേരുകളിൽ വിവിധ വർഷങ്ങളിൽ മെയിന്റനൻസ് നടത്തുന്നുണ്ടെങ്കിലും അങ്കണവാടി മാത്രമാണ് പ്രവർത്തിച്ചു തുടങ്ങിയത്. മുൻ വർഷങ്ങളിൽ സ്ഥാപിച്ച എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകളും കാട് മൂടി നിഷ്ക്രിയമായി. തനത് ആസ്തികൾ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തന ക്ഷമമാക്കാത്തത് കാരണം വാടകയ്ക്ക് നൽകുവാൻ കഴിയാത്ത അവസ്ഥയുണ്ട്.

റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് – പദ്ധതി തൻവർഷം നടപ്പിലായില്ല

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ആസ്തികൾ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായി 2022-23 വർഷം റോഡ് കണക്റ്റിവിറ്റി മാപ്പിംഗിനായി പദ്ധതി (S0109/23) തയ്യാറാക്കിയിരുന്നു. കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ (കെ.എസ്.ആർ.ആർ.ഡി.എ) തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പ്ലാറ്റ് ഫോമിന്റേയും R-ട്രാക്ക് മൊബൈൽ ആപ്ലിക്കേഷന്റേയും സേവനം പ്രയോജനപ്പെടുത്തി റോഡ് കണക്റ്റിവിറ്റി മാപ്പിംഗിനായി പദ്ധതി ആസൂത്രണം ചെയ്തുവെങ്കിലും പദ്ധതി തൻവർഷം നടപ്പിലായില്ല. 2023-24 സാമ്പത്തിക വർഷം കരാർ ചമച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഭൂമികൾ ഉൾപ്പെടെയുള്ള ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്. റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആസ്തി സംരക്ഷണത്തിനായി സമഗ്രമായ പദ്ധതികൾ അടിയന്തിരമായി ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-51 മറ്റ് സ്ഥാപനങ്ങളിലേയ്ക്കുള്ള തുക യഥാസമയം അടവാക്കിയില്ല, നഗരസഭയ്ക്ക് കോടികളുടെ ബാദ്ധ്യത നിലനിൽക്കുന്നു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും ലൈബ്രറിസെസ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക രണ്ടു ഗഡുക്കളായി (ആദ്യഗഡു ഏപ്രിൽ 30 നകവും രണ്ടാമത്തെ ഗഡു നവംബർ 30 നകവും) സംസ്ഥാന ലൈബ്രറി കൗൺസിലിലേയ്ക്ക് ഒടുക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ ആയത് സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽനിന്ന് ഈടാക്കുന്നതുമാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സർക്കുലർ മുഖേന (സർക്കുലർ നം. 10088/എൽ.3/05/ത.സ്വ.ഭ.വ തീയതി 20.09.2005) വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭയുടെ 2022-23 വർഷത്തെ വാർഷിക കണക്കു പ്രകാരം ലൈബ്രറി സെസ്സും മറ്റ് വിവിധ ഇനങ്ങളിലുമായി നഗരസഭയ്ക്ക് കോടികളുടെ ബാദ്ധ്യത നിലനിൽക്കുന്നു. 2022-23 വാർഷിക കണക്കു പ്രകാരം 6.64 കോടി രൂപ വർഷാന്ത്യം അടച്ചുതീർക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. 31.03.2023-ൽ നിലനിൽക്കുന്ന നഗരസഭയുടെ പ്രധാന ബാദ്ധ്യതകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇനം | അടവാക്കേണ്ട തുക | അടവാക്കേണ്ട ഏജൻസി |
|---|---|---|---|
| 320300100 | വാട്ടർ ചാർജ്ജ് | 3,85,77,138 | കേരള വാട്ടർ അതോറിറ്റി |

| | | | |
|---|---|---|---|
| 350300100 | ലൈബ്രറി സെസ്സ് | 44,78,984 | സംസ്ഥാന ലൈബ്രറി കൗൺസിൽ |
| 350309900 | ഇലക്ട്രിസിറ്റി ചാർജ്ജ് – തെരുവ് വിളക്കുകൾ | 1,11,31,263 | കെ.എസ്.ഇ.ബി. |
| 350309900 | മുൻകാല ശമ്പള കുടിശ്ശികകൾ | 1,21,87,088 | വിവിധ ജീവനക്കാർ |
| ആകെ | | 6,63,74,474/- | |

ബാദ്ധ്യത അനിയന്ത്രിതമായി കൂടി വരുന്നത് നഗരസഭയുടെ സുഗമമായ പ്രവർത്തനത്തെ തന്നെ ബാധിക്കുമെന്നതിനാൽ കുടിശ്ശിക തീർപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. ലൈബ്രറി സെസ് തുക ഉടൻ തന്നെ അടവാക്കി വിവരം ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. ആയതിന്റെ പലിശ തുക ഒടുക്കുന്നതിൽ വീഴ്ച വരുത്തിയ സെക്രട്ടറിമാരുടെ പക്കൽനിന്ന് ഈടാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വസ്തുനികുതി - 250 ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങളെ മേൽത്തരംതറ നിർമ്മിതിയ്ക്കനുസൃതമായി നികുതി ചുമത്തിയില്ല

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.2011-ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/ത.സ്വ.ഭ.വ യിലെ നിർദ്ദേശ പ്രകാരം നഗരസഭയിലെ 250 ച.മീറ്ററിന് മുകളിലുള്ള മേൽത്തരം തറ നിർമ്മിതിയുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതിയോടൊപ്പം 15% വർദ്ധനവ് വരുത്തണമെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ മാവേലിക്കര നഗരപരിധിയിലുള്ള കെട്ടിടങ്ങളെ അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തറനിർമ്മിതിയ്ക്കനുസൃതമായി നികുതി ചുമത്തിയിട്ടില്ലായെന്ന് കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര്, വിലാസം | വാർഡ്, കെട്ടിട നം. | കെട്ടിടത്തിന്റെ ആകെ വിസ്തൃതി (ച.മീ.) | ഉപയോഗം | നഗരസഭ നിശ്ചയിച്ച നികുതി നിരക്ക് | ഈടാക്കിയ അടിസ്ഥാന നികുതി | ഈടാക്കേണ്ട നികുതി | മേൽത്തരം തറ നിർമ്മിതിയ്ക്ക് ബാധകമായ വർദ്ധനവ് (15%)/ കുറവ് |
|---|---|---|---|---|---|---|---|
| പ്രസന്നകുമാരി, പ്രിൻസി കോട്ടേജ്, വഴുവാടി | VII/ 402(2) | 292.8 | വാണിജ്യം | 140 | 40992 | 47141 | 6149/- (292.8x140x15%) |
| | VII/ 402(3) | 134.91 | വാണിജ്യം | 140 | 18887 | 21720 | 2833/- (134.91x140x15%) |
| **ആകെ** | | **427.71** | | | 59879 | 68861 | **8982** |
| അനി പ്രജിത്ത്, പ്രജിത്ത് കോട്ടേജ്, കൊറ്റാർകാവ് | XI/12(1) | 146.37 | പാർപ്പിടം | 14 | 2049 | 2357 | 308/- (146.37x14x15%) |
| | XI/12(2) | 157.77 | പാർപ്പിടം | 14 | 2209 | 2540 | 331/- (157.77x14x15%) |

| | | | | | | | |
|---|---|---|---|---|---|---|---|
| **ആകെ** | | **304.14** | | | 4258 | 4897 | **639/-** |
| പി.ഗോപി & രാധമ്മ, മലയിൽ തെക്കേതിൽ, പുതിയകാവ് | XII/ 175(1) | 55.09 | വാണിജ്യം | 70 | 3856 | 4434 | 578 (55.09x70x15%) |
| | XII/ 175(2) | 22 | വാണിജ്യം | 70 | 1540 | 1771 | 231 (22x70x15%) |
| | XII/ 175(3) | 34.59 | പാർപ്പിടം | 14 | 484 | 557 | 73 (34.59x14x15%) |
| | XII/ 175(4) | 78.89 | പാർപ്പിടം | 14 | 1104 | 1270 | 166 (78.89x14x15%) |
| | XII/ 175(5) | 92.14 | പാർപ്പിടം | 14 | 1290 | 1483 | 193 (92.14x14x15%) |
| **ആകെ** | | **282.66** | | | 8274 | 9515 | **1241/-** |

250 ച.മീറ്ററിലധികം വിസ്തീർണ്ണമുള്ള മേൽ കെട്ടിടങ്ങൾക്ക് മേൽത്തരം തറനിർമ്മിതിയായിട്ടും അടിസ്ഥാന നികുതിയുടെ 15% വർദ്ധനവ് വരുത്തിയതായി കാണുന്നില്ല. അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.33/17.01.2024) ഒരു പ്രധാന കെട്ടിടത്തിന്റെ ഭാഗമായ പല കെട്ടിടങ്ങളെ ഒറ്റ യൂണിറ്റായി കണക്കാക്കി വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്താൻ സഞ്ചയ സോഫ്റ്റ് വെയറിൽ ഓപ്ഷൻ ഇല്ലാത്തതിനാലാണ് വർദ്ധനവ് വരുത്താതിരുന്നതെന്ന് മറുപടി ലഭിച്ചു. മേൽത്തരം തറനിർമ്മിതിയുള്ള 250 ച.മീറ്ററിലധികം വിസ്തീർണ്ണമുള്ള മുഴുവൻ കെട്ടിടങ്ങളുടേയും വസ്തു നികുതി പരിശോധിച്ച് നികുതി പുനർ നിർണ്ണയിക്കേണ്ടതും മേൽ പട്ടികയിൽ പരാമർശിച്ചിട്ടുള്ള കെട്ടിടങ്ങളുടെ കുറവ് വന്ന നികുതി 10,862/- രൂപ (8982+639+1241) ഈടാക്കി അറിയിക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പട്ടികജാതി പെൺകുട്ടികളുടെ വിവാഹ ധനസഹായം - ഉത്തരവിന് വിരുദ്ധമായി അധികം തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്റ്റ് നം. | S0058/23 |
| പേര് | പട്ടികജാതി വിഭാഗത്തിലെ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം |
| അടങ്കൽ | 5,00,000/-വികസനഫണ്ട് (എസ്.സി.പി) |
| ചെലവ് | 5,00,000/-(ബിൽ നം,തീയതി - 161/04.03.23) |
| നിർവഹണ ഉദ്യോഗസ്ഥൻ | പ്രോജക്റ്റ് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |

തദ്ദേശ ഭരണസ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പട്ടികജാതി വിഭാഗത്തിലെ പെൺകുട്ടികൾക്ക് വിവാഹ

ധനസഹായം പദ്ധതിയിൽ അനുവദിക്കാവുന്ന തുക സ.ഉ.(സാധാ) നം.2593/2022/LSGD തീയതി 26-10-2022 ഉത്തരവ് പ്രകാരം 1,25,000/-രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരമുള്ള വർദ്ധനവ് 15.10.22-ന് ശേഷം നടക്കുന്ന വിവാഹത്തിനാണ് ബാധകമാക്കിയിരിക്കുന്നത്. എന്നാൽ പ്രസ്തുത ഉത്തരവിന് വിരുദ്ധമായി ഉയർന്ന നിരക്കിലാണ് ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് വിവാഹ ധനസഹായം അനുവദിച്ചിരിക്കുന്നത്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വിവാഹ തീയതി | നൽകിയ തുക | അർഹമായ തുക | അധികം നൽകിയത് |
|---|---|---|---|---|---|
| 1. | ഗീതാ സനിൽ, ഉദയം പുറത്ത് | 03.09.22 | 1,25,000/- | 75,000/- | 50,000/- |
| 2. | ലതിക.കെ, കൊല്ലം പറമ്പിൽ (കൃഷ്ണകൃപ) | 12.05.22 | 1,25,000/- | 75,000/- | 50,000/- |
| | ആകെ | | | | 1,00,000/- |

സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/12.01.24), അപേക്ഷകൾ ലഭിച്ചത് ഉത്തരവ് തീയതിക്ക് ശേഷം ആയതിനാൽ, ആ സമയത്ത് നിലവിലുണ്ടായിരുന്ന നിരക്കിൽ തുക നൽകി എന്നാണ് അറിയിച്ചത്. എന്നാൽ പ്രസ്തുത ഉത്തരവ് പ്രകാരം ഉയർന്ന നിരക്ക് ബാധകമാകുന്നത് വിവാഹത്തീയതിയുടെ അടിസ്ഥാനത്തിലാണ്, അപേക്ഷ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിലല്ല. ആയതിനാൽ പ്രസ്തുത മറുപടി ആംഗീകരിക്കാവുന്നതല്ല. അധികം നൽകിയ 1,00,000/-രൂപ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കാനായില്ല എങ്കിൽ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. അധികം നൽകിയ 1,00,000/- രൂപ നിരാകരിക്കുന്നു.

## 3-2 ഹരിതകർമ്മസേനക്ക് ഇലക്ട്രിക്ക് വാഹനം വാങ്ങൽ - ഗുണനിലവാരമില്ലാത്ത വാഹനം വാങ്ങി പദ്ധതിപ്പണം പാഴാക്കി

നിർവ്വഹണ ഉദ്യോഗസ്ഥൻ - പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ

പ്രോജക്ടിന്റെ പേര് - മാലിന്യസംസ്കരണം - ഹരിതകർമ്മസേനക്ക് ഇലക്ട്രിക്ക് വാഹനം വാങ്ങൽ

പ്രോജക്ട് നം. S0172/23

ഫണ്ട് - ധനകാര്യകമ്മീഷൻ അവാർഡ്

അടങ്കൽ - 5,00,000/-

ചെലവ് - 4,97,000/-ബിൽ നം, തീയതി - 220/24.03.23

ഹരിതകർമ്മസേനക്ക് ഇലക്ട്രിക്ക് വാഹനം വാങ്ങുന്നതിനായി നടപ്പാക്കിയ പദ്ധതിയാണിത്. 4,97,000/- രൂപ ചെലവഴിച്ച് ജെം പോർട്ടൽ വഴിയാണ് ഇലക്ട്രിക് ഓട്ടോ [E Cart With Tipping Facility(MAC AUTO INDIA)] വാങ്ങിയത്. ഫയൽ പരിശോധിച്ചതിൽ, പ്രസ്തുത വാഹനത്തിന് മതിയായ ഗുണനിലവാരം ഇല്ല എന്നും രണ്ട് തവണ വാഹനം മറിഞ്ഞ് ഹരിതകർമ്മ സേനാംഗങ്ങൾക്ക് പരിക്കേറ്റതായും ആയതിനാൽ MAC AUTO INDIA എന്ന കമ്പനിയെ അറിയിച്ച് വാഹനം പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കുന്നതിന് ആവശ്യപ്പെട്ട് 18.08.23 ൽ H1-13299/22 നമ്പരായി വാഹനത്തിന്റെ ഡീലറായ ഹാപ്പി ഹാൻഡ്സ്

ഗ്ലോബൽ, പത്തിയൂർ എന്ന സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ട്. തുടർനടപടികളുടെ വിവരവും വാഹനം മാലിന്യനീക്കത്തിനായി ഉപയോഗിച്ചതിന്റെ വിവരം എന്നിവയും വാഹനത്തിന്റെ ലോഗ് ബുക്ക് സഹിതം ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/15.01.24) മറുപടി നൽകിയില്ല.






ഓഡിറ്റ് നടത്തിയ ഭൌതിക പരിശോധനയിൽ, നിലവിൽ ഈ വാഹനം നഗരസഭയുടെ പ്രവേശനകവാടത്തിന് സമീപം ഷെഡ്ഡിൽ സൂക്ഷിച്ചിരിക്കുകയാണ് എന്ന് കണ്ടു. ആവശ്യത്തിന് വലിപ്പവും ഭാരവും ഇല്ലാത്തതിനാൽ വാഹനം മാലിന്യനീക്കത്തിനു ഉപയോഗപ്രദമല്ല എന്നും, രണ്ട് തവണ ഓടിക്കാൻ ശ്രമിച്ചുവെങ്കിലും വാഹനം മറിഞ്ഞു പോയതായും, വാഹനം മറിഞ്ഞ് അംഗങ്ങൾക്ക് ആവർത്തിച്ച് പരിക്കുണ്ടായ സാഹചര്യത്തിൽ വാഹനം ഉപയോഗിക്കാനുള്ള ശ്രമം പൂർണ്ണമായും ഉപേക്ഷിച്ചതായും ഹരിതകർമ്മ സേനാംഗങ്ങൾ അറിയിച്ചു. ഇതിൽ നിന്നും മാലിന്യനീക്കത്തിനായി വാങ്ങിയ വാഹനം ഇതുവരെയും ഉപയോഗിക്കാനായില്ല എന്നു വ്യക്തമാകുന്നു.

07.01.2023-ലെ പ്രൊക്യൂർമെന്റ് കമ്മറ്റി മിനിട്ട്സിൽ ഹരിതകർമ്മ സേനക്ക് GEMൽ നിന്നും ഇലക്ട്രിക് വാഹനം വാങ്ങുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയതായി (3-ാം നമ്പർ തീരുമാനം) രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാഹനത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കിയതിന്റെ വിവരം മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ഗുണനിലവാരമില്ലാത്തതിനാൽ നിർദ്ദിഷ്ട ആവശ്യത്തിന് വാഹനം ഉപയോഗിക്കാനാകില്ല എന്ന് ബോധ്യമായ സാഹചര്യത്തിലും കമ്പനി (MAC AUTO INDIA) അധികൃതരുമായി ബന്ധപ്പെട്ട് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാത്തത് നഗരസഭയുടെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ വീഴ്ച ആണ്.

ഗുണനിലവാരം ഉള്ളതാണോ എന്നും മാലിന്യ നീക്കത്തിന് ഉപയോഗയോഗ്യമാണോ എന്നും പരിശോധിച്ചുറപ്പാക്കാതെ വാഹനം വാങ്ങിയത് ശരിയായ നടപടിയല്ല. വാഹനം നിർദ്ദിഷ്ട ആവശ്യത്തിന് ഉപയോഗപ്രദമല്ല എന്ന ബോദ്ധ്യപ്പെട്ടിട്ടും കമ്പനിയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കാതിരുന്നതും ഗുരുതര വീഴ്ചയാണ്. പദ്ധതിപ്പണം മുടക്കി ഇപ്രകാരം ഉപയോഗപ്രദമല്ലാത്ത ഒരു വാഹനം വാങ്ങിയ നടപടി ഓഡിറ്റിൽ അംഗീകരിക്കാൻ സാധിക്കുകയില്ല. പദ്ധതി ലക്ഷ്യം കൈവരിക്കാത്തതിനാലും പൊതു പണത്തിൽ നിന്നും 4,97,000/- രൂപ ചെലവഴിച്ച് വാങ്ങിയ വാഹനം നിഷ്ക്രിയാസ്തിയായി മാറിയ സാഹചര്യത്തിലും 4,97,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യത ആയി തിട്ടപ്പെടുത്തുന്നു.

**3-3 ശുചീകരണ ആവശ്യത്തിന് വാഹനം വാങ്ങൽ - ടെന്ററിൽ ക്വാട്ട് ചെയ്തതിലും അധികം തുക**

**ചെലവഴിച്ച**

നിർവ്വഹണ ഉദ്യോഗസ്ഥൻ -പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ
പ്രോജക്ടിന്റെ പേര് - ശുചീകരണ ആവശ്യത്തിന് വാഹനം വാങ്ങൽ

പ്രോജക്ട് നം. S0137/23

ഫണ്ട് - ധനകാര്യകമ്മീഷൻ അവാർഡ്

അടങ്കൽ - 9,00,120/-

ചെലവ് - 8,98,199/-

ബിൽ നം, തീയതി - 148/20.02.23 (23,825/-)
167/06.03.23 (8,74,374/-)

Gem Portal മുഖേന വാങ്ങിയ വാഹനത്തിന്റെ (TATA YODHA Crue Cab With Load Body BS6) നികുതി ഉൾപ്പെടെ ടെൻഡറിൽ രേഖപ്പെടുത്തിയ വില 8,40,745/- രൂപയാണ്. എന്നാൽ ഫൈനൽ ബില്ല് പ്രകാരം നല്കിയത് 8,74,374/- രൂപ [856887 + 17487(GST)] യാണ്. വാഹനത്തിന്റെ ഇൻഷ്വറൻസ് ഇനത്തിൽ 23,825/- രൂപ ആലപ്പുഴ ജില്ലാ ഇൻഷ്വറൻസ് ഓഫീസറുടെ പേരിൽ അടച്ചിട്ടുണ്ട്. ശുചീകരണ ആവശ്യത്തിന് ഉപയോഗിക്കുന്ന വാഹനമായതിനാൽ റോഡ് ടാക്സിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് 02.03.23-ൽ H1-7876/22 നമ്പരായി മാവേലിക്കര ജോയിന്റ് ആർ.റ്റി.ഒ ക്ക് കത്ത് നൽകിയിട്ടുണ്ട്. വാഹനത്തെ റോഡ് ടാക്സിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ടെൻഡറിൽ ക്വാട്ട് ചെയ്തതിലും ഉപരിയായി വാഹന വിലയിൽ വർദ്ധനവ് വന്നതിന്റെ കാരണവും വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/15.01.24) മറുപടി ലഭിച്ചിട്ടില്ല. അധികം ചെലവഴിച്ച തുകയുടെ കൃത്യത വ്യക്തമാക്കാത്ത സാഹചര്യത്തിൽ 33,629/- രൂപയുടെ (8,74,374 – 8,40,745) ചെലവ് നിരാകരിക്കുന്നു. 33,629/- രൂപ ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

**3-4 അതിദരിദ്രർക്ക് വേണ്ടിയുള്ള മൈക്രോ പ്ലാൻ - ഭക്ഷ്യകിറ്റ് വിതരണത്തിൽ അപാകത**

പ്രോജക്ട് നമ്പർ S0167/23

അടങ്കൽ - 5,00,063/- (391500 വികസനഫണ്ട് സാധാരണ വിഹിതം + 108563 ധനകാര്യകമ്മീഷൻ ഗ്രാന്റ്)

നിർവ്വഹണം - സെക്രട്ടറി

ചെലവ് -

| ക്രമ നമ്പർ | ബിൽ റഫറൻസ് നമ്പർ/ തീയതി | തുക | റിമാർക്സ് | |
|---|---|---|---|---|
| | | | കൈരളി ഹോട്ടൽ (പാകം ചെയ്ത ഭക്ഷണം വാങ്ങിയതിന്റെ തുക നൽകിയത് ) | ലാഭം മാർക്കറ്റ് (ഭക്ഷ്യ കിറ്റിന്റെ വില നൽകിയത് ) |
| 1. | 220704470015OO773505/15.11.22 | 51,900/ -രൂപ | 16,700 | 35,200 |
| 2. | 220704470015OO851899/02.12.22 | 39,000/ -രൂപ | 39,000 | |

| | | | | |
|---|---|---|---|---|
| 3. | 22070447001500969719/28.12.22 | 37,200/-രൂപ | | 37,200 |
| 4. | 22070447001501003212/06.1.23 | 35,500/-രൂപ | 35,200 | |
| 5. | 22070447001501317065/09.3.23 | 69,000/-രൂപ | 30,800 | 38,200 |
| 6. | 22070447001501515627/28.3.23 | 27,500/-രൂപ | 27,500 | |

അതിദരിദ്രർക്ക് വേണ്ടിയുള്ള മൈക്രോ പ്ലാൻ പ്രോജക്ടിലുൾപ്പെടുത്തി നിശ്ചിത എണ്ണം ഗുണഭോക്താക്കൾക്ക് ലാഭം മാർക്കറ്റിൽ നിന്ന് 1000/-, 1400/-, 1900/- രൂപ മൂല്യത്തിലുള്ള ഭക്ഷ്യ കിറ്റുകളും നിശ്ചിത എണ്ണം ഗുണഭോക്താക്കൾക്ക് 3 നേരത്തേയ്ക്കുള്ള പാകം ചെയ്ത ഭക്ഷണം കൈരളി ഹോട്ടലിൽ നിന്ന് (ഒരാൾക്ക് ഒരു ദിവസം 100/- രൂപയുടെ ഭക്ഷണം) വാങ്ങി വിതരണം ചെയ്യുകയാണുണ്ടായിട്ടുള്ളത്. ഭക്ഷ്യകിറ്റ് വിതരണ രജിസ്റ്റർ, പാകം ചെയ്ത ഭക്ഷണം വിതരണം ചെയ്തതിന്റെ വിതരണ പത്രിക എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഭക്ഷ്യകിറ്റ് വാങ്ങിയതിന്റെ വിലയായ 1,10,600/- രൂപ ക്രമ നമ്പർ 1, 3, 5 ആയുള്ള ബില്ലുകൾ പ്രകാരം ലാഭം മാർക്കറ്റിന് നൽകിയിട്ടുണ്ട്. എന്നാൽ ഭക്ഷ്യ കിറ്റുകൾ വാങ്ങിയതിനെ സാധൂകരിയ്ക്കുന്നതിനായി ടാക്സ് ഇൻവോയ്സുകൾ ഹാജരാക്കുന്നതിന് പകരം GOODS ISSUE SHEET ആണ് ഹാജരാക്കിയിട്ടുള്ളത്. കൂടാതെ ഭക്ഷ്യകിറ്റ് വിതരണ രജിസ്റ്ററിലെ 6 മുതൽ 17 വരെയുള്ള പേജുകളിലെ രേഖപ്പെടുത്തലുകൾ പരിശോധിച്ചതിൽ 1,10,600/- രൂപയ്ക്കുള്ള ഭക്ഷ്യകിറ്റുകൾ വാങ്ങിയെങ്കിലും ഗുണഭോക്താക്കൾ 55,300/- രൂപയ്ക്കുള്ള ഭക്ഷ്യകിറ്റുകൾ മാത്രമാണ് ഗുണഭോക്താക്കൾ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നമ്പർ | ബിൽ പ്രകാരം വാങ്ങിയ ഭക്ഷ്യകിറ്റിന്റെ വില | വിതരണം ചെയ്ത ഭക്ഷ്യകിറ്റിന്റെ വില | വ്യത്യാസം |
|---|---|---|---|
| 1 | 35,200 | 17600/-<br>(500x13 = 6500<br>700x12 = 8400<br>900x3 = 2700) | 17,600/- |
| 2. | 37,200 | 18600/-<br>(500x15 = 7500<br>700x12 = 8400<br>900x3 = 2700) | 18,600/- |
| 3. | 38,200 | 19100/-<br>(500x16 = 8000<br>700x12 = 8400<br>900x3 = 2700) | 19,100/- |

2. പാകം ചെയ്ത ഭക്ഷണത്തിന്റെ വിലയായി 1,49,200/- രൂപ ക്രമ നമ്പർ 1, 2, 4, 5, 6 ആയുള്ള ബില്ലുകൾ പ്രകാരം കൈരളി ഹോട്ടലിന് നൽകിയിട്ടുണ്ട്. ആയതിന്റെ വിതരണ പത്രികകൾ പരിശോധിച്ചതിൽ ഗുണഭോക്താക്കൾ ഭക്ഷണം കൈപ്പറ്റി ഒപ്പ് വച്ച് കാണുന്നില്ല. ഓരോ ഗുണഭോക്താക്കളുടെ പത്രികകളിലും

ഒരു നിശ്ചിത തീയതിയിൽ ഒരാൾ തന്നെ ഒപ്പിട്ടതായിട്ടാണ് കാണുന്നത്. ഗുണഭോക്താക്കളുടെ കൈപ്പറ്റ് വിവരം ഇല്ലാതെ വിതരണത്തിന്റെ ആധികാരികത എപ്രകാരം ഉറപ്പാക്കിയെന്ന് വ്യക്തമല്ല. ഭക്ഷണ വിതരണം നടത്തുമ്പോൾ വിതരണ വിവരം കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (25/16.1.24) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 1,10,600/- രൂപയുടെ ഭക്ഷ്യകിറ്റുകൾ വാങ്ങിയതിൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാത്ത ഭക്ഷ്യകിറ്റുകളുടെ വിലയായ 55,300/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക ഉത്തരവാദിയിൽ നിന്നും ഈടാക്കേണ്ടതാണ്. കൂടാതെ 1,10,600/- രൂപയുടെ ടാക്സ് ഇൻവോയ്സുകൾ ഹാജരാക്കേണ്ടതുമാണ്. ആയത് ഹാജരാക്കുന്നത് വരെ നിരാകരിച്ച തുക കഴിച്ചുള്ള 55,300/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങൽ - പ്രോജക്ട് നിർവ്വഹണത്തിൽ അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ | S0083/23 |
| പേര് | ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങൽ |
| അടങ്കൽ | 500000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | പേമെന്റ് അഡ്വൈസ് നമ്പർ - C012310385118/6.1.23 - 495812/- |
| ഫയൽ നമ്പർ | E1- 7621/22 |
| നിർവ്വഹണം | സെക്രട്ടറി |

ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങൽ എന്ന പ്രോജക്ടിലുൾപ്പെടുത്തി 1400 വീതം 18w എൽ.ഇ.ഡി. ബൾബ്, ഷെയ്ഡ്, ഹോൾഡർ, 40 റോൾ അലുമിനിയം വയർ, 60 ഇൻസുലേഷൻ ടേപ്പ് എന്നിവ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് (സിൽക്ക്) എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. പ്രോജക്ടും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഇലക്ട്രിക്കൽ ഉപകരണങ്ങൾ വാങ്ങിയതിന്റെ PED/22-23/R/147/13.12.22 നമ്പർ ഇൻവോയ്സ് പ്രകാരം 36,726.80/- രൂപ സെന്റേജ് ചാർജ്ജിനത്തിൽ ഡിമാന്റ് ചെയ്യുകയും ആയത് സിൽക്കിന് അനുവദിയ്ക്കുകയും ചെയ്തിട്ടുണ്ട് (ഈ ഉപകരണങ്ങൾ തെരുവ് വിളക്ക് മെയിന്റനൻസ് പ്രോജക്ടിലുൾപ്പെടുത്തിയാണ് സ്ഥാപിച്ചിട്ടുള്ളത്). ഇലക്ട്രിക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായുള്ള പ്രോജക്ടിന്റെ ഭാഗമായി സെന്റേജ് ചാർജ്ജ് അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വാങ്ങൽ പ്രോജക്ടിന് സെന്റേജ് ചാർജ്ജ് അനുവദിച്ചത് ക്രമവിരുദ്ധമായ നടപടിയാണ്. ആയതിനാൽ ഈയിനത്തിൽ നടത്തിയ 36,726.80/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

2. രേഖകൾ പരിശോധിച്ചതിൽ ഇലക്ട്രിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി സിൽക്ക്, സിഡ്കോ എന്നിവരിൽ നിന്ന് എസ്റ്റിമേറ്റ് കത്ത് മുഖേന ആവശ്യപ്പെടുകയും ആയതിൽ കുറഞ്ഞ നിരക്ക് ലഭ്യമാക്കിയ സിൽക്കിന്റെ എസ്റ്റിമേറ്റ് അംഗീകരിയ്ക്കുകയുമാണ് ചെയ്തിട്ടുള്ളത്. ജി.ഒ.(ആർ.ടി.) 06/21 എസ്.പി.ഡി. തീ. 19.2.21 പ്രകാരം സ്റ്റീൽ ഫർണിച്ചറുകൾ നൽകുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയാണ് സിൽക്ക്. തെരുവ് വിളക്ക് സ്ഥാപിയ്ക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി സിൽക്കിനെ നിശ്ചയിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭ്യമല്ല. ആയതിനാൽ ക്വട്ടേഷൻ നടപടികൾ കൂടാതെ സിൽക്കിനെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച നടപടി ക്രമപ്രകാരമല്ല.

3. 1400 വീതം 18W എൽ.ഇ.ഡി. ബൾബ്, ഷെയ്ഡ്, ഹോൾഡർ എന്നിവ സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 7,8,9 എന്നിവയിൽ ഉൾപ്പെടുത്തി വാർഡൊന്നിന് 50 എണ്ണം വീതം 28 വാർഡുകളിലേയ്ക്ക് നൽകി എന്ന് മാത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ഇവ വിതരണം ചെയ്ത തീയതി, കൈപ്പറ്റിയ ആളുടെ പേര്, ഒപ്പ് എന്നിവ ഉൾപ്പെടുത്തി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.6/12.1.24) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമനമ്പർ 1 പ്രകാരം നിരാകരിച്ച 36,726.80/- രൂപ തിരികെ ഈടാക്കേണ്ടതാണ്. ടി മറ്റു ന്യൂനതകളുടെ അടിസ്ഥാനത്തിൽ ബാക്കി 4,59,085.2/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**3-6 തെരുവ് വിളക്കുകളുടെ മെയിന്റനൻസ് - കരാറുകാരൻ പ്രവർത്തി നടത്തിയതിനെ സാധൂകരിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല**

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | S0102/23 തെരുവു വിളക്കുകളുടെ മെയിന്റനൻസ് (സ്പിൽ ഓവർ) |
| അടങ്കൽ | 5,10,000/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 1.ബിൽ റഫറൻസ് നമ്പർ - 22070447001500513871/ 5.9.22 – 32,000/-<br>2.ബിൽ റഫറൻസ് നമ്പർ - 22070447001501512806/ 28.3.22 - 3,87,200/- |
| ഫയൽ നമ്പർ | E1 -7020/21 |
| നിർവ്വഹണം | സെക്രട്ടറി |
| കരാറുകാരൻ | ഗണേശൻ പിള്ള, കൊന്നയിൽ വീട്, ശൂരനാട് |

ഈ പദ്ധതി നടത്തിപ്പിൽ ചുവടെ ചേർക്കുന്ന ന്യൂനതകൾ കാണുന്നു.

1. ഈ പദ്ധി പ്രകാരം ടി രണ്ട് ബില്ലുകളിലായി തെരുവു വിളക്കുകളുടെ മെയിന്റനൻസ് നടത്തിയതിന്റെ പേരിൽ കരാറുകാരന് ആകെ 4,19,200/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ ഇതിൽ ആദ്യ ബിൽ പ്രകാരമുള്ള തുക (രൂ.32000/-), 2021-22 വർഷം നഗരസഭ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ 108/2021-22 നമ്പർ പ്രോജക്ടിലുൾപ്പെടുത്തി വാങ്ങിയ 18 വാട്ട് എൽ.ഇ.ഡി. ബൾബുകൾ ഒന്നിന് 80/- രൂപാ നിരക്കിൽ 1,2,3,4,25,26,27,28 എന്നീ 8 വാർഡുകളിലായി ആകെ 400 എണ്ണം സ്ഥാപിച്ചതിനാണ് അനുവദിച്ചത് എന്ന് പ്രസ്തുത പ്രോജക്ടിന്റെ ഫയലിലെ 31.12.2021, 1.1.2021 എന്നീ തീയതികളിലെ ഓഫീസ് കുറിപ്പിൽ നിന്നും വ്യക്തമാകുന്നു. (പ്രോജക്ട് നം. 108/2021-22, ഇലക്ട്രിക് സാധനങ്ങൾ വാങ്ങൽ, ട്രഷറി ബിൽ റഫറൻസ് നം. 21070447001500931458/12-01-2022, ചെലവ് രൂ. 4,32,989/-)

എന്നാൽ നഗരസഭയുടെ 11.11.2022-ലെ 2-ാം നമ്പർ തീരുമാന പ്രകാരം 108/21-22 പ്രോജക്ടിൽ വാങ്ങിയ

സാധനങ്ങളുടെ സപ്ലൈയും ഇൻസ്റ്റലേഷനും ചേർത്ത് 4,39,000/- രൂപയ്ക്ക് ചെയ്ത് തരുന്നതിന് തയ്യാറാണെന്ന് രേഖാമൂലം അറിയിച്ചതിന്റെയും പ്രൊക്വയർമെന്റ് കമ്മറ്റിയുടെ ശുപാർശയും പരിഗണിച്ചാണ് ആ പ്രൊജക്ടിന്റെ കരാർ ശ്രീ.രഘു ദാമോദരൻ, രഘൂസ് ഇലക്ട്രിക്കൽസ്, മുതുകുളം എന്നയാൾക്ക് നല്കിയത്. ആയതു പ്രകാരം ടി 8 വാർഡുകളിലൊഴികെ മറ്റെല്ലാ വാർഡുകളിലും ബൾബ് ഒന്നിന് 14.14 രൂപാ നിരക്കിൽ ടിയാൻ ബൾബുകൾ ഇൻസ്റ്റാൾ ചെയ്തിരുന്നു (ടിയാൻ ഹാജരാക്കിയ 31.12.2021 ലെ G2070/21-22 നമ്പർ ഇൻവോയ്സ് പ്രകാരം 975 ബൾബുകൾ ഇൻസ്റ്റാൾ ചെയ്തതിന് ഒരെണ്ണത്തിന് 14.14 രൂപ നിരക്കിൽ 975 എണ്ണത്തിന് 13,789/- രൂപയാണ് അനുവദിച്ചിട്ടുള്ളത്). ആയതിനാൽ ടി 8 വാർഡുകളിൽ 400 ബൾബുകൾ ശ്രീ.ഗണേശൻ പിള്ളയെ കൊണ്ട് 80/- രൂപ നിരക്കിൽ ചെയ്യിക്കുക വഴി നഗരസഭാ ഫണ്ടിന് ചുവടെ ചേർക്കും പ്രകാരം അധിക ചെലവുണ്ടായിട്ടുണ്ട്.

| ശ്രീ.രഘു ദാമോദരൻ ഇൻസ്റ്റാൾ ചെയ്തിരുന്നെങ്കിൽ അനുവദിക്കേണ്ടിയിരുന്ന തുക (രൂ.) | ശ്രീ.ഗണേശൻ പിള്ള ഇൻസ്റ്റാൾ ചെയ്തത് വഴി ചെലവായ തുക (രൂ.) | അധികമായി ചെലവായ തുക (രൂ.) |
|---|---|---|
| 8 വാർഡുകളിൽ 14.14 നിരക്കിൽ 14.14 X 400 = 5656/- | 80 X400 = 32000/- | 26344/- |

ശ്രീ. ഗണേശൻ പിള്ള മുഖേന ബൾബുകൾ സ്ഥാപിച്ചത് വഴി നഗരസഭാ ഫണ്ടിന് ഉണ്ടായ അധിക ചെലവ് രൂ.26,344/- അംഗീകരിക്കുന്നില്ല.

2. 1310 പോസ്റ്റുകളിൽ എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിച്ചതിനും അറ്റകുറ്റപ്പണി നടത്തിയതിനുമായി 3,87,200/- രൂപ നൽകിയിട്ടുണ്ട്. വാർഡ് കൗൺസിലർമാർ ഹാജരാക്കിയ സാക്ഷ്യപത്രങ്ങളുടെ അടിസ്ഥാനത്തിലാണ് ഇത് നൽകിയിട്ടുള്ളത്. അറ്റകുറ്റപ്പണിയെ സാധൂകരിക്കുന്നതിനായി ഓരോ വാർഡിലേയും പോസ്റ്റ് നമ്പർ രേഖപ്പെടുത്തിയിട്ടുള്ള ഒരു പത്രികയാണ് കരാറുകാരൻ ഹാജരാക്കിയിട്ടുള്ളത്. ഈ പത്രികയിൽ രേഖപ്പെടുത്തിയ പ്രകാരം പോസ്റ്റുകൾ നഗരസഭയിൽ ഉണ്ടെന്നതിനെ സാധൂകരിക്കുന്ന യാതൊരു രേഖകളും നഗരസഭയുടെ കൈവശവും ഇല്ല. കൂടാതെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരാരും കരാറുകാരൻ ചെയ്ത പ്രവർത്തിയെ സംബന്ധിച്ച് സാക്ഷ്യപ്പെടുത്തലും നടത്തിയിട്ടില്ല.

3. ഓരോ വാർഡിലും പ്രവർത്തി നടന്നതിന്റെ വിശദാംശവും ആ ദിവസങ്ങളിൽ സ്ട്രീറ്റ് മെയിൻ ഓഫാക്കി നൽകുന്നതിന് മാവേലിക്കര, തട്ടാരമ്പലം ഇലക്ട്രിക്കൽ സെക്ഷനുകളിലേക്ക് കത്ത് നൽകിയതിന്റെയും അനുമതി ലഭിച്ചതിന്റെയും വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് അന്വേഷണം (നം. 42/18.1.2024) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റിൽ അംഗീകരിക്കാത്ത ചെലവ് (രൂ.26,344/-) ഉത്തരവാദിയിൽ നിന്നും ഈടാക്കേണ്ടതാണ്. ടി മറ്റ് ന്യൂനതകളുടെ അടിസ്ഥാനത്തിൽ ക്രമനമ്പർ 1 പ്രകാരം നിരാകരിച്ച 26,344/- രൂപ ഒഴികെ 3,92,856/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 കുട്ടികളുടെ പാർക്ക് നവീകരണം - വാല്യൂവേഷൻ സർട്ടിഫിക്കറ്റിൽ അധികരിച്ച് തുക ചെലവഴിച്ചു

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നം. | S0009/23 |
| അടങ്കൽ | 14,75,000 |
| എസ്റ്റിമേറ്റ് | 13,16,579 |

| | |
|---|---|
| കരാർ നം | 2/AE/29.06.20 |
| കരാറുകാരൻ | റ്റാഡ് കോഡ് ലിമിറ്റഡ്, തിരുവനന്തപുരം |
| എഗ്രീഡ് പി.എ.സി | 1250675.48 (5% കുറവ്) |
| ആകെ മൂല്യം | 1) 12,99,945 + Gst 12%<br>(LID&EW എഞ്ചിനീയറിംഗ് വിംഗിന്റെ വാല്യുവേഷൻ പ്രകാരം)<br>2) 8,80,000/-<br>(രവിവർമ്മ കോളേജ് നൽകിയ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം) |
| ചെലവ് | രൂ.14,55,938/-, ബിൽ നം.2/29.04.22, Plan |
| എം ബുക്ക് നം. | 76,77/20-21, 102/21-22 |

മാവേലിക്കര നഗരസഭയിലെ 4-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന കുട്ടികളുടെ പാർക്കിൽ ശിൽപ്പങ്ങൾ നിർമ്മിക്കുന്നതിനാണ് പദ്ധതി ആസൂത്രണം ചെയ്തത്. പദ്ധതി നടത്തിപ്പിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1)22.09.21-ൽ ഫൈനൽ മെഷർമെന്റ് എടുത്ത വർക്കിന്റെ ഫൈനൽ ബിൽ തയ്യാറാക്കിയിട്ടുള്ളത് 29.01.22 ലും തുക അനുവദിച്ചത് 29.04.22 ലുമാണ്. പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം തുക അനുവദിക്കുന്നതിൽ ഇത്രയും വൈകാനുണ്ടായ കാരണം വ്യക്തമല്ല.

2)പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷമാണ് റിവൈസ്ഡ് എസ്റ്റിമേറ്റിന് കൗൺസിൽ അംഗീകാരം (22.11.21) ലഭിച്ചിട്ടുള്ളത്. പാർക്കിന്റെ ടിക്കറ്റ് കൗണ്ടർ മരത്തിന്റെ ആകൃതിയിൽ തയ്യാറാക്കുന്നതിന് സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് ചെയ്യുന്നതിനായിരുന്നു എസ്റ്റിമേറ്റ്. സോളിഡ് ബ്ലോക്ക് ഉപയോഗിച്ചാൽ ആകൃതി ശരിയാകില്ല എന്നതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ തീരുമാനിച്ചു. പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റിന് കൗൺസിൽ അംഗീകാരം (22.11.21) നൽകിയതിന്റെ കാരണം വ്യക്തമല്ല.

3)നിർമ്മാണം നടത്തിയ ശിൽപ്പങ്ങളുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് 08.07.21-ൽ രവിവർമ്മ കോളേജ് പ്രിൻസിപ്പലിന് കത്ത് നൽകിയിരുന്നു (നം. E1-16858/2019). രവിവർമ്മ കോളേജ് നൽകിയ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം ആകെ മൂല്യം താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| മരത്തിന്റെ ആകൃതിയിലുള്ള ടിക്കറ്റ് കൗണ്ടർ | 60000 |
| അമ്മയും കുഞ്ഞും | 150000 |
| വെള്ളച്ചാട്ടം | 135000 |
| ദിനോസർ | 185000 |
| ഡ്രാഗൺ എൻട്രൻസ് | 350000 |
| ആകെ | 8,80,000/- |

സിമന്റ് കോൺക്രീറ്റിംഗ്, സ്റ്റീൽ റീഇൻഫോഴ്സ്മെന്റ്, സിമന്റ് പ്ലാസ്റ്ററിംഗ്, പെയിന്റിംഗ്, ആർട്ടിസ്റ്റിക് ലേബർ ചാർജ്ജ് ഉൾപ്പെടെയാണ് വാല്യുവേഷൻ നൽകിയിട്ടുള്ളത്. ഇത് കൂടാതെ എം ബുക്കിൽ

രേഖപ്പെടുത്തിയ മറ്റ് ഇനങ്ങൾ താഴെ പറയും പ്രകാരമാണ്.

ഇനം.6 - Supplying And Stacking At Site, Moorum, Mother And Child Base, 6.156@956.5/$M^3$ = 5888.21

ഇനം.10 - Providing And Laying Vitrified Floor Tiles In Ticket Counter Floor, 1.539@1664.66/$M^3$ = 2561.91

പ്രവൃത്തിയുടെ മൂല്യ നിർണ്ണയം നടത്തുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാപനമായ രവിവർമ്മ കോളേജ് നൽകിയ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള മൂല്യം 8,80,000/- രൂപയോടൊപ്പം മേൽ പറഞ്ഞ തുക കൂടി ഉൾപ്പെടുത്തിയാൽ ആകെ പ്രവൃത്തി മൂല്യം 8,88,450/- രൂപയാണ്. ഇതിന്റെ കൂടെ 12% GST ഉൾപ്പെടെ ആകെ അനുവദനീയമായത് 9,95,064/- രൂപയാണ്. എന്നാൽ ഇതിനു വിരുദ്ധമായി 14,55,938/- രൂപ ചെലവഴിച്ചിട്ടുണ്ട്. അധികമായി നടത്തിയ 1455938-995064 = 4,60,874/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

4) പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 6 മാസമായിരുന്നു. 29.06.20-ൽ കരാർ ചമച്ച പ്രവൃത്തി 29.12.20-ൽ പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ പ്രവൃത്തിയുടെ ആദ്യ അളവ് രേഖപ്പെടുത്തിയത് 02.03.21 ലും ഫൈനൽ അളവ് 22.09.21 ലും ആണ്. അതായത് കരാർ പ്രകാരമുള്ള പൂർത്തീകരണ കാലയളവും കഴിഞ്ഞാണ് പ്രവൃത്തി ആരംഭിച്ചത്. കാലയളവ് ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷിക്കുകയോ അതിന്റെ അടിസ്ഥാനത്തിൽ 2012-ലെ പി.ഡബ്ല്യൂ.ഡി മാനുവലിലെ സെക്ഷൻ 2112 .1 അനുശാസിക്കും പ്രകാരമുള്ള പിഴ ഈടാക്കി കാലയളവ് ദീർഘിപ്പിച്ചിട്ടുമില്ല. സപ്ലിമെന്ററി കരാർ ചമച്ചിട്ടുമില്ല. കാലയളവ് ഇപ്രകാരം ദീർഘിപ്പിട്ടില്ലാത്ത സാഹചര്യത്തിൽ പി.ഡബ്ല്യൂ.ഡി മാനുവൽ സെക്ഷൻ 2116.1 ലിക്വിഡേറ്റഡ് ഡാമേജ് (കോമ്പൻസേഷൻ) ഈടാക്കേണ്ടതാണെങ്കിലും ആയത് ഈടാക്കിയിട്ടില്ല. 29.12.20 മുതൽ 22.09.21 വരെയുള്ള കാലയളവിലേക്ക് (38 ആഴ്ച) പി.എ.സി യുടെ 3.8%, അതായത് 47,525/- രൂപ ഈയിനത്തിൽ ബില്ലിൽ നിന്നും കുറവു ചെയ്യേണ്ടിയിരുന്നു. എന്നാൽ അപ്രകാരം ചെയ്യാതിരുന്നതു മൂലം 47,525/- രൂപ കരാറുകാരന് അധികമായി നല്കാനിടയായി. ഈ അധിക ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

മേൽ പറഞ്ഞ അപാകതകളിൻ മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.29/17.01.24) മറുപടി ഹാജരാക്കിയില്ല. ടി പരാമർശം 3, 4 എന്നിവ പ്രകാരം ഓഡിറ്റിൽ അംഗീകരിക്കാത്ത തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

### 3-8 വനിതാ വിപണന കേന്ദ്രം നിർമ്മാണവും ടോയിലറ്റ് നിർമ്മാണവും - കെട്ടിടം പ്രവർത്തനക്ഷമമാക്കിയില്ല

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നം. | S0156/22 |
| അടങ്കൽ | 16,00,000 |
| എസ്റ്റിമേറ്റ് | 16,00,000 |
| കരാർ നം | 52/21-22/AE/LSGD/MVKA/30.03.22 |
| കരാറുകാരൻ | സുരേഷ് ബാബു ഡി. |
| എഗ്രീഡ്. പി.എ.സി | 1313416.21 |
| ആകെ മൂല്യം | 1124939+gst(18%) = 13,27,428/- |
| ചെലവ് | 13,27,428/- ബിൽ നം.280/30.03.23 |
| എം ബുക്ക് നം. | 157/21-22, 161/21-22 |

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കരാർ ഉടമ്പടി അപൂർണ്ണം

യാതൊരു രേഖപ്പെടുത്തലുകളുമില്ലാത്ത, 30.03.22-ലെ മുദ്രപത്രം മാത്രമാണ് ഫയലിലുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയർ, കരാറുകാരൻ എന്നിവർ മുദ്രപത്രത്തിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

2) എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ പ്രവൃത്തിയും ചെയ്തിട്ടില്ല

എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷന് 74,000/- രൂപ ഉൾപ്പെടുത്തിയിരുന്നെങ്കിലും ഇലക്ട്രിഫിക്കേഷൻ നടത്തി കെട്ടിടം പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

3) യഥാസമയം പ്രവൃത്തി പൂർത്തീകരിച്ചില്ല - നിയമാനുസൃതം ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയില്ല

കരാർ പ്രകാരം ഈ പ്രവൃത്തിയുടെ കാലയളവ് 6 മാസമായിരുന്നു. 30.03.22-ൽ കരാർ ചമച്ച പ്രവൃത്തി 30.09.22-ൽ പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ പൂർത്തീകരിച്ചത് 28.03.23-ൽ മാത്രമാണ്. കാലയളവ് ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷിക്കുകയോ അതിന്റെ അടിസ്ഥാനത്തിൽ 2012-ലെ PWD മാനുവൽ സെക്ഷൻ 2112 .1 അനുശാസിക്കും പ്രകാരമുള്ള പിഴ ഈടാക്കി കാലയളവ് ദീർഘിപ്പിച്ചിട്ടുമില്ല. സപ്ലിമെന്ററി കരാറും ചമച്ചിട്ടില്ല. കാലയളവ് ഇപ്രകാരം ദീർഘിപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ സെക്ഷൻ 2116.1 പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജ് (കോമ്പൻസേഷൻ) ഈടാക്കേണ്ടതാണെങ്കിലും ആയത് ഈടാക്കിയിട്ടില്ല. 30.09.22 മുതൽ 28.03.23 വരെയുള്ള കാലയളവിലേക്ക് (25 ആഴ്ച) പി.എ.സി യുടെ 2.5% ആയ 32,835/- ഈയിനത്തിൽ കുറവ് ചെയ്യേണ്ടതിനു പകരം ഫൈനൽ ബില്ലിൽ നിന്നും പിഴയിനത്തിൽ 21,015/- രൂപയാണ് കുറവ് ചെയ്തത്. തന്മൂലം 32835-21015 = 11,820/- രൂപ കരാറുകാരന് അധികം നല്കാനിടയായി. ഈ അധിക ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

4) ഡിസ്മാന്റിൽ ചെയ്തവയുടെ പുനരുപയോഗം വിശദീകരിച്ചിട്ടില്ല

ഇനം.1 ആയി ഡോർ, വിൻഡോ, വെന്റിലേറ്റർ, റോളിംഗ് ഷട്ടർ എന്നിവ ഡിസ്മാന്റിൽ ചെയ്ത് സ്ലോട്ടർ ഹൗസിൽ സ്റ്റാക്ക് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ സർവ്വെ റിപ്പോർട്ട് തയ്യാറാക്കി ലേല നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് കാണുന്നു.

ടി അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.12/15.01.24) നൽകിയെങ്കിലും മറുപടി ഹാജരാക്കിയില്ല. പ്രാദേശിക പരിശോധന നടത്തിയതിൽ അറവുശാലക്കായി നിർമ്മിച്ച കെട്ടിടത്തിന്റെ ഒരു ഭാഗമാണ് ഇപ്രകാരം മാറ്റം വരുത്തിയിട്ടുള്ളതെന്ന് കണ്ടു. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ ടി കെട്ടിടം നിലവിലും പ്രവർത്തനക്ഷമമാക്കിയിട്ടില്ല. മേൽ പറഞ്ഞ അപാകതകൾ പരിഹരിച്ച് കെട്ടിടം പ്രവർത്തനക്ഷമമാക്കേണ്ടതും ടി പരാമർശം 3 പ്രകാരം കരാറുകാരന് അധികമായി നല്കിയ 11,820/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ | പ്രവൃത്തിയുടെ | വൗച്ചർ നമ്പർ/ | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| ഏജൻസി | പേര് | ചെക്ക് നം. | നൽകിയ തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | പൊതു ശൗചാലയത്തിന് വാട്ടർ കണക്ഷൻ | ചെക്ക് നം. 165553/ 11.04.22 | 23,000/- | - | 23,000/- |
| വാട്ടർ അതോറിറ്റി | എം ആർ എഫ്, കണ്ടിയൂർ | ചെക്ക് നം. 173105/ 12.10.22 | 45,000/ | - | 45,000/ |
| വാട്ടർ അതോറിറ്റി | പ്രോജക്ട് നമ്പർ - S0164/23 15,16,20,23 വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | പേമെന്റ് അഡ്വൈസ് നമ്പർ - C032395293956/ 31.3.23 | 3,00,000/- | | 300000/- |
| കെ.എസ്.ഇ.ബി. | പ്രോജക്ട് നമ്പർ - S0079/23 വിവിധ വാർഡുകളിൽ ലൈൻ എക്സ്റ്റൻഷൻ പ്രവർത്തികൾ | പേമെന്റ് അഡ്വൈസ് നമ്പർ - C032395315895/ 31.3.23 | 2,82,000/- | | 2,82,000/- |
| | | പേമെന്റ് അഡ്വൈസ് നമ്പർ - C032395338223/ 31.3.23 | 2,82,000/- | | 2,82,000/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ /വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ വരവില്ല. മുൻബാക്കി 71,60,000/- രൂപയിൽ 6,66,668/- രൂപ തിരികെ ഒടുക്കിയിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| പി.എം.എ.വൈ | - | - | 71,60,000 | 6,66,668 | - | 64,93,332 |

### 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 32,00,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 32,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 32,00,000 (ക്ലീൻ കേരള മിഷന്റെ ഇക്വിറ്റി ഷെയറുകൾ - Certificate No. 56/26.12.2016) |

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-7 സമാഹൃത റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-16 | 2015-16 | 4-12-1 | കാർഷിക പദ്ധതി | പരാമർശം നിലനിൽക്കുന്നു. |

### 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

ഇല്ല

(ബി) സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

ഇല്ല.

### 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 15,97,69,259 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 15,26,13,067 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 10,862 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 12,69,218 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4,60,57,618 |

(ബി) നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |

| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | |
|---|---|---|---|
| 2-1/1-13 | 10,862 | | മേഘ മേരി കോശി, സെക്രട്ടറി |
| 3-1/1-21 | | 1,00,000 | ശ്രീ.സുരേഷ് ജി.എസ്., പ്രോജക്റ്റ് ഓഫീസർ |
| 3-2/1-22 | | 4,97,000 | ശ്രീ.സുരേഷ് ജി.എസ്., പ്രോജക്റ്റ് ഓഫീസർ |
| 3-3/1-23 | | 33,629 | ശ്രീ.സുരേഷ് ജി.എസ്., പ്രോജക്റ്റ് ഓഫീസർ |
| 3-4/1-28 | | 55,300 | ശ്രീമതി മേഘ മേരി കോശി, സെക്രട്ടറി |
| 3-5/1-31 | | 36,726 | ശ്രീമതി മേഘ മേരി കോശി, സെക്രട്ടറി |
| 3-6/1-33 | | 26,344 | ശ്രീമതി മേഘ മേരി കോശി, സെക്രട്ടറി |
| 3-7/1-40(3) | | 4,60,874 | ശ്രീമതി നിഷ സുകുമാരൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7/1-40(4) | | 47,525 | |
| 3-8/1-41 | | 11,820 | ശ്രീമതി സിന്ധു ഒ., അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 10,862 | 12,69,218 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 6,099 | ശ്രീമതി മേഘ മേരി കോശി, സെക്രട്ടറി |
| 1-28 | 55,300 | ശ്രീമതി മേഘ മേരി കോശി, സെക്രട്ടറി |
| 1-29 | 74,247 | ശ്രീമതിമേഘ മേരി കോശി, സെക്രട്ടറി |
| 1-31 | 4,59,085 | ശ്രീമതി മേഘ മേരി കോശി, സെക്രട്ടറി |
| 1-32 | 4,50,071 | ശ്രീമതി മേഘ മേരി കോശി, സെക്രട്ടറി |
| 1-33 | 3,92,856 | ശ്രീമതി മേഘ മേരി കോശി, സെക്രട്ടറി |
| 1-35 | 50,000 | ശ്രീമതി മോനി ഫിലിപ്പ്, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-36 | 2,80,000 | ശ്രീമതി മേഘ മേരി കോശി, സെക്രട്ടറി |
| 1-43 | 68,000 | ശ്രീമതി മേഘ മേരി കോശി, |

| | | |
|---|---|---|
| | | സെക്രട്ടറി |
| 1-43-1 | 5,64,000 | ശ്രീമതി മേഘ മേരി കോശി, സെക്രട്ടറി |
| 1-43-2 | 3,00,000 | ശ്രീമതി മേഘ മേരി കോശി, സെക്രട്ടറി |
| 1-44 | 9,70,000 | ശ്രീമതി മേഘ മേരി കോശി, സെക്രട്ടറി |
| 1-45 | 1,40,400 | ശ്രീമതി മേഘ മേരി കോശി, സെക്രട്ടറി |
| 1-47 | 6,88,500 | ശ്രീ.പ്രമോദ് എ.എസ്., പ്രോജക്റ്റ് ഓഫീസർ |
| | 4,79,725 | ശ്രീ.സുരേഷ് ജി.എസ്., പ്രോജക്റ്റ് ഓഫീസർ |
| 1-47-1 | 3,65,64,900 | ശ്രീമതി മേഴ്സി കെ.വൈ., ഹെൽത്ത് ഓഫീസർ |
| 1-47-2 | 18,75,875 | ശ്രീമതി നിഷ സുകുമാരൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| | 26,38,560 | ശ്രീമതി സിന്ധു ഒ., അസിസ്റ്റന്റ് എഞ്ചിനീയർ |
| | 4,60,57,618 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഖ. 1-30

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി മേഘ മേരി കോശി, സെക്രട്ടറി | സെക്രട്ടറി, മാവേലിക്കര നഗരസഭ | TC 2/3394-3, വലിയ വീട്ടിൽ, KRA-68, കേദാരം നഗർ, ചാലക്കുഴി പി.ഒ., തിരുവനന്തപുരം-695004 |
| ശ്രീമതി നിഷ സുകുമാരൻ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചിങ്ങോലി ഗ്രാമപഞ്ചായത്ത് | ശ്രീനിധി, TR A13, M.V ലെയിൻ, വട്ടിയൂർക്കാവ്, തിട്ടമംഗലം |

| | | |
|---|---|---|
| ശ്രീമതി സിന്ധു ഒ., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, മാവേലിക്കര നഗരസഭ | സിന്ധൂരം, മുതുകുളം നോർത്ത്, ചേപ്പാട് പി.ഒ., ആലപ്പുഴ |
| ശ്രീ.സുരേഷ് ജി.എസ്., പ്രോജക്റ്റ് ഓഫീസർ | പ്രോജക്റ്റ് ഓഫീസർ, മാവേലിക്കര നഗരസഭ | സുരേഷ് ഭവനം, ഇളംകുളം, കല്ലുവാതുക്കൽ പി.ഒ., കൊല്ലം |
| ശ്രീ.പ്രമോദ് എ.എസ്., പ്രോജക്റ്റ് ഓഫീസർ | ഹെൽത്ത് സൂപ്പർവൈസർ കൊല്ലം കോർപ്പറേഷൻ | വിജയ നിവാസ്, മുളവന, കുണ്ടറ പി.ഒ., കൊല്ലം |
| ശ്രീമതി മേഴ്സി കെ.വൈ., ഹെൽത്ത് ഓഫീസർ | വിരമിച്ചു | കോട്ടക്കാട്ട് പളനിക്കുന്നതിൽ, വാഴമുട്ടം പി.ഒ., ഓമല്ലൂർ, പത്തനംതിട്ട |
| ശ്രീമതി മോനി ഫിലിപ്പ്, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | മാവേലിക്കര ബ്ലോക്ക് ഓഫീസ് | തൊട്ടുവേൽ, മരുത്തോർകുളങ്ങര സൗത്ത്, ആല്ലുംകടവ് പി.ഒ., കായംകുളം |
| ഡോ.ജിതേഷ്, മെഡിക്കൽ ഓഫീസർ | ജില്ലാ ആശുപത്രി, മാവേലിക്കര | ശ്രീനിലയം, TC 25/1828(3) മെൽടാ E1 മാൾ തമ്പാനൂർ, TVM-1 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.എ.4-936/00/17.03.2001 |
| 1998-99 | എൽ.എഫ്.എ.4-937/00/17.03.2001 |
| 1999-2000 | എൽ.എഫ്.എ.4-218/02/18.08.2002 |
| 96-97 (ഫൈനൽ) | എൽ.എഫ്.എ.4-1031/03/15.12.2003 |
| 97-98(ഫൈനൽ) | എൽ.എഫ്.എ.4-1163/02/14.01.2003 |
| 98-99(ഫൈനൽ) | എൽ.എഫ്.എ.4-532/05/07.10.2005 |
| 2000-01 | എൽ.എഫ്.എ.4-673/05/09.11.2005 |
| 2001-02 ചെലവ് | എൽ.എഫ്.എ.4-938/05/05.05.2006 |
| 99-2000(ഫൈനൽ) | എൽ.എഫ്.എ.4-939/05/05.05.2006 |
| 2000-01(ഫൈനൽ) | എൽ.എഫ്.എ.4-821/07/12.08.2007 |
| 2001-02(ഫൈനൽ) | എൽ.എഫ്.എ.4-822/07/31.10.2007 |
| 2002-03 (വരവ് - | എൽ.എഫ്.എ.4-823/07/31.10.2007/ |

| | |
|---|---|
| ചെലവ്) | 06.07.2008 |
| 2003-04 | എൽ.എഫ്.എ.4-813/08/28.01.2009/ 22.04.2009 |
| 2004-05 | എൽ.എഫ്.എ.4-814/08/21.08.2009/ 22.04.2009 |
| 2005-06 | എൽ.എഫ്.എ.4-834/08/21.08.2009/ 22.04.2009 |
| 2006-07 | എൽ.എഫ്.എ.4-837/08/21.08.2009/ 11.08.2009 |
| 2007-08 | എൽ.എഫ്.എ.4-838/08/10.06.2009/ 01.10.2009 |
| 2008-09 | എൽ.എഫ്.എ.എം.1-500/12/ 06.12.2012 |
| 2009-10 (ചെലവ്) | എൽ.എഫ്.എ.എം.1-561/12/06.12.2012/ 14.12.2012 |
| 2009-10 (വരവ്), 2010-11, 2011-12 & 2012-13 | എൽ.എഫ്.എ.എം.1-1991/2014/ 27.02.2015/ 01.05.2015 |
| 2013-14 | എൽ.എഫ്.എ.എം-1-1094/15/ 4.8.2015/ 31.08.2015 |
| 2014-15 | കെ.എസ്.എ-എ.എൽ.പി./എം.1/ 559/2016/ 6.06.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി./ജി.എ5/160/17 തീയതി, 15.02.17/15.03.17 |
| 2016-17 | കെ.എസ്.എ-എ.എൽ.പി./ജി.എ5/ 1128/17 തീയതി 20.9.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി./ജി.എ5/138/19 തീയതി 08.04.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി./ജി.എ8/ 405/2020/ 03.06.20 |
| 2019-20 | കെ.എസ്.എ-എ.എൽ.പി./ജി.എ8/ 142/2022/ 21.04.22 |
| 2020-21 | കെ.എസ്.എ-എ.എൽ.പി./ജി.എ8/ 143/2022/ 15.07.22 |
| 2021-22 | കെ.എസ്.എ-എ.എൽ.പി./ജി.എ8/ 343/2023/ 17.04.23 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 07-07-2023 and submitted on 13-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Mavelikkara Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/ guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Mavelikkara Municipality for the year 2022-2023

**Date: 18/03/2024**

**Senior Deputy Director**
**District Office Alappuzha**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Mavelikkara Municipality for the Year 2022-2023 .

**1.Major Observations**

Nil

**2.Other Observations**

1. The DCB items details are not prepared and maintained.
2. ACR of various funds is not prepared and maintained
3. The valuation of assets have not done
4. Other receivables-Documents not available
5. Loan register  not maintained
6.Festival Advance is not settled with in the stipulated period.

7.Library Cess Account-Reconciliation not maintained

8.Own Fund Account-Remains to settle overdue cheques.

9. Rent deposit documents are not available

10. Ayyankali Urban Employment Scheme - Samkhya - Cash Book Figures Mismatch

11. Inaccuracy in CFC calculation

12.Amounts paid as part bill were not transferred to the head Capital Work in Progress

13.SBT SAND ACCOUNT-Year end balance not reconciled

14.Demand entries not recorded in time.

15.Details of deposit and advance amounts not furnished

16.The valuation of assets has not done

17. Old age pension - Amounts in Schedules I-6 and I-14 do not match.

18. Social Security Pension- Sevana- Samkya figures does not match.

19. The annual financial statement does not include the account details of zero waste project.

Senior Deputy Director
Kerala State Audit Department
District Audit Office, Alappuzha

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ മാവേലിക്കര മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്